SINCE 1976

# ഐക്യദീപം

വില ₹10

2021 മെയ്



## കുടുംബവർഷ സ്പെഷ്യൽ പതിപ്പ്

www.malankaralibrary.com




www.malankaralibrary.com



2021 മെയ്
പുസ്തകം 52 ലക്കം 15

രക്ഷാധികാരി
**മോസ്റ്റ് റവ. ഡോ. തോമസ് മാർ കൂറിലോസ് മെത്രാപ്പോലീത്താ**

ചീഫ് എഡിറ്റർ
**ഫാ. ഡോ. ഐസക് പറപ്പള്ളിൽ**

അസോ. എഡിറ്റർ
**ഫാ. മാത്യു ചിറയിൽ**

പ്രസാധകൻ
**റൈറ്റ് റവ. തോമസ് കൊടിനാട്ടുകുന്നേൽ കോർ എപ്പിസ്കോപ്പാ**

സർക്കുലേഷൻ മാനേജർ & കോ-ഓർഡിനേറ്റർ
**ഫാ. കോശി മണ്ണിൽ**

ഓഫീസ് സെക്രട്ടറി
**ചിന്നു എൽസ ഐസക്**

**പത്രാധിപസമിതി**

**ഫാ. ഡോ. തോമസുകുട്ടി പതിനെട്ടിൽ**
**ഫാ. ഡോ. തോമസ് പാറയ്ക്കൽ**
**റവ. സി. അലീന എസ്.ഐ.സി.**
**റവ. സി. റാണി മരിയ ഒ.എസ്.എസ്.**
**ലൈജു കോശി മാത്യു**
**ജയിസ് കോഴിമണ്ണിൽ**
**വർഗീസ് ഐസക് തെക്കേടത്ത്**

Annual Subscription ₹ 120.00
Single Copy ₹ 10.00
Overseas : $40.00 or ₹ 2750

Bank Details :
Chief Editor, Aikyadeepam
Union Bank, Tiruvalla 689 101
A/c No. 110110100023901
IFSC. UBIN0811017
SWIFT CODE : ANDBINBB

Printed at :
Mangalam Webmedia, Kottayam
Designed by :
St. Joseph Press
Kacherippady, Tiruvalla
sjtvla10@gmail.com

# ഐക്യദീപം

## ഉള്ളടക്കം

**എഡിറ്റോറിയൽ** – കുടുംബവർഷാചരണവും കുടുംബത്തെക്കുറിച്ചുള്ള സഭയുടെ പ്രബോധനങ്ങളും ..... 04

**ഇടയശബ്ദം – അതിരൂപതാ സാമൂഹിക കാര്യാലയത്തിന്റെ അഞ്ച് പതിറ്റാണ്ടുകൾ** ..... 07
മോസ്റ്റ് റവ. ഡോ. തോമസ് മാർ കൂറിലോസ് മെത്രാപ്പോലീത്താ

**മാർ ഈവാനിയൻ കുടുംബ ദാർശനികതയിലെ ആത്മീയത** ..... 09
യൂഹാനോൻ മാർ തെയഡോഷ്യസ് മെത്രാപ്പോലീത്താ

**കുടുംബം – സ്നേഹത്തിന്റെ പറുദീസ** ..... 12
ഫാ. തോമസ് തൈക്കാട്ട്

**കുടുംബമേ നീ എന്താണോ അതായിത്തീരുക** ..... 16
മദർ ലില്ലി ജോസ് എസ്.ഐ.സി

**നമ്മുടെ കുടുംബങ്ങളെ സ്വർഗ്ഗമാക്കാം** ..... 19
സുജമോൾ ജോസ് ഇല്ലത്തുപറമ്പിൽ

**കുടുംബങ്ങൾക്കുവേണ്ടി ഒരു വർഷം** ..... 21
ഷാജി തേലപ്പുറത്ത്

**നമ്മുടെ കുടുംബം** ..... 23
ഡോ. അനിത ജോജി വാളക്കുഴി

**കൃപ നിറയുന്ന കുടുംബങ്ങൾ – 1** ..... 24
ഫാ. സന്തോഷ് അഴകത്ത്

**കൃപ നിറയുന്ന കുടുംബങ്ങൾ – 2** ..... 26
ഫാ. കോശി മണ്ണിൽ

**കൃപ നിറയുന്ന കുടുംബങ്ങൾ – 3** ..... 28
ഫാ. ഡോ. തോമസുകുട്ടി പതിനെട്ടിൽ

**കൃപ നിറയുന്ന കുടുംബങ്ങൾ – 4** ..... 30
ഫാ. മാത്യു കാമുണ്ടകത്തിൽ

**ഉത്തമ ക്രിസ്തീയ കുടുംബം** ..... 32
സ്റ്റീനാ മരിയ ജയൻ

**സ്വർഗ്ഗാരോഹണവും പെന്തിക്കോസ്തിയും** ..... 33
ഫാ. ഡോ. ബേബി വർഗീസ്

**ഇവൾ ഭൂമിയിലെ മാലാഖ** ..... 36
തയ്യാറാക്കിയത് : ബേബിച്ചൻ തെക്കേടത്ത്

**മതസ്വാതന്ത്ര്യത്തിനു നേരേയുള്ള അതിക്രമം** ..... 41
മോൺ. ചെറിയാൻ താഴമൺ

**സുറിയാനി ഭാഷ – പഠന പരമ്പര (നാലാം ഭാഗം)** ..... 45
ഫാ. ഡോ. രാജു പറക്കോട്ട്

All correspondence regarding Agency and Subscription : Chief Editor, Aikyadeepam Monthly
St. John's Metropolitan Cathedral, Tiruvalla - 1. Phone : 0469 2600626. E-mail : aikyadeepamtvla@gmail.com

www.malankaralibrary.com

## എഡിറ്റോറിയൽ



# കുടുംബവർഷാചരണവും കുടുംബത്തെക്കുറിച്ചുള്ള സഭയുടെ പ്രബോധനങ്ങളും

കുടുംബങ്ങൾക്കുവേണ്ടി പുറപ്പെടുവിച്ച അപ്പസ്തോലിക പ്രബോധനം Amoris Laetitia (സ്നേഹത്തിന്റെ സന്തോഷം) യുടെ അഞ്ചാം വാർഷികം പ്രമാണിച്ച്, വി. യൗസേപ്പിന്റെ തിരുനാൾദിനമായ 2021 മാർച്ച് 19 മുതൽ 2022 ജൂൺ 26 വരെ, ഫ്രാൻസിസ് മാർപാപ്പായുടെ ആഹ്വാനപ്രകാരം ആഗോള കത്തോലിക്കാസഭ കുടുംബവർഷമായി ആചരിക്കുന്നു. കുടുംബങ്ങൾ ആത്മീയമായും, വിശ്വാസപരമായും ശക്തി പ്രാപിച്ച് സ്നേഹത്തിന്റെയും സുവിശേഷത്തിന്റെയും സാക്ഷ്യമായി മാറണമെന്ന് ഫ്രാൻസിസ് മാർപാപ്പാ ഓർമ്മിപ്പിക്കുന്നു. രണ്ടാം വത്തിക്കാൻ കൗൺസിലും കുടുംബത്തെ വിശേഷിപ്പിക്കുന്നത് 'ഗാർഹിക സഭ' (domestic church) എന്നാണ് (Lumen Gentium No. 11). സഭയുടെ ചെറു പതിപ്പാണ് കുടുംബമെന്നും, കുടുംബാംഗങ്ങൾ പരസ്പര സ്നേഹത്തിലും, സൗഹാർദ്ദത്തിലും, കരുതലിലും, ഒരു മനസ്സോടെയും, ഒരു ഹൃദയത്തോടെയും ജീവിക്കണമെന്നും, ദൈവത്തോടും, ദൈവത്തിന്റെ സഭയോടും ചേർന്നു വളരണമെന്നുമാണ് സഭ ആഗ്രഹിക്കുന്നത്. ആത്മീയ ജീവിതവും വിശ്വാസപരിശീലനവും മൂല്യബോധത്തിലധിഷ്ഠിതമായ ശിക്ഷണവും നൽകേണ്ടുന്ന വേദിയാണ് കുടുംബം. Patris corde (പിതൃഹൃദയത്തോടെ) എന്ന അപ്പസ്തോലിക ലേഖനത്തിലൂടെ വി.യൗസേപ്പു പിതാവിന്റെ വർഷമായി പ്രഖ്യാപിച്ച അതേ വർഷംതന്നെയാണ് പാപ്പാ കുടുംബവർഷമായും പ്രഖ്യാപിച്ചിരിക്കുന്നത്. ആധുനിക ലോകത്തിൽ ഏറ്റവും കൂടുതൽ വെല്ലുവിളികളും പ്രതിസന്ധികളും നേരിടുന്നത് കുടുംബമാണ്. അതിനാൽ കുടുംബവർഷത്തിൽ, കുടുംബത്തെക്കുറിച്ചുള്ള ദൈവികപദ്ധതി കൂടുതൽ മനസ്സിലാക്കുന്നതിനും, കുടുംബകേന്ദ്രീകൃതമായ അജപാലനത്തിലൂടെ സഭയെ കൂടുതൽ ശക്തിപ്പെടുത്തുന്നതിനും, കുടുംബങ്ങളുടെ വിശുദ്ധീകരണവും ആത്മീയമായ വളർച്ചയും ലക്ഷ്യമാക്കിയുമാണ് ഈ വർഷം ആചരിക്കുന്നത്. Amoris Laetitia എന്ന അപ്പസ്തോലിക പ്രബോധനത്തിന്റെ രണ്ടാം അദ്ധ്യായത്തിൽ ആധുനിക കുടുംബങ്ങൾ നേരിടുന്ന വെല്ലുവിളികളെക്കുറിച്ചും, മൂന്നാം അദ്ധ്യായത്തിൽ കുടുംബത്തെക്കുറിച്ചുള്ള ദൈവികപദ്ധതിയെക്കുറിച്ചും, കുടുംബജീവിതത്തിലേക്കുള്ള വിളിയെക്കുറിച്ചും ഫ്രാൻസിസ് മാർപാപ്പാ വ്യക്തമാക്കുന്നുണ്ട്. വിവാഹത്തിന്റെ ഏകത്വവും അഭേദ്യതയും കുടുംബജീവിതത്തിൽ കാത്തുസൂക്ഷിക്കണമെന്നും, മക്കൾക്ക് ജന്മം നല്കുക, അവരെ വിശ്വാസത്തിൽ വളർത്തുക, ത്യാഗത്തിന്റെയും സഹനത്തിന്റെയും അർത്ഥം പകർന്നു നല്കുക, മുതിർന്നവരോടും രോഗികളോടും ഔദാര്യവും കരുതലും കാണിക്കുക എന്നീ ഉത്തരവാദിത്വങ്ങൾ കുടുംബജീവിതത്തോട് ചേർത്ത് വച്ച് മനസ്സിലാക്കണമെന്നും സഭ പഠിപ്പിക്കുന്നു.

'കൃപ നിറയുന്ന കുടുംബങ്ങൾ' എന്നതായിരുന്നല്ലോ മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ ദ്വിതീയ അസം



www.malankaralibrary.com

ബ്ലിയുടെ മുഖ്യ പ്രമേയം. നമ്മുടെ ഭവനങ്ങൾ കൃപ നിറഞ്ഞ കുടുംബങ്ങളാകണം എന്നതാണ് സഭയുടെ ആഗ്രഹം. ദൈവാനുഭവത്തിന്റെയും ദൈവാനുഗ്രഹത്തിന്റെയും ഇടങ്ങളായി കുടുംബങ്ങൾ രൂപാന്തരപ്പെടണം. ദൈവാനുഗ്രഹമുള്ള കുടുംബം പരസ്പര സ്നേഹത്തിലും, ബഹുമാനത്തിലും, വിശ്വാസത്തിലും, കരുതലിലും ഒന്നിച്ചു മുന്നേറും. ദൈവാനുഭവമുള്ള കുടുംബത്തിൽ ഒരു ആത്മീയ അന്തരീക്ഷമുണ്ടാകും, സമാധാനവും സന്തോഷവും സംതൃപ്തിയും നിലനില്ക്കും. ക്രിസ്തീയമൂല്യങ്ങളായ ക്ഷമ, സ്നേഹം, വിശ്വസ്തത, വിശുദ്ധി, വിശ്വാസം, സത്യം, നീതി, കരുതൽ... ഇവ അഭ്യസിക്കുവാനും പരിപോഷിപ്പിക്കപ്പെടുവാനുമുള്ള ഇടമാണ് കുടുംബം. ഫ്രാൻസിസ് മാർപാപ്പയുടെ Gaudete et exsultate (ആനന്ദിച്ച് ആഹ്ലാദിക്കുവിൻ) എന്ന അപ്പസ്തോലിക പ്രബോധനത്തിൽ അനുദിന ജീവിതത്തിലുണ്ടാകേണ്ട വിശുദ്ധിയെക്കുറിച്ചും, രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ പ്രമാണരേഖയായ Lumen Gentium 5, 6 അദ്ധ്യായങ്ങളിൽ എല്ലാവരും വിശുദ്ധിയിലേക്കു വിളിക്കപ്പെട്ടിരിക്കുന്നുവെന്നും, അതിനാൽ കുടുംബമാകുന്ന ഗാർഹികസഭയിൽ വിശുദ്ധി അഭ്യസിക്കേണ്ടതാണെന്നും പഠിപ്പിക്കുന്നു. സന്തോഷത്തോടെ ജീവിച്ച് വിശുദ്ധിയിൽ വളരണമെന്നും, വിശുദ്ധിയിൽ വളരുക എന്നാൽ സ്നേഹത്തിൽ ജീവിക്കുക എന്നാണെന്നും, വിശുദ്ധി പൂർണ്ണമായി പ്രാപിക്കുന്നത് ക്രിസ്തുവിനോട് ചേർന്നു ജീവിക്കുന്നതിലൂടെയാണെന്നും സഭ പഠിപ്പിക്കുന്നു. ഓരോ കുടുംബവും വിശുദ്ധി നിറഞ്ഞ ദേവാലയമായും, അതിനായുള്ള പരിശീലനം നല്കുന്ന വിദ്യാലയവുമായും മാറണം എന്ന് സഭ ആഗ്രഹിക്കുന്നു. ദൈവാലയത്തിലെ ബലിയർപ്പണം പോലെ കുടുംബത്തിലും ബലിയുടെ ജീവിതം ആവശ്യമാണ്. വിദ്യാലയത്തിൽ വിദ്യ അഭ്യസിക്കുന്നതുപോലെ കുടുംബത്തിലും മൂല്യങ്ങൾ അഭ്യസിക്കണം. കുടുംബമാകുന്ന വിദ്യാലയത്തിലെ അദ്ധ്യാപകരാണ് മാതാപിതാക്കൾ. അവരുടെ ജീവിതമാണ് കുഞ്ഞുങ്ങൾക്ക് വായിക്കുവാനും പഠിക്കുവാനുമുള്ള പുസ്തകം. തിരുക്കുടുംബമാണ് ഓരോ ക്രൈസ്തവ കുടുംബത്തിന്റേയും മഹത്തായ മാതൃക - അവിടെ നീതിമാനായ യൗസേപ്പും, കൃപ നിറഞ്ഞവളായ മറിയവും, അവർക്ക് വിധേയനായി ജീവിച്ച യേശുവും ചേർന്ന ജീവിതം. നീതിയും, കൃപയും, വിധേയത്വവും നിറഞ്ഞുനിന്ന കുടുംബം.

ഇന്ന്, പാവനമായ കുടുംബാന്തരീക്ഷത്തെ തകർക്കുന്ന അനേക കാര്യങ്ങളിലൊന്നാണ് നവസാമൂഹ്യ മാധ്യമങ്ങളുടെ കുടുംബജീവിതത്തിലേക്കുള്ള കടന്നുകയറ്റം. ഒന്നിച്ചുള്ള കുടുംബ പ്രാർത്ഥനകൾക്ക് സമയം കണ്ടെത്താനും, പരസ്പരം ആശയവിനിമയം നടത്തുവാനും സാധിക്കാത്ത അവസ്ഥ. നവമാധ്യമ സംസ്കാരത്തിലൂടെ വികലമായ കാഴ്ചപ്പാടുകളിലേക്കും കുടുംബബന്ധങ്ങളുടെ ശിഥിലീകരണത്തിലേക്കും എത്തിപ്പെടുന്നു. ഒന്നിച്ച് താമസിച്ചിട്ടും അപരിചിതരായും ശത്രുക്കളായും കഴിയുന്നു. മൊബൈൽ, കംപ്യൂട്ടർ, ചാനലുകൾ, സാമൂഹ്യ സമ്പർക്ക മാധ്യമങ്ങൾ എന്നിവയ്ക്ക് കൂടുതൽ സമയം വിനിയോഗിക്കുമ്പോൾ, കുറഞ്ഞു പോകുന്നത് പരസ്പരം പങ്കുവയ്ക്കുവാനുള്ള സ്നേഹവും, ദൃഢമായ ബന്ധങ്ങളുമാണ്. ജീവിതത്തിന്റെ താളം തെറ്റി അപകടങ്ങളുടെ പാളങ്ങളിലേക്ക് അറിയാതെ എത്തിപ്പെടുന്ന അവസ്ഥ. ബന്ധങ്ങളും കൂടപ്പിറപ്പുകളും സ്വന്തമല്ലാതാകുന്ന അവസ്ഥ. നന്മയുടെയും വിനയത്തിന്റെയും പ്രതീകങ്ങളായ ക്രിസ്തീയ കുടുംബങ്ങളിലെ ചെറുതലമുറക്കാർ നിരീശ്വര-പൈശാചിക ശക്തികൾക്കടിപ്പെടുന്ന സാഹചര്യങ്ങൾ വളർന്നുവരുന്നു. പരമ്പരാഗതമായി കുട്ടികളുടെമേൽ മാതാപിതാക്കൾക്കുണ്ടായിരുന്ന സ്വാധീനം കുറയുന്നു. ഇത്തരം വെല്ലുവിളികളെയും പ്രതിസന്ധികളെയും നേരിടുവാൻ സഭയും, കുടുംബങ്ങളും ജാഗ്രത പുലർത്തണം. എവിടെയൊക്കെയൊ, എന്തൊക്കെയൊ, അറിഞ്ഞോ അറിയാതെയൊ സംഭവിക്കുന്നു. നമുക്ക് കണ്ണു തുറക്കാൻ സമയമായി - കുടുംബത്തെ ഏറെ ശ്രദ്ധിക്കുവാൻ സമയമായി. സാമൂഹിക മാധ്യമങ്ങളും ആധുനിക സാഹചര്യങ്ങളും നവസംസ്കാരവും പുത്തൻ ചിന്തകളുമൊക്കെ ഏറെ സ്വാധീനിക്കുന്നത് കുട്ടികളെയും, യുവജനങ്ങളെയുമാണെന്ന് നാമോർക്കണം. അതിലേക്ക് അവർ എത്തിപ്പെടുന്ന വഴികളെപ്പറ്റി നാം ബോദ്ധ്യമുള്ളവരാകണം. ചുരുങ്ങിയ നേരത്തെ അശ്രദ്ധയും ജാഗ്രതക്കുറവുമാകാം ഒരു ജീവിതത്തെ മുഴുവൻ നാശത്തിലേക്ക് തള്ളി വിടുന്നത്. നാം കണ്ണടച്ചിരുന്നപ്പോഴും, ശ്രദ്ധയില്ലാതെ



www.malankaralibrary.com

ഇരുന്നപ്പോഴും, വി. ഗ്രന്ഥത്തിൽ പറയുന്നതുപോലെ, പല ഹൃദയങ്ങളിലും മനസ്സുകളിലും 'കള്ളൻ' വന്ന് കളകൾ വിതച്ചു. ദൈവം വേണ്ടെന്നും, മതവും സഭയുമൊന്നും ആവശ്യമില്ലെന്നുമുള്ള ആധുനിക ചിന്തകൾ മനുഷ്യനെക്കുറിച്ചുള്ള ദൈവികപദ്ധതിയുടെ നിരാകരണമാണ്. വിവാഹജീവിതം വേണ്ട, വിവാഹം കഴിച്ചാലും മക്കൾ വേണ്ട, മക്കൾ വേണമെങ്കിൽതന്നെ അധികം വേണ്ട എന്ന ചിന്തകൾ വളർന്നു വരുന്നു. വിവാഹേതര ബന്ധങ്ങൾ, വിവാഹമോചനത്തിന്റെ വർദ്ധന, സ്വവർഗ്ഗവിവാഹം, മദ്യം-മയക്കുമരുന്ന്, പ്രായമുള്ളവരോടും രോഗികളോടുമുള്ള അവഗണന...... ഇതൊക്കെ കണ്ടും കേട്ടും വളർന്നു വരുന്ന തലമുറക്ക് പഴയ നല്ല രീതികളും പാരമ്പര്യങ്ങളുമെല്ലാം വെറും പഴഞ്ചൻ. പുത്തൻ പ്രവണതകളും ചിന്തകളുമൊക്കെ മോഡേണായും ഫാഷനായും കരുതുന്ന രീതിയും ഏറി വരുന്നു. ഇവിടെയാണ് കുടുംബകേന്ദ്രീകൃത അജപാലനശൈലി സഭ ഗൗരവമായി കാണേണ്ടത്. ഇന്ന് കുടുംബങ്ങളിൽ മക്കളുടെ എണ്ണം അതീവ ഗുരുതരമായി കുറയുന്നു. അണുകുടുംബങ്ങൾ ഏറി വരുന്നു. അതിനാൽതന്നെ പൗരോഹിത്യ ജീവിതത്തിലേക്കും സന്യാസ ജീവിതത്തിലേക്കും ദൈവവിളികൾ കുറയുന്നു. എണ്ണം കുറയുന്ന കുടുംബങ്ങളിൽ എണ്ണം മാത്രമല്ല, പരസ്പര സ്നേഹവും, കരുതലും, മനസ്സിന്റെ ഐക്യവും കുറയുന്നു. സ്വാർത്ഥത വർദ്ധിക്കുന്നു, ബന്ധങ്ങളിൽ അകലം വർദ്ധിക്കുന്നു. മനോഭാവത്തിലും മൂല്യബോധത്തിലും വന്ന മാറ്റത്തിലൂടെ വ്യക്തികൾ അവനവനിലേക്കുതന്നെ ചുരുങ്ങുന്നു.

മാറുന്ന കുടുംബസങ്കല്പങ്ങളുടെയിടയിൽ, ദൈവികപദ്ധതിയോട് ചേർന്ന് സവിശേഷമായ കുടുംബജീവിതം നയിക്കണമെന്നാണ് സഭ ആഗ്രഹിക്കുന്നത്. മാറുന്ന സാഹചര്യത്തിലും മൂല്യങ്ങളുടെ മാറാത്ത പ്രസക്തിയെക്കുറിച്ചും, അവ സംരക്ഷിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചും സഭ ഉദ്ബോധിപ്പിക്കുന്നു. ഉത്തമ കുടുംബങ്ങളുടെ രൂപീകരണമാണ് സഭയുടെ ലക്ഷ്യം. കുടുംബം - സ്നേഹത്തിന്റെ ഭവനവും, ജീവന്റെ ഉറവിടവും, വിശ്വാസത്തിന്റെ വിളനിലവുമാകണം എന്നതാണ് കുടുംബത്തെക്കുറിച്ചുള്ള ദൈവിക പദ്ധതി. എന്നാൽ ഇന്ന് കുടുംബങ്ങളിൽ ആത്മീയത കുറഞ്ഞ്, ഭൗതികത കൂടുന്നു. പരസ്പര വിശ്വാസം കുറഞ്ഞ്, സ്വാർത്ഥത വർദ്ധിക്കുന്നു. അതിലൂടെ കുടുംബബന്ധങ്ങളിൽ അകലങ്ങളും വിള്ളലുകളും സംഭവിക്കുന്നു. മുമ്പുണ്ടായിരുന്ന ഉത്തമ 'കുടുംബസംസ്കാരം' കുറയുകയോ, ഇല്ലാതാവുകയോ ചെയ്യുന്നു. രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ Gaudium of Spes (സഭ ആധുനിക ലോകത്തിൽ) എന്ന കോൺസ്റ്റിറ്റ്യൂഷനിൽ കുടുംബത്തെക്കുറിച്ചും കുടുംബജീവിതത്തിന്റെ ഉത്തരവാദിത്വത്തെക്കുറിച്ചും (nos. 47-52) പ്രതിപാദിക്കുന്നുണ്ട്. കുടുംബജീവിതത്തിൽ എന്നന്നേക്കും നിലനില്ക്കേണ്ട വൈവാഹിക ബന്ധത്തെപ്പറ്റിയും അതിന്റെ ലക്ഷ്യത്തെപ്പറ്റിയും കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥം (CCC) no. 1601 ലും പറയുന്നു. പോൾ ആറാമൻ മാർപാപ്പയുടെ Humanae Vitae എന്ന ചാക്രികലേഖനത്തിൽ വിവാഹവും കുടുംബവും ദൈവത്തിന്റെ പദ്ധതിയാണെന്നും, ദമ്പതികൾ തമ്മിലുള്ള പരസ്പര പങ്കാളിത്വത്തിന്റെ മഹത്വം, കുടുംബ ജീവിതത്തിലെ വിശുദ്ധി എന്നിവയെപ്പറ്റി പഠിപ്പിക്കുന്നു. Familiaris consortio എന്ന പ്രബോധനത്തിലൂടെ ദൈവത്തോട് ഒന്നിച്ചുള്ള ജീവിതമാണ് കുടുംബമെന്നും അത് വിശ്വാസപരിശീലനത്തിന്റെ ഇടമാണെന്നും ജോൺ പോൾ രണ്ടാമൻ പാപ്പ പ്രബോധിപ്പിക്കുന്നു. കുടുംബങ്ങൾക്കായുള്ള അദ്ദേഹത്തിന്റെ കത്തിൽ (Letter to Families) കുടുംബജീവിതത്തിൽ കാത്തു സൂക്ഷിക്കേണ്ട പുണ്യങ്ങളെപ്പറ്റിയും, മൂല്യബോധത്തെപ്പറ്റിയും, വിശുദ്ധിയിലും വിശ്വാസത്തിലുമുള്ള ജീവിതത്തെപ്പറ്റിയും സൂചിപ്പിക്കുന്നു. ഈ പ്രബോധനങ്ങളെല്ലാം കുടുംബങ്ങൾക്കും കുടുംബങ്ങളുടെ അജപാലനത്തിനും കത്തോലിക്കാസഭ നല്കുന്ന പ്രാധാന്യത്തെയാണ് സൂചിപ്പിക്കുന്നത്. കുടുംബജീവിതം വ്യക്തികേന്ദ്രീകൃതമാകാതെ, ക്രിസ്തു കേന്ദ്രീകൃതമാകുവാനും, ക്രിസ്തുകേന്ദ്രീകൃതമായ ജീവിതത്തിലൂടെ ആത്മീയജീവിതവും കൗദാശികജീവിതവും, സഭയോടുള്ള ബന്ധവും കൂടുതൽ ഊട്ടിയുറപ്പിക്കുവാനും, കുടുംബങ്ങൾക്കായുള്ള സഭയുടെ അജപാലനപദ്ധതികൾ കൂടുതൽ ശക്തവും ഫലപ്രദവുമാക്കുവാനും ഈ കുടുംബവർഷത്തിൽ നമുക്ക് ശ്രദ്ധിക്കാം.


**ഫാ. ഡോ. ഐസക് പറപ്പള്ളിൽ**



www.malankaralibrary.com



# ഇടയശബ്ദം



**മോസ്റ്റ് റവ. ഡോ. തോമസ് മാർ കൂറിലോസ്**
മെത്രാപ്പോലീത്തൻ ആർച്ച്ബിഷപ്പ്

## അതിരൂപത സാമൂഹിക കാര്യാലയത്തിന്റെ അഞ്ച് പതിറ്റാണ്ടുകൾ

"The joys and hopes, the griefs and anxieties of the man of this age, especially those who are poor or in any way afflicted, these are the joys and hopes, the griefs and anxieties of the followers of Christ" (GS 1)

എനിക്കു വിശന്നു, ദാഹിച്ചു, നഗ്നനായിരുന്നു, പരദേശിയായിരുന്നു, രോഗി ആയിരുന്നു, കാരാഗ്രഹത്തിൽ ആയിരുന്നു എന്ന് കർത്താവു കല്പിച്ചതിന്റെ യഥാർത്ഥ ആവിഷ്ക്കാരമാണ് സഭയുടെ അജപാലനസംഹിത എന്ന പേരിൽ രണ്ടാം വത്തിക്കാൻ സുനഹദോസ് പ്രഖ്യാപിച്ച മേലുദ്ധരിച്ച നിലപാട്. സഭയുടെ സാമൂഹ്യ ദർശനങ്ങളുടെ ഉറവിടമാണ് ഈ വാക്കുകൾ. ക്രൈസ്തവരുടെ അടിസ്ഥാന മനോഭാവമാകേണ്ട ഈ മൂല്യം ഏറെ ഔദാര്യത്തോടെതന്നെ സ്വീകരിക്കപ്പെട്ടിരിക്കുന്നു. ഇന്ന് സഭാമക്കൾ അവരുടെ സമ്പത്തും അവരുടെ കരുത്തും സമയവും എല്ലാംതന്നെ ഈ കാര്യത്തിനായി ഔദാര്യത്തോടെ വിനിയോഗിക്കുന്നു എന്നത് സന്തോഷപൂർവ്വം അനുസ്മരിക്കുന്നു. സഭയുടെ മുഴുവൻ സമ്പത്തും സംവിധാനങ്ങളും അംഗബലവും ഇത്തരത്തിൽ മറ്റുള്ളവർക്കുവേണ്ടിയും അവരുടെ ആവശ്യങ്ങളും ആവലാതികളും പരിഹരിക്കുന്നതിനും പൊതുവിൽ മനുഷ്യത്വപരമായ ഒരു സാമൂഹിക സംവിധാന രൂപീകരണത്തിനുമായി ക്രമീകരിച്ചിരിക്കുന്നു. ദൈവശുശ്രൂഷയും സേവനവും എല്ലാം മനുഷ്യന്റെ ജീവിതവുമായി ബന്ധപ്പെട്ടതാണ്. പള്ളിയിൽ ആരാധിച്ചവനെതന്നെ വഴിയോരങ്ങളിലും ചന്തകളിലും കണ്ടുമുട്ടുക എന്ന പരമമായ സത്യം. രണ്ടും ഒരുപോലെ സംയോജിപ്പിക്കുമ്പോഴാണ് സമഗ്രത കൈവരുന്നത്. മനുഷ്യഗന്ധിയല്ലാത്ത ആരാധന അധരവ്യായാമവും, ദൈവമില്ലാത്ത മനുഷ്യസേവനം അന്ധവും തികച്ചും വൈയക്തികവും ആണ്. അതിന്റെ മാനദണ്ഡം അവൻ തന്നെയാണ്. 'മാനവസേവ മാധവസേവ' എന്ന ഭാരതത്തിന്റെ തത്വം നാം മനസിലാക്കേണ്ടത് ഈ പശ്ചാത്തലത്തിലാണ്. എല്ലാം ദൈവത്തിലേക്കും മനുഷ്യനിൽ ആ ദൈവീകതയുടെ പ്രകാശവും. മനുഷ്യനെ കൂടാതെ ദൈവത്തിലേക്കോ ദൈവത്തെ കൂടാതെ മനുഷ്യന്റെ യഥാർത്ഥ മഹത്വത്തിലേക്കോ പ്രവേശിക്കുവാൻ കഴിയില്ല. ദൈവം മനുഷ്യനായത് മനുഷ്യന്റെ മഹത്വം ഉയർത്തുന്നതിനാണ്. ദൈവത്തിന്റെ മഹത്വമാണ് മനുഷ്യനുള്ളത്, അത് അവനോ, മറ്റുള്ളവരോ നശിപ്പിക്കുവാൻ പാടില്ല. സഭയുടെ എല്ലാ പ്രവർത്തനങ്ങളും ഇപ്രകാരം ദൈവികത നിറഞ്ഞ മനുഷ്യനെ ദൈവികഛായയിലേക്ക് മടക്കിക്കൊണ്ടുവരുവാനും അത് നിലനിർത്തുവാനുമായി ഉള്ളതാണ്.

അതിരൂപതയുടെ ആരംഭം മുതൽ ഇപ്രകാരമുള്ള ദർശനമാണ് നമുക്ക് ഉണ്ടായിരുന്നത്. പ്രത്യേകിച്ചും പുനരൈക്യത്തിന്റെ അദ്യനാളുകൾ മുതൽ മനുഷ്യരുടെ വിവിധങ്ങളായ ആവശ്യങ്ങളിൽ പൂർണ്ണമായ പിന്തുണ നൽകി, പ്രത്യേകിച്ചും സാമ്പത്തികമായും വിദ്യാഭ്യാസപരമായും പിന്നോക്കം നിന്നിരുന്നവരെ, സഹായിച്ച് അവരെ സ്വന്തം കാലിൽ നിർത്തുവാൻ പ്രാപ്തരാക്കി. ഭക്ഷ്യവസ്തുക്കളുടെ ലഭ്യത നന്നേ കുറവുണ്ടായിരുന്ന കാലത്ത്, ആരോഗ്യമേഖലയിൽ ഇന്നു കാണുന്ന വളർച്ചയോ സുസ്ഥിതിയോ ഇല്ലാതിരുന്ന കാലത്ത്, കുട്ടികളുടെ ഇടയിലെ വർദ്ധിച്ച മരണനിരക്കുകളും, പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾപോലും വിരളമായിരുന്ന കാലം - ഇങ്ങനെ പ്രതിസന്ധികൾ മനുഷ്യജീവനെ ഗൗരവമായി പിടിച്ചു കുലുക്കിയ കാലഘട്ടം. മനുഷ്യനു താങ്ങും തണലുമായി നിന്ന അതിരൂപതയുടെ മാനവീക-ദൈവീകമുഖം. തുടക്കം മുതൽ അല്മായ സഹോദരങ്ങളുടെ നേതൃത്വവും പിന്തുണയും ഈ ശുശ്രൂഷകൾക്ക് ഏറെ ഉണ്ടായിരുന്നു. എങ്ങനെയോ ഈ നേതൃത്വവും സഹകരണവും കാലക്രമേണ കുറയുകയും താരതമ്യേന അപ്രത്യക്ഷമാകുകയും ചെയ്തു എന്ന് സങ്കടത്തോടെ ഓർക്കുന്നു. ഇതു തിരിച്ചു പിടി



www.malankaralibrary.com

ക്കണം. ക്രൈസ്തവനെന്നതിന്റെ സാമാന്യ അർത്ഥംതന്നെ പാവപ്പെട്ടവനെ ചേർത്തു നിർത്തുക, ഉള്ളതു പങ്കുവയ്ക്കുക തുടങ്ങിയ വയാണ്.

അതിരൂപതയുടെ സാമൂഹികസേവന വിഭാഗം സംഘാതമായ അവസ്ഥയിൽ ക്രമീകരിക്ക പ്പെട്ടും ജനകീയ പ്രസ്ഥാനവും നീതിവ്യവസ്ഥിതി സംജാതമാക്കുന്ന ചാലകശക്തിയും ജനകീയ മുന്നേറ്റവുമായി പരിണമിച്ചിട്ട് 50 വർഷങ്ങൾ ആകുന്നു. വികസനം എന്നത് പങ്കാളിത്വത്തിലും പരസ്പര സഹകരണത്തിലുമാണ് എന്ന തിരിച്ചറി വിൽ കേരളത്തിലെ രൂപതകളിൽ ആകമാനം കട ന്നുവന്ന സാമൂഹിക ചിന്ത അതിരൂപതയും അര നൂറ്റാണ്ടിനുമുൻപ് സ്വന്തമാക്കി. തികച്ചും കാരുണ്യ പ്രവൃത്തികളിൽനിന്നും സഹായ പദ്ധതിക ളിൽനിന്നും ജനകീയമായ തരത്തിൽ പ്രശ്നങ്ങൾ പഠിക്കുന്നതിനും പരിഹരിക്കുന്നതിനും ശ്രദ്ധ ചെലുത്തി. കാരുണ്യ പ്രവർത്തികൾ അത് നൽകു ന്നവന്റെ ഔദാര്യത്തിന് അല്പം മുൻതൂക്കം നല്കു മ്പോൾ ജനകീയ പ്രസ്ഥാനത്തിൽ അവ ഇല്ലാത്ത വന്റെ അവകാശവും ഉള്ളവന്റെ കടമയുമായി. ഇത് വലിയ ഒരു സാമൂഹിക മാറ്റമാണ് സൃഷ്ടിച്ചെടു ത്തത്.

നമ്മുടെ അതിരൂപതയുടെ സാമൂഹ്യപ്രവർത്തന വിഭാഗം അനേകം ജനകീയ വിഷ യങ്ങളിൽ ഇടപെട്ട് നാടിന്റെ മുഴുവൻ ഉണർത്തുപാ ട്ടായി രൂപാന്തരപ്പെട്ടു. വിഭവങ്ങളുടെ കണ്ടെത്തലു കളും, അവയെ പരിപോഷിപ്പിക്കുവാനുള്ള പദ്ധതി കളും, ഉത്തരവാദിത്വപൂർണ്ണമായ പൗരജീവിതവും, പ്രകൃതിയും, പരമാവധി സംരക്ഷിച്ച് ജനജീവിതം മെച്ചപ്പെടുത്തുവാനും തീർന്നു പോകുന്ന ഉറവിട ങ്ങളെ വീണ്ടും ഉജ്ജീവിപ്പിക്കുവാനുള്ള മാർഗ്ഗ ങ്ങളും ആരായുകയുണ്ടായി. ജലനിധിപദ്ധതികൾ, മഴവെള്ള സംഭരണികൾ, തടയിണ സൃഷ്ടിക്കൽ, മഴക്കുഴികൾ, പരമ്പരാഗതവിദ്യയിൽ കുടിവെള്ള ശുദ്ധീകരണ പദ്ധതികൾ, കിണറുകൾ റീച്ചാർജ് ചെയ്യുക തുടങ്ങിയ അനേകം പദ്ധതികൾ ജലവു മായി ബന്ധപ്പെട്ട് നടപ്പിലാക്കി. ഈ കാലയള വിൽതന്നെ മിച്ചസമ്പാദ്യ പദ്ധതിയുടെ ജനകീയ വ്യാപനം, അമ്മമാരെയും സ്ത്രീകളെയും ശാക്തീക രിക്കുന്നതിന്റെ ഭാഗമായി നടപ്പാക്കിയ വിവിധ തൊഴിലധിഷ്ഠിത ബോധവൽക്കരണവും സ്വയം സഹായ പദ്ധതികളുടെ തുടക്കവും, ത്രിതല പഞ്ചായത്തുകളിൽ സ്ത്രീകളുടെ നേതൃത്വവും ഇട പെടലുകളും, തൊഴിൽ സംരംഭങ്ങളും അങ്ങനെ എന്തെല്ലാം. സമൂഹത്തിൽ പല രീതിയിൽ വെല്ലുവി ളികൾ നേരിടുന്നവർക്കുള്ള പുനരധിവാസവും അവർക്കുള്ള അവകാശ സംരക്ഷണങ്ങളും മറ്റും പ്രധാനപ്പെട്ട ഇടപെടലുകൾ തന്നെ. പ്രകൃതിയെ ചൂഷണം ചെയ്യാതിരിക്കുവാനും മാലിന്യങ്ങൾ ജൈവഊർജ്ജങ്ങളായി രൂപാന്തരപ്പെടുത്തുന്നതും മറ്റുമായി അനേകം പദ്ധതികൾ തുടങ്ങുകയു ണ്ടായി. പിന്നോക്കം നിൽക്കുന്ന കുട്ടികൾക്കു പഠന സഹായങ്ങൾ, ആരോഗ്യമേഖലയിൽ ദുരിതമനുഭവിക്കുന്നവർക്കുള്ള സഹായങ്ങൾ പ്രത്യേകിച്ചും ദീർഘനാളായി കിടപ്പുരോഗിക ളുടെ സഹായത്തിനുള്ള പ്രതിമാസ സഹായ ങ്ങൾ, നിലവാരമുള്ള ഭക്ഷ്യവസ്തുക്കളുടെ ലഭ്യത ഉറപ്പാക്കൽ തുടങ്ങിയ അനേകം കാര്യ ങ്ങളിൽ അതിരൂപതയുടെ സാമൂഹിക പ്രവർത്തനങ്ങൾ കടന്നുചെന്നു.

അടുത്ത കാലത്ത് കേരളം നിരന്തര മായ പ്രകൃതിക്ഷോഭങ്ങൾക്കു വശംവദയായ ഒരു നാടാണ്. പ്രത്യേകിച്ചും കഴിഞ്ഞ മൂന്ന്, നാല് വർഷങ്ങളായി പറഞ്ഞറിയിക്കാൻ പറ്റാത്ത മാതിരി അത്രമാത്രം പ്രതിസന്ധികൾ അനുഭവിച്ച നാട്. സാമൂഹിക സേവനവിഭാഗ ത്തിന്റെ വളരെ പ്രധാനപ്പെട്ട ഒരു തലമാണ് ദുരന്തനിവാരണവും പുനരധിവാസവും, ദുര ന്തങ്ങൾ ഉണ്ടാവാതിരിക്കുവാനുള്ള മുൻകരു തലുകളും. ഈ കാര്യങ്ങളിൽ ബോധന ഏറെ ശ്രദ്ധയാകർഷിച്ച ഒരു പ്രസ്ഥാനമാണ്. 2004-ലെ സുനാമിയും പിന്നീടുണ്ടായ വലിയ മണ്ണി ടിച്ചിലും ഓഖി ദുരന്തവും, 2018-ലെ മഹാപ്രള യവും വർത്തമാനകാലത്ത് അഭിമുഖീ കരിക്കുന്ന കോവിഡും അതിന്റെ വിവിധ പ്രശ്നങ്ങളും പരിഹാരങ്ങളും മറ്റും. ഇവയി ലെല്ലാം അസാമാന്യ സമർപ്പണം നടത്തിയ ബോധന മനുഷ്യ ഹൃദയങ്ങളിലെ സാന്ത്വന സ്വരമാണ്.


സേവനത്തിന്റെ 50 വർഷം പൂർത്തിയാകുന്ന തിരുവല്ല സോഷ്യൽ സർവ്വീസ് സൊസൈറ്റി (T. S. S. S), ബോധന എന്ന അപരനാമത്തിൽ പ്രവർത്തിച്ച് നാടിന്റെ സർവ്വോന്മുഖ വളർച്ചയിൽ പങ്കു ചേർന്നു. സുവർണ്ണജൂബിലി വർഷാചരണ ത്തിനു തുടക്കം കുറിക്കുന്ന നിമിഷങ്ങളെ അമൂല്യമാക്കുവാൻ കേരളത്തിന്റെ ബഹുമാ ന്യനായ ഗവർണർ ശ്രീ. ആരീഫ് മുഹമ്മദ് ഖാൻ 2021 ഏപ്രിൽ 18-ാം തീയതി ഞായ റാഴ്ച ഉച്ചകഴിഞ്ഞ് നാലുമണിക്ക് തിരുവല്ല സെന്റ് ജോൺസ് ഹാളിൽവച്ച് ജൂബിലി വർഷാചരണം ഉത്ഘാടനം ചെയ്യുന്നു. ജാതി-മത-വർഗ്ഗ വ്യത്യാസമെന്യേ ഇപ്ര കാരം നേതൃത്വം നല്കുവാൻ ബോധനയെ സഹായിച്ച ഉപകാരികളെയും പ്രവർത്തക രെയും സുമനസുകളെയും നന്ദിയോടെ ഓർക്കുന്നു. എല്ലാ ഡയറക്ടർമാർക്കും സൊസൈറ്റി അംഗങ്ങൾക്കും പ്രസിഡണ്ടു മാർക്കും നന്ദിയുടെ പൂച്ചെണ്ടുകൾ അർപ്പി ക്കുന്നു. പാവപ്പെട്ടവരുടെയും പാർശ്വവൽക്ക രിക്കപ്പെട്ടവരുടെയും ഭാഗധേയം പേറുന്ന ബോധനയ്ക്ക് നമോവാകം.



www.malankaralibrary.com




# മാർ ഈവാനിയൻ കുടുംബ ദാർശനികതയിലെ ആത്മീയത



**യൂഹാനോൻ മാർ തെയഡോഷ്യസ് മെത്രാപ്പോലീത്താ**
(മൂവാറ്റുപുഴ ഭദ്രാസനം & കൂരിയ മെത്രാൻ)

കുടുംബത്തെക്കുറിച്ച് തിരുവചനം വ്യക്തമായ കാഴ്ചപ്പാടുകളും കാഴ്ചകളും നമുക്ക് നൽകുന്നുണ്ട്. ദൈവം തന്റെ ഛായയിലും സാദൃശ്യത്തിലും മനുഷ്യനെ പുരുഷനും സ്ത്രീയുമായി സൃഷ്ടിക്കുകയും അവർ സന്താന പുഷ്ടിയുള്ളവരാകുവാൻ അനുഗ്രഹിക്കുകയും ചെയ്തു (ഉത്പത്തി 1:26-28). ദൈവം തന്നെത്തന്നെ വെളിപ്പെടുത്തിയതും ഒരു കുടുംബകൂട്ടായ്മയായിട്ടാണ്. പിതാവും പുത്രനും പരിശുദ്ധാത്മാവും ചേരുന്ന ത്രിത്വൈക കുടുംബകൂട്ടായ്മ. മൂന്നു വ്യക്തികൾ ഏക സ്വഭാവമായി ഒരുമിക്കുന്ന ഒരു കുടുംബ ദർശനം. പൂർവ്വപിതാവായ ആദം, വിശ്വാസികളുടെ പിതാവായ അബ്രാഹം തുടങ്ങി പുതിയനിയമത്തിലെ നസ്രത്തിലെ കുടുംബം ഉൾപ്പെടെയുള്ള കുടുംബചിത്രങ്ങൾ തിരുവചനത്തിലെ നേർക്കാഴ്ചകളാണ്. കാനായിൽ ആദ്യത്തെ അത്ഭുതം നടന്ന കുടുംബവും, ബഥനിയിലെ യേശുവിന് പ്രിയങ്കരമായിരുന്ന കുടുംബവും തിരുവചനത്തിലെ സുന്ദരവും ദീപ്തവുമായ ഓർമ്മപ്പെടുത്തലുകളാണ്. ഫ്രാൻസിസ് പാപ്പാ 'സ്നേഹത്തിന്റെ സന്തോഷം' എന്ന തിരുവെഴുത്തിൽ ദൈവികപദ്ധതിയിലുള്ള കുടുംബത്തിന്റെ വിശിഷ്ടമായ വിളിയെ സംബന്ധിച്ച് ആഴപ്പെട്ട ദർശനങ്ങൾ പങ്കുവയ്ക്കുന്നുണ്ട് (അദ്ധ്യായം 3). കുടുംബവർഷത്തിന്റെ ഈ പശ്ചാത്തലത്തിൽ ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ കുടുംബദർശനങ്ങൾ കൂട്ടിവായിക്കുവാനുള്ള ഒരു പരിശ്രമമാണ് ഈ ലേഖനം. ഏതാണ്ട് ഏഴു ദശാബ്ദങ്ങൾക്ക് മുമ്പുതന്നെ വന്ദ്യപിതാവ് കുടുംബം എന്ന യാഥാർത്ഥ്യത്തെ എത്ര ഗൗരവമായി പരിഗണിച്ചുവെന്ന് ഇതിലൂടെ നമുക്ക് മനസ്സിലാക്കാൻ കഴിയും.



## കുടുംബപ്രാർത്ഥനയിലൂടെയുള്ള ദൈവസംസർഗ്ഗം

ഭവനങ്ങളിൽ 'കുടുംബപ്രാർത്ഥന' മുടങ്ങാതെ നടത്തേണ്ട ആവശ്യകതയെ ആധാരമാക്കി 1942 ഏപ്രിൽ 18-ന് മാർ ഈവാനിയോസ് തിരുമേനി സഭാമക്കൾക്ക് ഒരു ഇടയലേഖനം അയക്കുകയുണ്ടായി. പ്രസ്തുത ഇടയസന്ദേശത്തിന്റെ ഒരു അപഗ്രഥനം ഈവാനിയൻ കുടുംബദർശനത്തിന്റെ നഖചിത്രം നമുക്കു നൽകും. വന്ദ്യ പിതാവിന്റെ കാഴ്ചപ്പാടിൽ പ്രാർത്ഥന എന്നത് ദൈവത്തെ ആരാധിക്കുന്നതിനും, ദൈവം നമുക്കു നൽകിയിട്ടുള്ള കൃപകൾക്കു നന്ദി പറയുന്നതിനും, നമുക്കാവശ്യമുള്ളവ ചോദിക്കുന്നതിനുംവേണ്ടി നമ്മുടെ മനസ്സിനെ ദൈവസന്നിധിയിലേക്കുയർത്തി നാം നടത്തുന്ന ഒരു ദൈവീക സംസർഗ്ഗമാണ്. "കുടുംബാംഗങ്ങൾ ഒരുമിച്ചു ചേർന്ന് പ്രാർത്ഥിക്കുന്നത് വിശിഷ്ടമായ ഒരു നടപടിയാണ്.



www.malankaralibrary.com

വ്യക്തിപരമായ പ്രാർത്ഥനകൾക്ക്, കൂട്ടായ്മ പ്രാർത്ഥനകൾക്ക് വളരെ ശക്തികൂടും.'' കുടുംബാംഗങ്ങൾ എല്ലാവരും ഒന്നു ചേർന്ന് യാമ പ്രാർത്ഥനകൾ നടത്തുന്നത് കുടുംബത്തിന് അനുഗ്രഹത്തിന് കാരണമാകും. ''ദിനംപ്രതി ഏഴു യാമങ്ങളിലും ഒരുമിച്ചുകൂടി പ്രാർത്ഥന നടത്തുവാൻ സാധിക്കാത്തവർ രാവിലെയും, ഉച്ചയ്ക്കും, വൈകുന്നേരവും ത്രികാലജപവും അതാതു യാമത്തിന്റെ പ്രാർത്ഥനയും നടത്തുന്നത് എത്രയും നന്നായിരിക്കും. കൂടാതെ 53 മണി ജപം, 33 മണി ജപം എന്നീ ജപമാല പ്രാർത്ഥനകൾ കുടുംബാംഗങ്ങൾ ഒരുമിച്ചുകൂടി നടത്തുവാൻ തക്കവണ്ണം ബഹു. വികാരി ജനങ്ങളെ പ്രോത്സാഹിപ്പിക്കണം.'' മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ തനത് യാമപ്രാർത്ഥനകൾക്കൊപ്പം, ആഗോളസഭയുടെ പൊതുനിക്ഷേപത്തിൽ നിന്നുള്ള പ്രാർത്ഥനകളേയും വന്ദ്യ പിതാവ് പ്രോത്സാഹിപ്പിച്ചത് പുനരൈക്യാനന്തര നന്മയായി മനസ്സിലാക്കാവുന്നതാണ്.

### കുടുംബവും കൗദാശിക ജീവിതവും

ക്രൈസ്തവ കുടുംബജീവിതത്തിൽ കൗദാശികജീവിതത്തിന്റെ വിശിഷ്യാ വിശുദ്ധ കുർബാനയുടെ സ്ഥാനം 1936 ജനുവരി 1-ന് സഭാമക്കൾക്കു നൽകിയ ഇടയസന്ദേശത്തിൽ വ്യക്തമായി പറയുന്നുണ്ട്. പിതാവിന്റെതന്നെ വാക്കുകളിൽ, ''ശരീരത്തിന് ഭക്ഷണമെങ്ങനെയോ അതേ പ്രകാരം വിശുദ്ധ വേദവായന ആത്മീയജീവന് ആവശ്യമാകുന്നു... അടുക്കലടുക്കൽ കുമ്പസാരിക്കുകയും, വിശുദ്ധ കുർബാന കാണുകയും, അനുഭവിക്കുകയും ചെയ്യുന്നതിൽ ജനങ്ങളെ പ്രോത്സാഹിപ്പിക്കണം.'' 'ആത്മാവിന്റെ കുളിയും ഊണും' എന്ന ലഘുഗ്രന്ഥത്തിൽ വിശുദ്ധ കുമ്പസാരത്തെ ആത്മാവിന്റെ കുളിയായും, വിശുദ്ധ കുർബാന സ്വീകരണത്തെ ആത്മാവിന്റെ ഭക്ഷണമായും തിരുമേനി നിർവചിക്കുന്നത് ശ്രദ്ധാർഹം തന്നെ. വിശുദ്ധ മാമോദീസാ സംബന്ധമായ മാർഗനിർദ്ദേശങ്ങൾ നൽകുന്നിടത്ത് ഇപ്രകാരം പറയുന്നു: ''മാമോദീസാ സമയത്ത് തലതൊടുന്നവരും മാതാപിതാക്കളും ചേർന്നെടുക്കുന്ന പ്രതിജ്ഞ മായൽത്തോ പെരുന്നാളിന് (ഫെബ്രുവരി 2) പുതുക്കണം. വളർന്നുവരുന്ന കുഞ്ഞുങ്ങൾ തങ്ങൾ മാമ്മോദീസാ സമയത്ത് സ്വീകരിച്ച പ്രതിജ്ഞ അനുസരിച്ച് ജീവിക്കുകയും വേണം.'' ചുരുക്കത്തിൽ, 'കൂദാശയുടെ ശെമ്മാശ്ശൻ' എന്ന വിളിപ്പേരുള്ള തിരുമേനി കുടുംബജീവിതത്തിന്റെ സുസ്ഥിതിക്ക് കൗദാശികമായ അടിത്തറ അനിവാര്യമാണെന്ന് ആവർത്തിച്ചാവർത്തിച്ച് വിവിധ സന്ദർഭങ്ങളിൽ നിഷ്കർഷിക്കുന്നുണ്ട്.

### മിശിഹാ കുടുംബത്തിന്റെ രാജാവാകണം

1942-ലെ തന്നെ ഇടയലേഖനത്തിൽ യേശുക്രിസ്തുവാകണം കുടുബത്തിന്റെ രാജാവും ഭരണാധിപനുമെന്ന് വന്ദ്യപിതാവ് അടിവരയിട്ട് പറയുന്നുണ്ട്. സകല ചരാചരങ്ങളെയും സൃഷ്ടിച്ച് രക്ഷിച്ച് പരിപാലിക്കുന്ന മിശിഹാ അജയ്യനും നിത്യനുമായ രാജാവാകുന്നു. അതിനാൽത്തന്നെ അവിടുത്തേക്ക് മനുഷ്യ ഹൃദയങ്ങളിലും ഭവനങ്ങളിലും ഭരണം നടത്തുന്നതിന് സ്വാഭാവികമായി അവകാശമുണ്ട്. ഈ അവകാശത്തിനുപരി തന്റെ സമ്പൂർണ്ണമായ സദ്ഭരണം കുടുബത്തിൽ സംസ്ഥാപിതമാകുന്നതിന് അവിടുന്ന് ഇഷ്ട പ്പെടുന്നു. മിശിഹായുടെ ഈ അവകാശത്തെയും ആഗ്രഹത്തെയും അംഗീകരിക്കുന്ന കുടുംബങ്ങളിൽ ശാശ്വതമായ ശാന്തിയും കൃപയും സംജാതമാകും. വന്ദ്യ പിതാവിന്റെ





www.malankaralibrary.com

വചസ്സുകളിൽ, ''ലോകം നശ്വരമായ അതിന്റെ മഹത്വത്തെയും സുഖഭോഗങ്ങളെയും ചായം പൂശി മോടി പിടിപ്പിച്ച്, ദീപം ശലഭത്തെയെന്നപോലെ മനുഷ്യനെ വശീകരിക്കുന്നു... മനുഷ്യന്റെ വലിയ ശത്രു അവനിൽതന്നെ കുടികൊള്ളുന്നു. മനുഷ്യന്റെ ശത്രുക്കൾ സ്വഭവനവാസികൾ തന്നെയായിരിക്കും.'' പൈശാചികമായ ഇത്തരം കെണികളിൽ വീഴാതിരിക്കാൻ മിശിഹാരാജന്റെ കൊടിക്കീഴിൽ നിന്ന് കുടുംബങ്ങൾ യുദ്ധം ചെയ്യുവാൻ പിതാവ് ആഹ്വാനം ചെയ്യുന്നു. തുടർന്നുള്ള വന്ദ്യപിതാവിന്റെ കുടുംബദർശനം ഏറെ ഹൃദയവർജ്ജകംതന്നെ. ''കുടിലുകളിൽ ദൈവഭക്തിയില്ലെങ്കിൽ ദൈവാലയങ്ങൾ വിജനങ്ങളായി തീർന്ന് നശിക്കും. അതിനാൽ ഇന്ന് ശത്രുക്കൾക്ക് മഹാമന്ദിരങ്ങൾ വിട്ടുകൊടുത്താലും പ്രസ്തുത കുടിലുകൾ നമ്മുടെ കൈവശമുണ്ടെങ്കിൽ നമ്മുക്കു യാതൊരു ചേതവും ഉണ്ടാകില്ല.''ചുരുക്കത്തിൽ, ഈ ലോകത്തിൽ സഭയുടെ നിലനിൽപിനാധാരമായ കുടുംബങ്ങൾ ക്രിസ്തീയ ജീവിതത്തിന്റെ ഇരിപ്പിടങ്ങളാകണമെന്നുള്ളതാണ് മാർ ഈവാനിയൻ കുടുംബ ദർശനത്തിന്റെ കാതൽ.

### കുടുംബം ദൈവസമ്പാദന കളരി

''ദൈവസേവനത്തേക്കാൾ അത്യുത്തമം ദൈവസമ്പാദനം''എന്നുള്ള മാർ ഈവാനിയൻ ദർശനവാക്യം ആത്യന്തികമായി കുടുംബബന്ധിതമാണ്. കുഞ്ഞുങ്ങളുടെ വേദപഠനം, വചനധ്യാനം, വിശ്വാസ പരിശീലനം, കുടുംബപ്രാർത്ഥന, ഭക്താഭ്യാസങ്ങൾ, കൗദാശിക ജീവിതം ഇവയൊക്കെ അതിന് മാർഗങ്ങളായി പിതാവ് പറഞ്ഞുവയ്ക്കുന്നു. കുടുംബസ്ഥരുടെ ആത്മീയതയുടെ പരിപോഷണത്തിനായി ഒരു മൂന്നാം ആശ്രമം അഥവാ ആത്മീയാശ്രമത്തിന് പിതാവ് അടിത്തറയിട്ടു എന്നുള്ളതാണ് ഏറ്റം ശ്രദ്ധേയമായ കാര്യം. വിശ്വാസം വളർത്തുന്നതിനും വിശുദ്ധിയിൽ ജീവിക്കുന്നതിനും ഈ തൃതീയ ആശ്രമശൈലി ഏറെ ഉപകരിച്ചു എന്നുള്ളതാണ് യാഥാർഥ്യം. അതുപോലെതന്നെ പിതാവ് എഴുതിയ ''വിവാഹ ജീവിതം'' ഒന്നും രണ്ടും ഭാഗങ്ങൾ കുടുംബസ്ഥർക്ക് ഉത്തമമായ ഒരു വഴികാട്ടിയാണ്. ചുരുക്കത്തിൽ, ദൈവസമ്പാദനത്തിന്റെ കളരിയായി കുടുംബത്തെ ദർശിക്കുവാനാണ് പിതാവ് ഏറെ ഇഷ്ടപ്പെട്ടത്.

### സ്ത്രീകൾ കുടുംബവിളക്ക്

കുടുംബങ്ങളിൽ സ്ത്രീകൾ നിശബ്ദമായി അനുഭവിക്കുന്ന നൊമ്പരങ്ങളെ ഭാരതത്തിന്റെ പ്രത്യേക പശ്ചാത്തലത്തിൽ വന്ദ്യപിതാവ് തിരിച്ചറിയുകയും, അവരെ ശക്തിപ്പെടുത്തുക കുടുംബത്തിന്റെ ഭദ്രതയ്ക്കും, ഭാവിതലമുറയുടെ ബോധവത്കരണത്തിനും അത്യന്താപേക്ഷിതമാണെന്ന് ഉറക്കെ പ്രഖ്യാപിക്കുകയും ചെയ്തു. സെറാംപൂരിൽ പ്രഫസറായിരുന്ന കാലത്തുതന്നെ ഈ ചിന്ത അദ്ദേഹത്തെ ഭരിച്ചിരുന്നു. അതുകൊണ്ടാണ് സ്ത്രീകളെ സെറാംപൂരിലും കൽക്കട്ടയിലും അയച്ച് സ്വന്തം ചിലവിൽ പഠിപ്പിച്ചത്. ഇംഗ്ലീഷ് വിദ്യാഭ്യാസം അവർക്ക് ഉറപ്പാക്കി. തന്റെ സ്ത്രീശാക്തീകരണ ദർശനത്തിന് ഗുണവും മണവും നിറവും പകരാൻ ബഥനി സന്യാസിനീസമൂഹത്തിന് തുടക്കം കുറിച്ചു. അടുക്കളയിൽ ഒതുങ്ങുന്ന ജീവിതങ്ങളെ സമുദ്ധരിക്കാൻ ഇതുപോലെയുള്ള സമർപ്പണ ജീവിതങ്ങൾക്ക് സാധിക്കുമെന്ന് അദ്ദേഹം ഉറച്ച് വിശ്വസിച്ചു. നാം ജീവിക്കുന്ന ഈ കാലഘട്ടത്തിൽ സ്ത്രീകൾക്കു നേരെ നടക്കുന്ന അതിക്രമങ്ങൾ ദൈവദാസൻ എത്രയോ കാലങ്ങൾക്ക് മുമ്പ് ഭാവനയിൽ ദർശിച്ചു എന്നുള്ളതാണ് ഇതിലെ വിസ്മയം. കാലാന്തരത്തിൽ തെക്കൻ മേഖലയിൽ സഭയുടെ മിഷനറിമുഖം മുന്നിൽ കണ്ടുകൊണ്ട് മോൺ. ജോസഫ് കുഴിഞ്ഞാലിന്റെയും മദർ മേരിയുടെയും സഹായത്തോടെ മേരിമക്കൾ സന്യാസസമൂഹത്തിനും തുടക്കം കുറിച്ചു എന്നുള്ളത് ഇത്തരുണത്തിൽ പ്രത്യേകം സ്മരണാർഹമാണ്.

### കുടുംബത്തിനുള്ള അന്തിമോപദേശം

1950 സെപ്റ്റംബർ 21-ന് വന്ദ്യ പിതാവ് അയച്ച അന്തിമ ഇടയലേഖനത്തിൽ അവസാന ഭാഗത്ത് കുടുംബസ്ഥർക്ക് നൽകിയ ഉപദേശം അദ്ദേഹത്തിന്റെ കുടുംബദർശനത്തിന്റെ നിദാന്ത സ്മാരകമാണെന്ന് പറയാം. ''മാതാപിതാക്കന്മാർ തങ്ങളുടെ വത്സല സന്താനങ്ങളെ മിശിഹായ്ക്കുവേണ്ടി വളർത്തുന്നതിന് ഉത്സുകരായി വർത്തിക്കട്ടെ. തങ്ങളുടെ ഓമന സന്താനങ്ങളുടെ വളർച്ചയേക്കാൾ മിശിഹായിലുള്ള അവരുടെ ആത്മീക വളർച്ചയെ - വരപ്രസാദ ജീവിതത്തെ - മാതാപിതാക്കന്മാർ വിലമതിച്ച് പ്രവർത്തിക്കട്ടെ. പ്രിയ മക്കളെ, നിങ്ങളുടെ കുടുംബങ്ങൾ ഓരോന്നും നസ്രത്തിലെ തിരുക്കുടുംബംപോലെ വരപ്രസാദത്തിന്റെയും സമാധാനത്തിന്റെയും ഐശ്വര്യത്തിന്റെയും അലംഘനീയ വാസസ്ഥലമായിരിക്കട്ടെ. മിശിഹാരാജൻ നിങ്ങളുടെ ഹൃദയങ്ങളിലും ഭവനങ്ങളിലും എന്നും വാഴുമാറാകട്ടെ.'' ഒരു ക്രിസ്തീയ കുടുംബത്തിന്റെ നഖചിത്രം ഇത്രയും ദൈവീകവും ദാർശനികവുമായ ചാരുതയിൽ കോറിയിടാൻ സാധിച്ച ദൈവദാസന്റെ കുടുംബദർശനം എത്രയോ ശ്ലാഘനീയംതന്നെ.


www.malankaralibrary.com



# കുടുംബം സ്നേഹത്തിന്റെ പറുദീസ



**റവ. ഫാ. തോമസ് തൈക്കാട്ട്**
(അതിഭദ്രാസന ഡയറക്ടർ, ഫാമിലി അപ്പസ്തൊലേറ്റ്)

അമോറിസ് ലെത്തിസ്യ എന്ന അപ്പസ്തോലിക പ്രബോധനം പുറത്തിറക്കിയതിന്റെ അഞ്ചാം വാർഷികത്തോടനുബന്ധിച്ച് പരിശുദ്ധ ഫ്രാൻസിസ് മാർപാപ്പ 2021 മാർച്ച് 19 മുതൽ 2022 ജൂൺ വരെയുള്ള കാലയളവിനെ കുടുംബങ്ങൾക്കുവേണ്ടിയുള്ള പ്രത്യേക വർഷമായി പ്രഖ്യാപിച്ചിരിക്കുന്നു. ക്രിസ്തു ലോകത്തിനു നല്കുന്ന ആനന്ദം ദൈവമക്കൾ ആദ്യമായി അനുഭവിക്കുന്നത് കുടുംബത്തിലൂടെയാണ്. യേശുവെന്ന ആനന്ദം വി. യൗസേപ്പിതാവും പരിശുദ്ധ ദൈവമാതാവും ആദ്യമായി അനുഭവിച്ചത് നസ്രത്തിലെ തിരുക്കുടുംബത്തിൽനിന്നാണ്. വി.ലൂക്കോസ് സുവിശേഷകൻ ക്രിസ്തുവിനെ ആദ്യമായി അവതരിപ്പിക്കുന്നത് കുടുംബത്തിന്റെ പശ്ചാത്തലത്തിലാണ് (ലൂക്കാ 2:16). ദൈവപുത്രൻ അവതരിക്കാൻ തിരഞ്ഞെടുക്കുന്ന ഇടം കുടുംബമാണ്. കാരണം പിതാവായ ദൈവം സ്ഥാപിച്ച മഹനീയ സഭയാണ് കുടുംബം. അമോറിസ് ലെത്തിസ്യ തിരുക്കുടുംബത്തെ, കുടുംബങ്ങളുടെ രൂപവും സർവ്വോപരി മാതൃകയുമായി അവതരിപ്പിക്കുന്നു. കുടുംബത്തിന്റെ സൗന്ദര്യം സ്നേഹമാണ്. സ്നേഹം നിറഞ്ഞു നിൽക്കുന്ന തിരുക്കുടുംബത്തിന്റെ അന്തസത്തയാണ് കുടുംബങ്ങൾ മാതൃകയാക്കേണ്ടത്. ദൈവത്തെ ദൈവമക്കൾ ആദ്യമായി സ്വീകരിക്കുന്ന ഇടം കുടുംബമാണ്. അതുകൊണ്ടാണ് രണ്ടാം വത്തിക്കാൻ കൗൺസിൽ കുടുംബത്തെ ഗാർഹിക സഭ എന്നു വിളിക്കുന്നത് (LG no. 11). ക്രിസ്തീയ വിശ്വാസത്തിന്റെ ആദ്യപാഠ





www.malankaralibrary.com

ങ്ങൾ പകർന്നു നല്കുന്ന ആദ്യ വിശ്വാസ സാക്ഷികളും, ദൈവമെന്ന സത്യകൂദാശയെ കുഞ്ഞുങ്ങളുടെ ഹൃദയത്തിൽ വച്ചുകൊടുക്കുന്ന ഗാർഹികസഭയിലെ ആദ്യ പുരോഹിതരും മാതാപിതാക്കൾ തന്നെയാണ്. ഈ കൊച്ചു കുടുംബങ്ങളിൽനിന്നുമാണ് കുടുംബങ്ങളുടെ കുടുംബമാകുന്ന തിരുസഭയിലേക്ക് കുഞ്ഞുങ്ങൾ നയിക്കപ്പെടേണ്ടത്.

ദൈവിക പദ്ധതിയുടെ ഭാഗമായിട്ടാണ് ഭൂമിയിലെ കുടുംബം രൂപപ്പെട്ടത്. ആദിമാതാപിതാക്കളുടെ കൂടിച്ചേരലിനു ദൈവം സാക്ഷിയായി. അതിനാൽതന്നെ അവരുടെ കുടുംബം പറുദീസാ എന്നു വിളിക്കപ്പെട്ടു. മലങ്കര ആരാധനക്രമത്തിൽ വിവാഹ കൂദാശയിൽ ദമ്പതികളെ പൂർവ്വ പിതാക്കളുടെ ദാമ്പത്യമാതൃകയിലേക്ക് ഉൾച്ചേർക്കുന്ന പ്രാർത്ഥനയുണ്ട്, ആദിമ നീതിജ്ഞരെ..... (വിവാഹ കൂദാശക്രമം). ഈ ദാമ്പത്യ മാതൃകയിൽ ഒന്നുചേരുന്ന കുടുംബം രൂപീകരിക്കുന്ന പറുദീസയുടെ അനുഗ്രഹമാണ് സ്നേഹത്തിന്റെ ആനന്ദം. ഈ സ്നേഹത്തിന്റെ ആനന്ദം കുടുംബങ്ങളിൽ ഉണ്ടാവണം. കുടുംബം സ്നേഹത്തിന്റെ പഠനക്കളരിയാണെന്ന് കത്തോലിക്കാസഭയുടെ മതബോധന ഗ്രന്ഥം നമ്മെ പഠിപ്പിക്കുന്നു (no.1657). കുടുംബങ്ങളെ ഒന്നിപ്പിക്കുന്ന ഒന്നാകലിന്റെ രഹസ്യം സ്നേഹമാണ്. അതു ദൈവംതന്നെയാണ്. ദൈവം സ്നേഹമാകുന്നു (1 യോഹ. 4:8). അതുകൊണ്ടാണ് ഒരുമിച്ച് ആരാധിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്ന കുടുംബങ്ങളിൽ ഈ സ്നേഹത്തിന്റെ ആനന്ദം അനുഭവിക്കാൻ സാധിക്കുന്നത്. അദൃശ്യമായ ദൈവകൃപ നൽകി സ്ത്രീയെയും പുരുഷനെയും വിശുദ്ധീകരിച്ച് വിവാഹത്തിലൂടെ പരി. ത്രിത്വത്തിൽ ഉൾച്ചേർക്കുന്നു. പരിശുദ്ധ ത്രിത്വത്തോട് ഒന്നായി ജീവിക്കാനുള്ള ദൈവവിളിയാണിത്.

സ്നേഹമാകുന്ന ശക്തമായ അടിത്തറയിൽ കുടുംബം പണിയപ്പെടണം. സ്നേഹം, സേവനം, സഹായസന്നദ്ധത, സത്യസന്ധത, നന്മ, വിശുദ്ധി ഈ പുണ്യങ്ങളാൽ അലംകൃതമാവണം കുടുംബം. ആദ്യപുരുഷനെ ദൈവം സൃഷ്ടിച്ചത് ദൈവത്തിന്റെ ഛായയിലും സാദൃശ്യത്തിലുമാണ് (ഉല്പത്തി 1:18). ദൈവിക പുണ്യങ്ങൾ അവനിൽ വിളങ്ങിനിന്നു. കാരണം അവൻ ദൈവത്തിന്റെ ഛായയാണ്, സാദൃശ്യമാണ്. അവന്റെ വാരിയെല്ലിൽനിന്ന് അവനു ചേർന്ന ഇണയും നൽകപ്പെട്ടു. ദൈവം അവർക്ക് അവന്റെ നന്മകളെല്ലാം നൽകി. എന്നാൽ പിന്നീട് ഇവരിൽനിന്നും പാപം ഇതെല്ലാം ചോർത്തിക്കളയുന്നു. മാതാപിതാക്കൾ ദൈവത്തിന്റെ സൃഷ്ടികർമ്മത്തിൽ പങ്കാളികളാകുന്ന ഈ ഭൂമിയിലെ കാണപ്പെട്ട ദൈവങ്ങളാണ്. അതുകൊണ്ടുതന്നെ ഈ ദൈവിക പുണ്യങ്ങൾ എല്ലാംതന്നെ മാതാപിതാക്കളും അറിയണം. അപ്പോഴാണ് വരുംതലമുറയ്ക്ക് ആ പുണ്യങ്ങളിൽ പങ്കുപറ്റാൻ സാധിക്കുക. വിശ്വാസജീവിതമാകുന്ന കുടുംബജീവിതത്തിന്റെ ആധാരം തിരുസഭ പഠിപ്പിക്കുന്നു (ലൂമെൻ ഫിദെയി). കുടുംബം ഒരിക്കലും മനുഷ്യന്റെ സ്വന്തം താൽപര്യവും തീരുമാനവുമനുസരിച്ച് രൂപം കൊള്ളുന്ന ഒന്നല്ല. ദൈവിക പദ്ധതിയുടെ ഭാഗമാണ്. പരിശുദ്ധ ത്രിത്വത്തിന്റെ ഛായയാണ് കുടുംബനാഥൻ സ്വീകരിക്കേണ്ടത്. കുടുംബസ്ഥർക്ക് ഒരു കത്ത് എന്ന ലഘുലേഖയിൽ ത്യാഗനിർഭരമായ പ്രാർത്ഥനയിലേക്കും ഉപവിയിലേക്കും ദാനധർമ്മത്തിലേക്കും തുറക്കുന്ന പരസ്പരം വിശ്വസ്തതയിലും സ്നേഹത്തിലും അധിഷ്ഠിതമായ ജീവിതം സ്വീകരിക്കുവാൻ ദൈവദാസൻ മാർ ഈവാനിയോസ് പിതാവ് ദമ്പതികളെ ആഹ്വാനം ചെയ്യുന്നു.

സ്വർഗീയ ജറുസലേമിലേക്കുള്ള യാത്രയിലാണ് നാമെല്ലാവരും. ഈ യാത്രയിൽ കുഞ്ഞുങ്ങളെ ഒരുക്കുന്നതിൽ മാതാപിതാക്കൾക്ക് പ്രത്യേക പങ്കുണ്ട്. നിത്യജീവനിലേക്കുള്ള തുറവി കുഞ്ഞുങ്ങൾക്ക് കൊടുക്കേണ്ടത് മാതാപിതാക്കളാണ്. ഓരോ കുടുംബവും പറുദീസയാണ്. ഈ പറുദീസായുടെ കാവൽക്കാർ മാതാപിതാക്കളാണ്. ഏദനാകുന്ന പറുദീസായിൽ ദൈവം ദൈവമക്കളുടെ കൂടെ നടക്കുവാനിറങ്ങി വന്നു. ഇന്നു കുടുംബമാകുന്ന പറുദീസായിൽ ദൈവം ഇറങ്ങിവരുന്നത് കുടുംബ പ്രാർത്ഥനയിലൂടെയും വചനവായനയിലൂടെയുമാണ്. അങ്ങനെയാണ് ദൈവരാജ്യം ഈ ഭൂമിയിൽ സംസ്ഥാപിതമാകേണ്ടത്. ഈ പ്രാർത്ഥനകൾ കുഞ്ഞുങ്ങളെ ദിവ്യകാരുണ്യത്തിലേക്കും നിത്യജീവനിലേക്കും നയിക്കുന്നതാകണം. ജീവിത സാക്ഷ്യംവഴി മാതാപിതാക്കൾ കുട്ടികൾക്ക് ആദ്യത്തെ സുവിശേഷ ദാതാക്കളാകുന്നു. അവരോടൊപ്പം പ്രാർത്ഥിക്കുകയും അവർക്കു വേദപുസ്തകം വായിച്ചുകൊടുക്കുകയും അവരെ മിശിഹായുടെ ശരീരത്തിന്റെ രഹസ്യങ്ങളിലേക്കും, സഭയിലും വി.കുർബാനയിലും വെളിവാകുന്ന ദിവ്യരഹസ്യങ്ങളിലേക്ക് പരിചയപ്പെടുത്തുകയും ചെയ്യുമ്പോൾ അവർ ശാരീരികമായ വിധത്തിൽ മാത്രമല്ല ആത്മീയ ജീവനെ സംബന്ധിച്ചും മാതാപിതാക്കളാകുന്നു (ഫമിലിയാരിസ് കൊൺസോർസ്യോ 39). കുഞ്ഞിന്റെ ഭൗതികമായ വളർച്ച ശ്രദ്ധിക്കുന്നതോടൊപ്പംതന്നെ ആത്മീകമായ വളർച്ചയും പരിപോഷിപ്പിക്കുക എന്ന വലിയ ഉത്തരവാദിത്വം മാതാപിതാക്കളിൽ നിക്ഷിപ്തമായിരിക്കുന്നു. ആധുനികതയുടെ ആത്മീയ വെല്ലുവിളിക്കെതിരെ കുഞ്ഞു



www.malankaralibrary.com

ങ്ങളെ ഒരുക്കാനുള്ള ഒരു വലിയ വെല്ലുവിളി ഇതിലൂടെ പരിഹരിക്കപ്പെടും. വിവാഹം എന്ന കൂദാശയിലൂടെ ദൈവത്തിന്റെ തിരുക്കരത്താൽ സ്ഥാപിതമാകുന്ന കുടുംബം ലക്ഷ്യം വയ്ക്കുന്നത് ദമ്പതികളുടെ ഐക്യം, വിശ്വസ്തത, ദാമ്പത്യ കൗദാശികത, പുതിയ തലമുറക്ക് ജന്മം നല്കുക എന്നിവയാണ്. ക്രിസ്തുവും സഭയും തമ്മിലുള്ള ബന്ധം പോലെ സുദൃഢമായിരിക്കണം ദമ്പതികളുടെ ബന്ധം. അപ്പോഴാണ് കുടുംബത്തെപ്പറ്റിയുള്ള ദൈവികപദ്ധതിയുടെ പൂർത്തീകരണം സംഭവിക്കുക.

വി. ബൈബിളിന്റെ തുടക്കത്തിൽ ആദത്തെയും ഹവ്വായെയും ദൈവം കൂട്ടിച്ചേർത്ത് സകലത്തിന്റേയും മേൽ അധികാരം നൽകി അനുഗ്രഹിക്കപ്പെട്ട കുടുംബസ്ഥരായി അവരെ നിയമിക്കുന്നത് നാം കാണുന്നു. ബൈബിളിന്റെ അവസാനഭാഗത്തെ ചിത്രം കുഞ്ഞാടിന്റെ വിവാഹസദ്യയാണ് (വെളി. 19:7-9). ഓരോ വിവാഹവും ഈ വിരുന്നിലേക്കുള്ള ക്ഷണമാണ്. കുടുംബം ഒരുമിച്ച് പാപവഴികളെ തരണം ചെയ്ത് കുഞ്ഞാടിന്റെ വിരുന്നിലേക്ക്, നിത്യജീവനിലേക്ക് പ്രയാണം ചെയ്യണമെന്നതാണ് ദൈവഹിതം. ആധുനികതയുടെ വെല്ലുവിളികൾ പലപ്പോഴും കുടുംബത്തെ പിടിച്ചുലയ്ക്കാറുണ്ട്. സാത്താന്റെ ഏറ്റവും വലിയ ലക്ഷ്യം കുടുംബങ്ങളുടെ തകർച്ചയാണ്. കാരണം കുടുംബം ഒന്നായി നിത്യജീവനിലേക്ക് പ്രയാണം ചെയ്യുന്നത്, ഞാൻ ജീവനാണ് എന്ന് പറഞ്ഞ തമ്പുരാന്റെ ദൈവികജീവൻ കുടുംബത്തിൽ പകർന്നു നൽകുന്നതിലൂടെയാണ്. അതുകൊണ്ടുതന്നെയാണ് കുടുംബങ്ങളെ തകർക്കാൻ സാത്താൻ ഏറെ പണിപ്പെട്ടുകൊണ്ടിരിക്കുന്നത്. കുടുംബബന്ധങ്ങൾ ഈ കാലഘട്ടത്തിൽ ഏറെ ശിഥിലമായിക്കൊണ്ടിരിക്കുന്നു. സ്നേഹശൂന്യതയും അവിശ്വസ്തതയും കുടുംബങ്ങളിലേക്കു കടന്നു വരുന്നതുമൂലം കുടുംബങ്ങളിൽ പലപ്പോഴും വിള്ളലുണ്ടാകുവാനും അതിലൂടെ ദൈവസാന്നിധ്യ ചോർച്ച ഉണ്ടാകുവാനും പല കുടുംബങ്ങളിലും ഇടയാകുന്നുണ്ട്. ക്രിസ്തുവും സഭയും തമ്മിലുള്ള പരിശുദ്ധവും രക്ഷാകരവുമായ സ്നേഹമാകണം കുടുംബങ്ങളിൽ ഉണ്ടാകേണ്ടത്. ക്ഷമാപൂർണമായ, ശുശ്രൂഷോന്മുഖമായ ജീവിതവും, അസൂയയിൽനിന്നും അഹങ്കാരത്തിൽനിന്നും കോപത്തിൽനിന്നും മുക്തമായ സഹനവും മുഖമുദ്രയുമായ ക്രിസ്തീയ സ്നേഹമാണ് ദമ്പതികൾക്കിടയിൽ ജീവിതസമർപ്പണംവഴി ഉന്നതഭാവങ്ങൾ പ്രാപിക്കുന്നത് എന്ന് കുടുംബങ്ങളെപ്പറ്റി പരി. ഫ്രാൻസിസ് മാർപാപ്പ ഓർമ്മിപ്പിക്കുന്നു.



പലപ്പോഴും സ്വാർത്ഥതയാണ് കുടുംബബന്ധങ്ങളുടെ തകർച്ചയ്ക്കും തളർച്ചയ്ക്കും കാരണമാവുന്നത്. കുടുംബം ഒന്നാമത് എന്ന മനോഭാവം കുടുംബങ്ങളിൽ കൂട്ടായ്മ വളർത്തുന്നതിന് സഹായകമാകും. അപ്പനും അമ്മയും കുഞ്ഞുങ്ങളും മറ്റൊരു ക്രിസ്തുവായി മാറണം. സ്നേഹിക്കാൻ മത്സരിക്കണം. അപ്പോഴാണ് കുടുംബം സ്വർഗമായി മാറുന്നത്. പ്രാർത്ഥനയില്ലായ്മയും സ്നേഹശൂന്യതയും ഒക്കെ കുടും



www.malankaralibrary.com

ബത്തിന്റെ ഊഷ്മളതയും കുടുംബ ഐക്യവും തകരുന്നതിനു കാരണമാകുന്നു. കുഞ്ഞുങ്ങൾ വേണ്ട എന്ന ചിന്ത കുടുംബത്തെ തകർച്ചയിലേക്കു നയിക്കുന്നു. ഭ്രൂണഹത്യയും ദയാവധവും കുടുംബത്തെ നശിപ്പിക്കുന്ന, മനുഷ്യ മനസാക്ഷിയെ മരവിപ്പിക്കുന്ന വേദനയായി പല കുടുംബങ്ങളിലും ഇന്നു നിലനിൽക്കുന്നു. ആധുനികതയെ പുൽകാൻ വെമ്പൽ കൊള്ളുന്ന പുതുതലമുറ, പഴമയുടെ നന്മകൾ കൂടെ കൂട്ടുവാൻ കൂട്ടാക്കാറില്ല. അതുകൊണ്ടുതന്നെ പല അപജയങ്ങളും കുടുംബങ്ങളിലും വ്യക്തികളിലും സംഭവിക്കുന്നു. കുടുംബകേന്ദ്രീകൃതമായ ഒരു മനോഹര സംസ്കാരം നമുക്കുണ്ടാവണം. കുഞ്ഞുങ്ങളുടെ, കുടുംബാംഗങ്ങളുടെ മാനസികാരോഗ്യം വളരുന്നതിന് അവരെ നല്ല പൗരന്മാരായി രൂപപ്പെടുത്തുന്നതിന് ഇത് ഏറെ സഹായകമാകും. പ്രാർത്ഥനയുടെ സമയം ഇന്ന് നവമാധ്യമങ്ങളും, ടി. വി. യും, ഫോണുമൊക്കെ കവർന്നെടുക്കുന്നു. ഇതു ദൈവത്തോടുള്ള ബന്ധത്തിനു തടസമാകുന്നു. കൂടാതെ കുടുംബാംഗങ്ങൾ തമ്മിലുള്ള ബന്ധത്തിനും വിഘാതമാകുന്നു.

ദൈവികസ്നേഹം ഏറ്റം സ്പഷ്ടമായും ആഴത്തിലും വെളിവാകുന്നത് പരി.കുർബാനയിലാണ്. വി. കുർബാനയിലൂടെ കുടുംബാംഗങ്ങളെല്ലാവരും കുടുംബത്തിലേക്ക് ദൈവസ്നേഹത്തെ ക്ഷണിക്കണം. വി. കുർബാന ഐക്യത്തിന്റെ പരമോന്നത കൂദാശയാണ്. ഇത് വ്യക്തിപരമായും, കുടുംബത്തെ പൂർണമായും ക്രിസ്തുവിലേക്കടുപ്പിക്കുന്നു. വി. കുർബാന കേന്ദ്രീകൃതമായ കുടുംബജീവിതം കുടുംബത്തെ പറുദീസയാക്കി മാറ്റും. ക്രിസ്തീയ സ്നേഹത്തിന്റെ സ്രോതസ് എന്ന നിലയിൽ വി. കുർബാന, ദമ്പതികളുടെ പരസ്പര സ്നേഹത്തെ വിശുദ്ധീകരിക്കുകയും മക്കളും മാതാപിതാക്കളും ബന്ധുജനങ്ങളും അടങ്ങുന്ന സ്നേഹത്തിന്റെ വലിയ കൂട്ടായ്മയിലേക്ക് ഉപവിയുടെ വഴികൾ തുറക്കുകയും ചെയ്യും. സ്നേഹം പരാജയപ്പെടുമ്പോളാണ് കുടുംബബന്ധങ്ങളിൽ അകൽച്ചയും കുടുംബത്തകർച്ചയിലേക്കുമൊക്കെ നയിക്കപ്പെടുകയും ചെയ്യുന്നത്. ക്ഷമയുടെയും സ്നേഹത്തിന്റെയും കരുതലുകൾ കുടുംബത്തിലുണ്ടാവണം. വി. കുർബാനയോടും ദൈവവചനത്തോടും സഭയോടും ചേർന്നുനിന്ന് അനുഗ്രഹീതമായി ജീവിക്കുമ്പോൾ നമ്മുടെ കുടുംബങ്ങൾ പറുദീസയായി മാറും.

## Matrimonial

**M - 317**

ദുബായിൽ അക്കൗണ്ടന്റായി ജോലി ചെയ്യുന്ന പത്തനംതിട്ട രൂപതാംഗമായ മലങ്കര കത്തോലിക്കാ യുവാവ് (29 വയസ്, 161 c.m.) അനുയോജ്യരായ യുവതികളുടെ മാതാപിതാക്കളിൽനിന്നും വിവാഹാലോചന ക്ഷണിക്കുന്നു. **Contact : 9446194303**

**M - 318**

സ്വന്തമായി ബിസിനസ് ചെയ്യുന്ന പത്തനംതിട്ട ഭദ്രാസനാംഗമായ മലങ്കര കത്തോലിക്കാ യുവാവ് (35 വയസ്, 5.8 height, വിദ്യാഭ്യാസ യോഗ്യത - Diploma in Quality Controller) അനുയോജ്യരായ യുവതികളുടെ മാതാപിതാക്കളിൽനിന്നും വിവാഹാലോചന ക്ഷണിക്കുന്നു.

**Contact : 9526299497, 7012738288**

**M - 319**

കോട്ടയത്ത് പ്രൈവറ്റ് കമ്പനിയിൽ അക്കൗണ്ടന്റായി ജോലി ചെയ്യുന്ന തിരുവല്ല അതിഭദ്രാസനാംഗമായ മലങ്കര കത്തോലിക്കാ യുവാവ് (31 വയസ്, 166 c.m., വിദ്യാഭ്യാസ യോഗ്യത - M.Com) സാധാരണ കുടുംബം. അനുയോജ്യരായ യുവതികളുടെ മാതാപിതാക്കളിൽനിന്നും വിവാഹാലോചന ക്ഷണിക്കുന്നു. **Contact : 9495764890**

**M - 320**

തിരുവല്ല അതിരൂപതയിൽപ്പെട്ട മലങ്കര കത്തോലിക്കാ യുവാവ് (28 വയസ്, 165 c.m.) മസ്ക്കറ്റിൽ കമ്പനി മാനേജരായി വർക്ക് ചെയ്യുന്നു. അനുയോജ്യമായ വിവാഹാലോചന ക്ഷണിക്കുന്നു.

**Contact : 9497811794, 8075762667**



www.malankaralibrary.com



# കുടുംബമേ നീ എന്താണോ അതായിത്തീരുക



**സി. ലില്ലി ജോസ് എസ്.ഐ.സി.**
(മദർ പ്രൊവിൻഷ്യൽ, ബഥനി സന്യാസിനിസമൂഹം, തിരുവല്ല)

മാനവ ചരിത്രത്തിൽ ഏതൊരു സമൂഹത്തിന്റെയും അടിത്തറയായി നിലകൊള്ളുന്ന ഏറ്റവും സുപ്രധാനമായ കൂട്ടായ്മയാണ് കുടുംബം. വ്യക്തികൾക്ക് ജന്മം നൽകി, അവരെ നന്നായി വളർത്തി, ശരിയായ വ്യക്തിത്വത്തിന് ഉടമകളാക്കി, ഉത്തമ പൗരന്മാരാക്കി സമൂഹത്തിന് ഈടുറ്റ സംഭാവന നൽകുന്നത് കുടുംബങ്ങളാണ്. സഭയുടെയും സമൂഹത്തിന്റെയും നേഴ്സറിയാണ് കുടുംബം. 'ലോകത്തിന്റെ ഭാവി കടന്നു പോകുന്നത് കുടുംബങ്ങളിലൂടെയാണ്. ആകയാൽ സ്നേഹത്തിന്റേയും കൂട്ടായ്മയുടെയും കേന്ദ്രങ്ങളായി എല്ലാ കുടുംബങ്ങളും രൂപാന്തരപ്പെടണം' എന്ന് പരിശുദ്ധ ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പ നമ്മെ പഠിപ്പിക്കുന്നു.

ദൈവരാജ്യം സ്ഥാപിക്കാനുള്ള സഭയുടെ യത്നത്തിൽ ഏറ്റവും സജീവമായി പ്രവർത്തിക്കേണ്ട ഘടകം കുടുംബമാണ്. 'ദൈവിക സ്രോതസിൽനിന്ന് ഉത്ഭവിക്കുന്നതും തിരുസഭയുമായുള്ള ക്രിസ്തുനാഥന്റെ ഐക്യത്തിന്റെ മാതൃകയിൽ സംവിധാനം ചെയ്തിരിക്കുന്നതുമായ ഒരു ബഹുമുഖ സ്നേഹമാണ് കുടുംബജീവിതം എന്ന് രണ്ടാം വത്തിക്കാൻ കൗൺസിൽ പ്രമാണരേഖ (L.G. 48) പഠിപ്പിക്കുന്നു. 'വിശ്വാസരഹസ്യങ്ങളുടെ പ്രഥമ മുന്നോടികളായ മാതാപിതാക്കൾ കുട്ടികളെ ചെറുപ്രായത്തിൽത്തന്നെ ആ രഹസ്യങ്ങളിലേക്ക് പ്രവേശിപ്പിക്കണം. അവരുടെ ശൈശവത്തിൽത്തന്നെ സഭയുടെ ജീവിതവുമായി ബന്ധിപ്പിക്കണം' (CCC 2225) എന്ന് കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥവും ഉദ്ബോധിപ്പിക്കുന്നു.

വിശ്വാസപരീശീലനത്തിന് ആരംഭം കുറിക്കേണ്ടതും ക്രൈസ്തവ വിശ്വാസം ആഴത്തിൽ പതിയാൻ വേദിയൊരുക്കേണ്ടതും വിശ്വാസത്തിന്റെ പിള്ളത്തൊട്ടിലായ കുടുംബത്തിലാണ്. 'കുടുംബം സ്നേഹസമൂഹം' എന്ന അപ്പസ്തോലിക ലേഖനത്തിലൂടെ (no. 17) പരിശുദ്ധ ജോൺ പോൾ രണ്ടാമൻ മാർപാപ്പ ഉദ്ബോധിപ്പിച്ച, 'കുടുംബമേ നീ എന്താണോ അതായിത്തീരുക' എന്ന സവിശേഷമായ ദൗത്യനിർവഹണത്തിന് അടിയന്തിരമായ ശ്രദ്ധ മറ്റെന്നെത്തേയുംകാൾ അധികമായി ഇക്കാലയളവിൽ പതിപ്പിക്കേണ്ടതുണ്ട്. സുവിശേഷത്തിന് യോജിച്ച രീതിയിൽ ജീവിച്ചുകൊണ്ട് ക്രിസ്തീയ വിവാഹത്തിന്റെ മാതൃക ലോകത്തെ കാണിക്കുവാനും അങ്ങനെ ക്രിസ്തുവിന് ഉത്തമ സാക്ഷികളാകുവാനും ക്രിസ്തീയ കുടുംബങ്ങൾക്ക് കടമയുണ്ട്. സമൂഹത്തിന്റെ അടിസ്ഥാന ഘടകമായ കുടുംബത്തിലാണ് ഒരു വ്യക്തിയുടെ ഭാവി രൂപപ്പെടുന്നത് എന്നത് നിസ്തർക്കമായ കാര്യമാണ്. 'ക്രിസ്തീയ ദമ്പതികൾ വിവാഹമെന്ന കൂദാശയുടെ ശക്തിയാൽ ക്രിസ്തുവും സഭയുമായുള്ള ഐക്യത്തിന്റെയും ഫലദായകമായ സ്നേഹത്തിന്റെയും രഹസ്യം പ്രദ്യോതിപ്പിക്കുകയും അതിൽ പങ്കുചേരുകയും ചെയ്യുന്നു. തങ്ങളുടെ ദാമ്പത്യജീവിതവും സന്താനങ്ങളുടെ വളർത്തലും പരിശീലനവുംവഴി വിശുദ്ധി പ്രാപിക്കുവാൻ അവർ പരസ്പരം സഹായിക്കുന്നു' എന്നാണ് രണ്ടാം വത്തിക്കാൻ കൗൺസിൽ പഠിപ്പിക്കുന്നത്. സ്നേഹത്തിലും, ദാനത്തിലും തങ്ങളെത്തന്നെ നൽകാനുള്ള ഉത്തരവാദിത്വവും നിയോഗവുമാണ് ഭാര്യയ്ക്കും ഭർത്താവിനും നൽകപ്പെട്ടിരിക്കുന്നത്. മക്കളെ സുവിശേഷവൽക്കരിക്കാനുള്ള ഉത്തരവാദിത്വവും ആനുകൂല്യവുമാണ് വിവാഹമെന്ന കൂദാശയുടെ കൃപാവരത്തിലൂടെ മാതാപിതാക്കൾ സ്വീകരിക്കുന്നത്. മക്കൾക്ക് സുവിശേഷത്തിന്റെ ആദ്യ മുന്നോടികൾ മാതാപിതാക്കളാണ്. തിരിച്ചറിവാകുന്നതുവരെയും മക്കൾ വായിച്ചു പഠിക്കുന്ന സുവിശേഷവും മാതാപിതാക്കൾ തന്നെയാണ്. ദൈവത്തിന് കേന്ദ്ര സ്ഥാനം കല്പിക്കുന്ന കുടുംബങ്ങൾക്ക് മാത്രമേ ഉത്കൃഷ്ഠമായ മനുഷ്യത്വത്തിന്റെ വിദ്യാലയമാകാൻ സാധിക്കൂ. ഉത്തമ സാക്ഷ്യവും ജീവിത മാതൃകകളും വഴി കുട്ടികളോട് ആദ്യമായി വിശ്വാസം പ്രസംഗിക്കേണ്ടത് മാതാപിതാക്കളാണ്. 'കുഞ്ഞുങ്ങൾക്കും യുവാക്കൾക്കും യഥാർത്ഥ വിശ്വാസപരിശീലനം നൽകേണ്ട ഇടമാ



www.malankaralibrary.com

ണ് കുടുംബം' (FC 53) എന്ന് വി. ജോൺ പോൾ രണ്ടാമൻ മാർപാപ്പ ചൂണ്ടിക്കാണിക്കുന്നു.

കുടുംബത്തകർച്ചകളും ഭിന്നതയും എക്കാലത്തെയുംകാൾ അധികമായി ഇന്ന് വർദ്ധമാനമായികൊണ്ടിരിക്കുന്നു. വിവാഹമോച



നങ്ങളും വേർപെടലുകളും നിത്യസംഭവങ്ങളായി മാറി കൊണ്ടിരിക്കുന്നു. ജീവന്റെ സംസ്കാരം പണിതുയർത്തേണ്ട കുടുംബങ്ങൾ ഇന്ന് മരണ സംസ്കാരത്തിലേക്ക് നിപതിച്ചുകൊണ്ടിരിക്കുന്നു. കുടുംബങ്ങളിൽ വളർന്നു കൊണ്ടിരിക്കുന്ന ഉപഭോഗ സംസ്കാരത്തിന്റെയും താൻപോരിമയുടേയും വ്യക്തിവാദത്തിന്റെയും പരിണിതഫലമായി, ആവശ്യങ്ങൾക്ക് മാത്രം ഉപയോഗിക്കുകയും ആവശ്യാനുസരണം മാത്രം വ്യക്തിബന്ധങ്ങളിൽ ഏർപ്പെടുകയും ചെയ്യുന്ന വിഷലിപ്തമായ ജീവിതശൈലി കുടുംബത്തിന്റെ പാവനതയ്ക്ക് കളങ്കം ചാർത്തുന്നു എന്ന സത്യം വിസ്മരിക്കാവതല്ല. നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന ജീവിതമൂല്യങ്ങൾ തിരികെ പിടിക്കുന്നതിന് വ്യക്തികളും കുടുംബങ്ങളും സമൂഹവും ഒരുപോലെ ഉണർന്നെഴുന്നേൽക്കേണ്ടതുണ്ട്. അപ്പോൾ മാത്രമേ ഭൂമിയിൽ ദൈവരാജ്യം സ്ഥാപിക്കുന്നതിൽ കുടുംബങ്ങൾക്കുള്ള മർമ്മ പ്രധാനമായ പങ്ക് നിറവേറപ്പെടുകയുള്ളൂ. ദൈനംദിന ഉത്തരവാദിത്വങ്ങൾ അതിന്റെ പൂർണ്ണതയിൽ നിറവേറുന്നതി

ലാണ് കുടുംബത്തിന്റെ ആധ്യാത്മികത അടങ്ങിയിരിക്കുന്നത്. പരിശുദ്ധ ജോൺ പോൾ മാർപാപ്പ നമ്മെ ഓർമ്മിപ്പിക്കുന്നു: 'സന്തോഷങ്ങൾ, സന്താപങ്ങൾ, പ്രതീക്ഷകൾ, മോഹഭംഗങ്ങൾ, ജന്മദിനങ്ങൾ, വിവാഹവാർഷികങ്ങൾ, വേർപാടുകൾ, പ്രത്യാഗമനങ്ങൾ, സുപ്രധാന തീരുമാനങ്ങൾ ഇവയെല്ലാം കൃതജ്ഞതാപ്രകാശനത്തിനും യാചനയ്ക്കും കുടുംബത്തെ സ്വർഗ്ഗീയ പിതാവിന്റെ കരങ്ങളിൽ വിശ്വാസത്തോടെ ഏല്പിച്ചു കൊടുക്കുന്നതിനുമുള്ള ഉചിതമായ സന്ദർഭങ്ങളായി മാറണം' (കുടുംബ കൂട്ടായ്മ 59). ഈ ദൗത്യം നിർവ്വഹിക്കപ്പെടുമ്പോൾ ജീവന്റേയും സ്നേഹത്തിന്റേയും ഉറ്റ സമൂഹമായി കുടുംബങ്ങൾ മാറും. പരസ്പര സ്നേഹവും ശ്രദ്ധയും അനുദിനം പരിപോഷിപ്പിക്കുന്നിടത്ത് ക്രൈസ്തവ കുടുംബങ്ങൾ അതിന്റെ ദൗത്യം നിർവ്വഹിക്കുന്നു. ഏത് വിത്തും മുളയ്ക്കുവാൻ മണ്ണും വളവും വായുവും വെള്ളവും മാത്രമല്ല അനുകൂലമായ സാഹചര്യവും ഉണ്ടാകണം. നിലം ഉഴുത്, ഒരുക്കി, വിത്ത് പാകി, സമയാസമയങ്ങളിൽ വേണ്ട പരിചരണം നൽകുന്ന ഒരു കർഷകനു മാത്രമേ 100 മേനി ഫലം പ്രതീക്ഷിക്കാൻ വകയുള്ളൂ. അതുപോലെതന്നെ, വിശ്വാസത്തിന്റെയും പ്രത്യാശയുടെയും സ്നേഹത്തിന്റെയും വിത്ത് പാകാൻ തക്കവിധം നിലമൊരുക്കുകയും കാലാകാലങ്ങളിൽ ആവശ്യമായ പരിചരണം നൽകുകയും ചെയ്യുവാൻ, മാതാപിതാക്കളിലും മതാധ്യാപകരിലും വിദ്യാലങ്ങളിലും നിക്ഷിപ്തമായിരിക്കുന്ന വലിയ ഉത്തരവാദിത്തം വേണ്ടവിധം മനസിലാക്കുവാൻ നാം ഇനിയും വൈകിക്കൂടാ. മാതൃഭാഷയിൽനിന്നും മണ്ണിൽനിന്നും അകന്ന് violence നിറഞ്ഞ game കളിൽ വ്യാപൃതരായി കഴിയുന്ന പുതുതലമുറയെ, മൂല്യബോധത്തിൽ അടിയുറച്ച് സഹജീവികളോടുള്ള സ്നേഹത്തിൽ വളരാൻ പഠിപ്പിക്കുക ശ്രമകരമാണ്. സ്വന്തം മാതാപിതാക്കളെയും കൂടെപ്പിറപ്പുകളെയുംപോലും കൊന്നു തള്ളാനും അടിച്ചു തകർക്കാനും മടിക്കാത്ത ഒരു തലമുറ ഇന്ന് വളർന്നു വരുന്നെങ്കിൽ അതിന് ഉത്തരവാദികൾ ഒരു പരിധിവരെ നാമോരോരുത്തരുമാണ്. ദാഹിച്ച് വലയുന്ന പക്ഷിമൃഗാദികൾക്ക് അല്പം വെള്ളം നൽകാൻ, പുതിയ ഒരു ചെടി നട്ടു നനച്ച് പൂവിടുന്നത് കണ്ടു സന്തോഷിക്കുവാൻ, അദ്ധ്വാനിച്ച് ഭക്ഷണം കഴിക്കാൻ, ഉള്ളതിൽ ഒരു പങ്ക് ഇ



www.malankaralibrary.com

ല്ലാത്തവനുംകൂടി പകുത്തു നൽകാനൊക്കെ നാം മറന്നുപോയി. ശരീരത്തിൽ മണ്ണ് പറ്റാതെ, മഴയും വെയിലും കൊള്ളാതെ, അയൽപക്കത്തെ കുഞ്ഞിനോട് ഇടപഴകുവാൻ അനുവദിക്കാതെ വളർത്തുന്നത് അന്തസ്സും അഭിമാനവുമായി കരുതുന്ന നാം മക്കളോട് ചെയ്യുന്നത് പൊറുക്കാനാവാത്ത അപരാധമാണെന്ന് തിരിച്ചറിയണം. സ്വന്തം കാര്യങ്ങൾ സ്വയം ചെയ്യുന്നത് കുറവല്ലെന്ന് പഠിക്കുവാനും വസ്ത്രധാരണത്തിന്റെ കാര്യത്തിൽ മാന്യത പുലർത്തുവാനും തൊഴിലിന്റെ മാഹാത്മ്യത്തെക്കുറിച്ച് മനസിലാക്കുവാനും, മറ്റുള്ളവരെ തങ്ങളേക്കാൾ ശ്രേഷ്ഠരായി കരുതുവാനും നമ്മുടെ കുഞ്ഞുങ്ങൾ പരിശീലിപ്പിക്കപ്പെടേണ്ടതുണ്ട്. 'ആൽകെമിസ്റ്റിൽ' നിധി തേടിപ്പോയ സാന്റിയാഗോ എന്ന ബാലൻ അനേകനാൾ യാത്ര ചെയ്ത് ഒടുവിൽ താൻ തേടിയ നിധി, ആദ്യം പുറപ്പെട്ട പള്ളിമുറ്റത്തു തന്നെയാണ് എന്ന് തിരിച്ചറിഞ്ഞതുപോലെ നാം കണ്ടെത്തേണ്ട വലിയ നിധിയായ ദൈവത്തെ മണ്ണിലും വിണ്ണിലും തൂണിലും തുരുമ്പിലും നമ്മുടെ ഉള്ളിൽത്തന്നെയും കണ്ടെത്തുവാൻ നമ്മുടെ മക്കൾ തിരിച്ചറിയേണ്ടതുണ്ട്.

കുടുംബത്തിലെ വിശ്വാസപരിശീലനം നേരിടുന്ന വെല്ലുവിളികൾ ഏറെയാണ്. സമൂഹത്തിന്റെ പൊതുമാറ്റങ്ങൾ കുടുംബത്തെയും ബാധിച്ചിരിക്കുന്നു. മുൻകാലങ്ങളിൽ, വിശ്വാസത്തിൽ വളരാൻ അനുകൂലമായ സാഹചര്യങ്ങൾ വീട്ടിലുണ്ടായിരുന്നു. മാതാപിതാക്കളും മക്കളും ഒരുമിച്ചിരുന്നു പ്രാർത്ഥിക്കുന്നതിൽ ആനന്ദം കണ്ടെത്തുന്ന കുടുംബാന്തരീക്ഷം എവിടെയും കാണാമായിരുന്നു. ഇന്ന് മാതാപിതാക്കൾ സ്വന്തം വിശ്വാസ ജീവിതത്തിൽ ശ്രദ്ധയില്ലാത്തവരായി. 'സീരിയൽ മഴ' യുടെ വരവോടെ ഒന്നുചേർന്നുള്ള കുടുംബ പ്രാർത്ഥനകളുടെ എണ്ണം കുറഞ്ഞു. അസ്ഥിരമാവുന്ന മൂല്യബോധം മാതാപിതാക്കളെയും കുട്ടികളെയും പിടിമുറുക്കി. ഇതിന്റെയെല്ലാം ഫലമായി കുടുംബത്തിൽ നടക്കേണ്ട വിശ്വാസകൈമാറ്റത്തിന് ശോഷണം നേരിട്ടുകൊണ്ടിരിക്കുന്നു എന്നത് യാഥാർത്ഥ്യമാണ്. നഷ്ടപ്പെട്ടത് കൈമാറാൻ മാതാപിതാക്കൾക്ക് കഴിയില്ലല്ലോ. ഇങ്ങനെ സജീവമായ വിശ്വാസജീവിതത്തിന് കുടുംബത്തിൽ അടിസ്ഥാനം ഉറപ്പിക്കാൻ അവസരം ലഭിക്കാത്ത പുതുതലമുറയാണ് ഇന്നുള്ളത്. ജസ്റ്റിസ് ശ്രീ കുര്യൻ ജോസഫ് പറയുന്നു: 'ഭൗതികവൽക്കരണമാണ് ഇന്ന് കുടുംബങ്ങൾ നേരിടുന്ന ഏറ്റവും പ്രധാനമായ വെല്ലുവിളി. എല്ലാവരും അവരവരുടെ ജീവിതം സന്തോഷപ്രദമാക്കാനാണ് ശ്രമിക്കുന്നത്'. വിശ്വാസത്തെ ഇത് വളരെയേറെ ബാധിക്കുന്നു. ആഗോളവൽക്കരണം കുടുംബങ്ങളിൽ ശിഥിലീകരണം ഉണ്ടാക്കുന്നു. കുടുംബ പ്രാർത്ഥന നഷ്ടപ്പെടുന്നു. അപ്പനും അമ്മയും മക്കളും ഹൃദയം തുറന്ന് സംസാരിക്കുന്ന കാഴ്ച നഷ്ടപ്പെടുന്നു. മൊബൈലിന്റെയും ഇന്റർനെറ്റിന്റെയും ലോകത്തിലേക്ക് അവർ ചുരുങ്ങുന്നു. കുടുംബ സദസ്സ് ഇല്ലാതാകുന്നു.

ഒരു പിതാവാകുകയെന്നാൽ മക്കളെ ജീവിത യാഥാർത്ഥ്യത്തിലേക്ക് കൈപിടിച്ചു നടത്തുക എന്നാണ് വിവക്ഷ. അവരെ പിന്നിൽ നിർത്തിയോ, അമിതമായി സംരക്ഷിച്ചോ, ഉടമസ്ഥാവകാശം സ്ഥാപിച്ചോ അല്ല, സ്വയം തീരുമാനങ്ങളെടുക്കാൻ അവരെ പ്രാപ്തരാക്കിയും സ്വാതന്ത്ര്യം അനുവദിച്ചും പുതിയ സാധ്യതകൾ കണ്ടെത്താൻ പ്രേരിപ്പിച്ചുമാണ് പിതൃത്വപരമായ കടമ നിർവഹിക്കേണ്ടത്. കുട്ടികൾക്കായി ജീവിക്കാൻ പിതാക്കന്മാർ വിസമ്മതിക്കുമ്പോൾ പുതിയതും അപ്രതീക്ഷിതവുമായ കാഴ്ചപ്പാടുകൾ രൂപമെടുക്കും. ഓരോ ശിശുവും തനതായ നിഗൂഢതയുമായാണ് ജനിക്കുന്നത്. കുട്ടിയുടെ സ്വാതന്ത്ര്യത്തെ മാനിച്ചുകൊണ്ട്, ആ നിഗൂഢതക്കുമേൽ പിതാവ് പ്രകാശം പകർന്നു കൊടുക്കണം. മാതാപിതാക്കൾ 'ഉപയോഗശൂന്യരായി' മാറുന്ന ഘട്ടത്തിൽ, മകനോ, മകളോ സ്വന്തം ജീവിതപാതയിലൂടെ ഒറ്റയ്ക്കു നടക്കാൻ പ്രാപ്തി കൈവരിക്കുമ്പോൾ, തങ്ങൾ അവരുടെ പിതാവും മാതാവും ഗുരുവും വഴികാട്ടിയുമായിരുന്നെന്ന് തിരിച്ചറിയണം. കുഞ്ഞിന്റെ ഉടമസ്ഥാവകാശം തനിക്കല്ലെന്നും പരിപാലിക്കുവാനുമുള്ള നിയോഗം മാത്രമാണ് തനിക്കുള്ളതെന്നും തിരിച്ചറിയുന്ന ഘട്ടത്തിൽ ഒരു പിതാവ്, യൗസേപ്പിനെപ്പോലെയാകുന്നു. വിശുദ്ധ യൗസേപ്പ് 'നീതിമാനായ ഒരു മനുഷ്യനും' അക്ഷീണനായ ഒരു തൊഴിലാളിയും, തന്റെ ശ്രദ്ധയ്ക്കായി ഭരമേല്പിക്കപ്പെട്ടവരുടെ സത്യസന്ധനായ കാവൽക്കാരനുമായിരുന്നു. പരിശുദ്ധ അമ്മയെപ്പോലെയുള്ള അമ്മമാരും, വി. യൗസേഫ് പിതാവിനെപ്പോലെയുള്ള അപ്പന്മാരും ഉണ്ടായാൽ, ഉണ്ണീശോയെപ്പോലെയുള്ള മക്കളുണ്ടാകും എന്നത് ഉറപ്പാണ്. പരസ്പരം വിശുദ്ധീകരിക്കുവാനും കുടുംബത്തെ വിശുദ്ധീകരിക്കുവാനും മാതാപിതാക്കൾക്കുള്ള ചുമതല യഥാവിധി നിറവേറ്റുവാൻ തിരുക്കുടുംബത്തിന്റെ മധ്യസ്ഥത നമുക്ക് തേടാം. തിരുക്കുടുംബത്തിന്റെ പാലകനായ വി. യൗസേഫ് പിതാവ് കുടുംബങ്ങളെ കാത്തുസൂക്ഷിക്കുകയും പ്രബുദ്ധമാക്കുകയും ചെയ്യും. യൗസേഫ് പിതാവിനെപ്പോലെയും മാതാവിനെപ്പോലെയും ഉണ്ണീശോയെപ്പോലെയും തിരുക്കുടുംബം നിർമ്മിക്കുന്ന നല്ല കുടുംബങ്ങൾ രൂപപ്പെടട്ടെ എന്ന പ്രാർത്ഥനയോടെ ഈ കുടുംബവർഷത്തിൽ നമുക്ക് ആയിരിക്കാം.



www.malankaralibrary.com

# നമ്മുടെ കുടുംബങ്ങളെ സ്വർഗ്ഗമാക്കാം



**സുജമോൾ ജോസ് ഇല്ലത്തുപറമ്പിൽ, എറണാകുളം**
(Motivational Trainor & Columnist)

സഭയുടെയും സമൂഹത്തിന്റെയും രാഷ്ട്രത്തിന്റെയും അടിസ്ഥാനഘടകം എന്നത് കുടുംബമാണ്. അതുകൊണ്ടുതന്നെ കുടുംബത്തിന്റെ വളർച്ചയും തളർച്ചയുമെല്ലാം പ്രത്യക്ഷമായോ പരോക്ഷമായോ ഈ മൂന്ന് സംവിധാനങ്ങളെയും സ്വാധീനിക്കാറുമുണ്ട്. ഒരു പ്രദേശത്തെ കുടുംബങ്ങളുടെ കെട്ടുറപ്പും ഭദ്രതയും എങ്ങനെയാണെന്നതിനെ അടിസ്ഥാനമാക്കിയാണ് ആ സമൂഹത്തിന്റെ സുസ്ഥിതി കണക്കാക്കപ്പെടുന്നത്. അതുപോലെതന്നെയാണ് കത്തോലിക്കാകുടുംബങ്ങളുടെ കാര്യവും. ഒരു ഇടവകയുടെ ആത്മീയതയെ അടയാളപ്പെടുത്താനുള്ള ഏകകവും അവിടെയുള്ള കുടുംബങ്ങൾ തന്നെയാണെന്ന് പറയാം.

“ക്രൈസ്തവ കുടുംബം സഭാത്മക കൂട്ടായ്മയുടെ സവിശേഷമായ ഒരു പ്രദർശനവും സാക്ഷാത്ക്കാരവുമാണ്. ഇക്കാരണത്താൽ അത് ‘ഗാർഹികസഭ’ എന്നു വിളിക്കപ്പെടുന്നു (CCC 2204). കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥം ക്രൈസ്തവ കുടുംബത്തെ ഇങ്ങനെ നിർവ്വചിക്കുമ്പോൾ സഭ എത്രമാത്രം പ്രാധാന്യമാണ് കുടുംബങ്ങൾക്ക് നല്കുന്നത് എന്ന് നമുക്ക് ബോധ്യമാകും. ജീവനില്ലാത്ത നാലുചുമരുകൾക്കും മേൽക്കൂരയ്ക്കും ജീവനുണ്ടാകുന്നത്, അവിടെ സ്നേഹിക്കുന്ന ഒരു കുടുംബം വസിക്കുമ്പോഴാണ്, ആ കുടുംബത്തിന്റെ നാഥൻ ക്രിസ്തുവാകുമ്പോഴാണ്. ‘സ്വർഗത്തിന്റെ മുന്നോടിയാണ് ഓരോ സന്തുഷ്ട കുടുംബവും” എന്ന ബർണാർഡ് ഷായുടെ വാക്കുകൾക്ക് ഇവിടെ പ്രസക്തിയുണ്ട്.


സന്തുഷ്ടകുടുംബങ്ങൾ തീർച്ചയായും ഭൂമിയിൽ സ്വർഗ്ഗം തീർക്കുന്നു എന്നതിൽ സംശയമില്ല. എന്നാൽ ഇന്ന് എത്ര ക്രൈസ്തവ കുടുംബങ്ങൾക്ക് അത് സാധിക്കുന്നു എന്നതിലാണ് കാര്യം. “കൂടുമ്പോൾ ഇമ്പമുള്ളതാണ് കുടുംബം” എന്ന് കാലങ്ങളായി നമ്മൾ കുടുംബത്തെ നിർവ്വചിക്കുന്നുണ്ട്. എന്നാൽ ഇന്ന് ആ ഇമ്പം കുടുംബങ്ങളിൽ അനുഭവവേദ്യമാകുന്നുണ്ടോ? ഇമ്പം നഷ്ടപ്പെട്ട്, ഒരു അഡ്ജസ്റ്റ്മെന്റിൽ മുന്നേറുന്ന കുടുംബങ്ങളുടെ എണ്ണം നാൾക്കുനാൾ വർദ്ധിക്കുന്നു. കുടുംബഭദ്രതയുടെ അടിത്തറയ്ക്ക് ഇളക്കം തട്ടിയിരിക്കുന്നു. കാരണങ്ങൾ പലതാണ്:

ഒന്നാമതായി, നമ്മുടെ കൂട്ടുകുടുംബ വ്യവസ്ഥിതി അണുകുടുംബ വ്യവസ്ഥിതിയിലേക്ക് മാറിയിരിക്കുന്നു. രണ്ടു വ്യവസ്ഥിതികൾക്കും ഗുണവും ദോഷവുമുണ്ട്. സ്വകാര്യത, സാമ്പത്തിക ഭദ്രത തുടങ്ങിയവയെല്ലാം അണുകുടുംബങ്ങൾ നമുക്ക് തരുമ്പോൾ കൂട്ടായ്മയുടെ സ്നേഹം, ത്യാഗം തുടങ്ങിയവയെല്ലാം നമുക്ക് നഷ്ടമായി. വൃദ്ധസദനങ്ങളുടേയും ചൈൽഡ് കെയർ സെന്ററുകളുടേയും എണ്ണം കൂടി. വല്ല്യപ്പച്ചന്മാരിൽനിന്നും വല്ല്യമ്മച്ചിമാരിൽനിന്നും (Grand parents) കുഞ്ഞുങ്ങൾക്ക് ലഭിച്ചുകൊണ്ടിരുന്ന കരുതലും സ്നേഹവും പ്രോത്സാഹനവും മൂല്യബോധവും എല്ലാം ഏറെക്കുറെ നഷ്ടമായ അവസ്ഥയാണിന്നുള്ളത്. ഒരായുസ്സു മുഴുവൻ മക്കൾക്കായി അരമുറുക്കി അദ്ധ്വാനിച്ച് അവരുടെ ജീവിതം ഭദ്രമാക്കാൻ ഓടിയ മാതാപിതാക്കൾ ഇന്ന് മക്കൾക്ക് ബാധ്യതയാകുന്നു. അഥവാ ഇനി ഇവരെല്ലാം ഒരുമിച്ചാണ് താമസിക്കുന്നതെങ്കിലും ഒരേ വീട്ടിൽ പല അണുകുടുംബങ്ങൾ രൂപം കൊള്ളുന്ന അവസ്ഥയും ഇന്നുണ്ട്. പ്രായമായ മാതാപിതാക്കൾ ഒരു മുറിയുടെ നാലു ചുവരുകൾക്കുള്ളിൽ അനാഥരെപ്പോലെ കഴിയുന്ന സ്ഥിതി വിശേഷവും ഇല്ലാതില്ല. മനസ്സുകളുടെ ഇമ്പം നഷ്ടമായാൽ കൂടുമ്പോൾ ഇമ്പം ഉണ്ടാവില്ല. ജീവനില്ലാത്ത ബന്ധങ്ങൾ ബന്ധനങ്ങളായി മാറും.

രണ്ടാമതായി, വളർന്നുവരുന്ന മാധ്യമ സംസ്കാരം ഒരേ കുടുംബത്തിൽ അനേക ലോകങ്ങൾ സൃഷ്ടിക്കുന്നു. കൈവെള്ളയിൽ ഒതുങ്ങുന്ന ഒരു മൊബൈൽ ഫോണിലേക്ക് ഓരോരുത്തരുടെ ലോകവും ചുരുങ്ങുന്നു.



www.malankaralibrary.com



കാതങ്ങൾക്കപ്പുറം പുതിയ ബന്ധങ്ങളുടെ മേച്ചിൽപ്പുറങ്ങൾ തേടുന്ന മക്കളും മാതാപിതാക്കളും ഒരു ചുമരിനപ്പുറവും അന്യരെപ്പോലെ കഴിയുന്നു. കുടുംബബന്ധങ്ങളുടെ ശിഥിലീകരണത്തിന് മാധ്യമങ്ങളുടെ ദുരുപയോഗം വഴിവെക്കുന്നു. കുടുംബാംഗങ്ങൾ തമ്മിലുള്ള ആശയവിനിമയം കുറഞ്ഞുവരുന്നു എന്നത് ഖേദകരമായ ഒരു സത്യമാണ്.

മൂന്നാമതായി, മനോഭാവത്തിലും മൂല്യബോധങ്ങളിലും വന്ന മാറ്റം നമ്മുടെ കുടുംബങ്ങളെ ഏറെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. ഓരോരുത്തരും അവനവനിലേക്ക് തന്നെ ചുരുങ്ങുന്നു. ഞാൻ, എന്റെ തൊഴിൽമേഖല, എന്റെ വ്യക്തിപരമായ ഉയർച്ച ഇതൊക്കെ നല്ലതാണെങ്കിലും ഇതിലേക്ക് മാത്രമായി നമ്മുടെ ശ്രദ്ധ ചുരുങ്ങുന്നു എന്നത് കുടുംബങ്ങളുടെ ഭദ്രതയ്ക്ക് അത്ര കണ്ട് ഭൂഷണമല്ല. മുതിർന്നവരോടുള്ള ബഹുമാനത്തിലും മാതാപിതാക്കളോടുള്ള ആദരവിലും ഇന്ന് വലിയ ഇടിവാണ് സംഭവിച്ചിരിക്കുന്നത്. ഇങ്ങനെ പ്രശ്നങ്ങൾ തിരഞ്ഞു പോയാൽ ധാരാളമുണ്ടാകും. എന്നാൽ എന്താണ് പരിഹാരം? നമ്മുടെ കുടുംബങ്ങൾ ക്രിസ്തുകേന്ദ്രീകൃതമാകട്ടെ എന്നതാണ് പ്രധാനം. നമ്മുടെ ജീവിതം വ്യക്തികേന്ദ്രീകൃതമാകാതെ ക്രിസ്തുകേന്ദ്രീകൃതമാകുവാൻ ഓരോരുത്തരും പ്രത്യേകം ശ്രദ്ധിക്കണം. കുടുംബങ്ങളിലെ ആത്മീയതയ്ക്ക് കോട്ടംവരാതെ, പ്രാർത്ഥിക്കുന്ന കുടുംബം ഒരുമിച്ചു നിലനില്ക്കും എന്ന പാപ്പയുടെ വാക്കുകൾ ഇവിടെ പ്രസക്തമാണ്. കൗദാശിക ജീവിതത്തിന് കുടുംബങ്ങൾ പ്രാധാന്യം നല്കുന്നുണ്ടോ എന്നും ശ്രദ്ധിക്കണം. മാതാപിതാക്കളുടെ കൗദാശികജീവിതം മക്കളെ ഏറെ സ്വാധീനിക്കുന്നതാണ്. ഉത്തമ ജീവിതമാതൃകകളാകുക എന്നതാണ് മാതാപിതാക്കൾക്ക് മക്കൾക്ക് നല്കാൻ കഴിയുന്ന ഏറ്റവും വലിയ സമ്മാനം. വർദ്ധിച്ചുവരുന്ന വിവാഹമോചനങ്ങളും മാതാപിതാക്കൾ തമ്മിലുള്ള കലഹവും എല്ലാം കുടുംബ ശിഥിലീകരണത്തിന്റെ മുഖ്യ കാരണങ്ങളാണെന്ന വസ്തുത മറക്കരുത്. ലഹരി തകർക്കുന്ന കുടുംബങ്ങളും കുറവല്ല. ഇത്തരം സാഹചര്യങ്ങളിലെല്ലാമാണ് മാതാപിതാക്കളുടെ ജീവിതമാതൃകയുടെ പ്രസക്തി.

മക്കൾക്ക് മാതൃകയാകാൻ മാതാപിതാക്കൾക്കും, ലോകത്തിന്റെ വഴികളിൽ കാലിടറാതിരിക്കാൻ മക്കൾക്കും, കരുത്തു ലഭിക്കാൻ കുടുംബമൊന്നായി പ്രാർത്ഥിക്കണം, അനുദിനം ദിവ്യബലിയിൽ പങ്കെടുക്കണം. ഇടവകയോടും സഭയുടെ എല്ലാ പ്രവർത്തനങ്ങളോടും ചേർന്നു നില്ക്കാൻ മക്കളെ പഠിപ്പിക്കണം. ദിവ്യബലിയിൽ നിന്നാർജ്ജിക്കുന്ന കരുത്താണ് കുടുംബങ്ങളുടെ അടിത്തറയായി നിലകൊള്ളുന്നത്. അവിടുത്തെ വചനങ്ങളാൽ നമ്മൾ നയിക്കപ്പെടണം. ‘‘അങ്ങയുടെ വചനം എന്റെ പാദത്തിന് വിളക്കും പാതയിൽ പ്രകാശവുമാണ്’’ (സങ്കീ. 119:105). അങ്ങനെ ദൈവത്തെ സ്നേഹിച്ചും സേവിച്ചും അനുകരിച്ചും അനുസരിച്ചും നമുക്ക് മുന്നോട്ട് നീങ്ങാം. കുടുംബപ്രാർത്ഥനയും പരിശുദ്ധ കുർബാനയും നമ്മുടെ മുന്നോട്ടുള്ള യാത്രയ്ക്ക് കരുത്താകും. കർത്താവിനെ മുറുകെ പിടിച്ച് മുന്നേറാൻ നമുക്കു കഴിയുമ്പോൾ നമ്മുടെ കുടുംബങ്ങളിൽ ഇമ്പമുണ്ടാകും. സഹനങ്ങളും ത്യാഗങ്ങളും സന്തോഷത്തോടെ ഏറ്റെടുക്കാൻ നമുക്ക് സാധിക്കും. കുടുംബം സ്വർഗ്ഗത്തിന്റെ മുന്നോടിയായി മാറും.



www.malankaralibrary.com


# കുടുംബങ്ങൾക്കുവേണ്ടി ഒരു വർഷം



ശ്രീ. ഷാജി തേലപ്പുറത്ത്

ആഗോള കത്തോലിക്കാസഭയിൽ കുടുംബവർഷാചരണം 2021 മാർച്ച് 19 മുതൽ ആരംഭിച്ചിരിക്കുകയാണ്. തിരുക്കുടുംബത്തിന്റെ വിശ്വസ്തനും വിവേകിയുമായ കാവൽക്കാരൻ – വി.യൗസേപ്പ് പിതാവിന്റെ മരണത്തിരുനാളിൽ കുടുംബ വർഷാചരണം ആരംഭിക്കുവാനിടയായത് സന്ദർഭോചിതമാണ്. 2022 ജൂൺ 26 വരെയാണ് കുടുംബവർഷാചരണം. കൂടാതെ, 2020 ഡിസംബർ 8 മുതൽ 2021 ഡിസംബർ 8 വരെയുള്ള ഒരു വർഷക്കാലം വി. യൗസേപ്പ് പിതാവിന്റെ സ്മരണയ്ക്കായും സഭ നീക്കിവച്ചിരിക്കുന്നു.

1994 നെ കുടുംബവർഷമായി യുണൈറ്റഡ് നേഷൻസ് പ്രഖ്യാപിച്ചിരുന്നു. അതേവർഷം ഒക്ടോബർ 8, 9 തീയതികളിൽ ഒന്നാമത് ലോകകുടുംബസമ്മേളനം വി. ജോൺ പോൾ രണ്ടാമൻ മാർപാപ്പയുടെ നേതൃത്വത്തിൽ റോമിൽ സംഘടിപ്പിക്കുകയുണ്ടായി. അന്നു മുതൽ, മൂന്നു വർഷത്തിലൊരിക്കൽ, ലോകകുടുംബസമ്മേളനം നടത്തിവരുന്നു. 2022 ജൂൺ 26 ന് നടക്കുന്ന പത്താമത് ലോകകുടുംബസമ്മേളനത്തോടനുബന്ധിച്ചാണ് കുടുംബവർഷാചരണം സമാപിക്കുന്നത്. കത്തോലിക്കാസഭയിൽ 2014ലും 2015 ലും നടന്ന കുടുംബ സിനഡുകൾക്കുശേഷം ഫ്രാൻസിസ് മാർപാപ്പ രചിച്ച സിനഡാനന്തര അപ്പസ്തോലിക ആഹ്വാനമാണ് 'അമോരിസ് ലെത്തീസ്യ' (The Joy of Love). "Amoris Laetitia" മാർപാപ്പ പുറപ്പെടുവിച്ചത് 2016 മാർച്ച് 19 നാണ്. അതിന്റെ അഞ്ചാം വാർഷികത്തോടനുബന്ധിച്ചാണ് ഈ വർഷത്തെ കുടുംബവർഷാചരണം. കുടുംബകേന്ദ്രീകൃതമായ പ്രേഷിതപ്രവർത്തനങ്ങൾക്ക് സഭ എക്കാലവും മുന്തിയ പരിഗണന നൽകിവരുന്നു. കുടുംബങ്ങളെ വിശുദ്ധീകരിക്കുകയെന്നത് കുടുംബങ്ങളുടെ കുടുംബമായ സഭയുടെ ലക്ഷ്യമാണ്. കുടുംബങ്ങളെ സഭയോടൊപ്പം ചേർത്തുനിർത്തിക്കൊണ്ട് കുടുംബപ്രേഷിത പ്രവർത്തനങ്ങളിലേർപ്പെടാൻ മാർപാപ്പ ആഹ്വാനം ചെയ്യുന്നു. കാരണം, കുടുംബം ദൈവികപദ്ധതിപ്രകാരമുള്ള ഒരു സംവിധാനമാണ്. കുടുംബത്തിന്റെ നിലനിൽപും ഭദ്രതയും കാത്തുപാലിക്കുവാൻ കുടുംബാംഗങ്ങളെക്കൊണ്ടുമാത്രം സാധിച്ചെന്നുവരുകയില്ല. സങ്കീർണ്ണമായ ജീവിതസാഹചര്യങ്ങളുടെ നീരാളിപ്പിടുത്തത്തിൽ അമർന്നു കഴിയുന്ന ധാരാളം കുടുംബങ്ങളുണ്ട്. അവർക്ക് താങ്ങും തണലുമേകി കുടുംബഭദ്രത നിലനിറുത്തുവാൻ വൈദികരും, സന്യസ്തരും അല്മായ പ്രേഷിതരും നിതാന്തജാഗ്രതയുള്ളവരായിരിക്കണം. ''ജീവന്റെ സമൃദ്ധിയും സംരക്ഷണവും കുടുംബങ്ങളിലൂടെ'' എന്ന സന്ദേശത്തിന് ഊന്നൽ നൽകിക്കൊണ്ട് സ്നേഹത്തിന്റെ സാക്ഷ്യമായി കുടുംബങ്ങളെ മാറ്റുകയാണ് കുടുംബവർഷാചരണത്തിലൂടെ സഭ ലക്ഷ്യമാക്കുന്നത്. ക്ലേശകരമായ ഒരു ദൗത്യമാണിതെന്നതിൽ സംശയമില്ല. കാരണം, ഒരു കുടുംബത്തിന്റെ പ്രശ്നമായിരിക്കുകയില്ല മറ്റൊരു കുടുംബത്തിന്റേത്.




കുടുംബങ്ങൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ ഏവർക്കും അറിവുള്ളതാണെങ്കിലും ഒരു വിചിന്തനത്തിനായി ചിലത് കുറിക്കട്ടെ. സാമ്പത്തിക പരാധീനത, മദ്യപാനം, അംഗവൈകല്യം, രോഗാവസ്ഥ, തൊഴിലില്ലായ്മ, ഭവനരാ



www.malankaralibrary.com

ഹിത്യം, പ്രായം ചെന്നവരോടുള്ള നിഷേധാത്മക മായ സമീപനം, കുടിയേറ്റവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ, വൃദ്ധമാതാപിതാക്കൾക്ക് പരിചരണം ലഭിക്കാത്തത്, മാതാപിതാക്കളുടെ ശ്രദ്ധ ലഭിക്കാതെ വളരുന്ന കുഞ്ഞുങ്ങൾ, കുട്ടികളുടെ ചീത്ത കൂട്ടുകെട്ട്, കുടുംബകലഹം തുടങ്ങി നൂറുകണക്കിന് ചെറുതും വലുതുമായ പ്രശ്നങ്ങളിലൂടെയാണ് നമ്മുടെ കുടുംബങ്ങൾ കടന്നുപോകുന്നത്. പ്രശ്നങ്ങളില്ലാത്ത ഒരു കുടുംബം പോലുമില്ല. ചുരുക്കത്തിൽ എല്ലാ കുടുംബങ്ങളും സഭയുടെ ശ്രദ്ധ അർഹിക്കുന്നവയാണ്; അതിന്റെ ഗാഢതയിൽ വ്യത്യാസമുണ്ടെങ്കിലും. ''അമോരിസ് ലെത്തീസ്യ'' എന്ന പരിശുദ്ധ ഫ്രാൻസിസ് മാർപാപ്പയുടെ അപ്പസ്തോലിക പ്രബോധനത്തിന്റെ പ്രസക്തി ഇവിടെയാണ് നാം മനസ്സിലാക്കേണ്ടത്. അഞ്ച് വർഷം മുൻപ് പുറപ്പെടുവിച്ച ഈ പ്രബോധനത്തിന്റെ ഉൾക്കാമ്പ് വേണ്ടരീതിയിൽ മനസ്സിലാക്കുവാനും പ്രവർത്തിപഥത്തിൽ കൊണ്ടുവരുവാനും സഭയ്ക്ക് കഴിഞ്ഞിട്ടുണ്ടോ എന്ന കാര്യം സംശയമാണ്. അതുകൊണ്ടുതന്നെയല്ലേ, മാർപാപ്പ കുടുംബവർഷം ആചരിക്കുവാൻ ആഹ്വാനം ചെയ്തത്. അദ്ദേഹത്തിന്റെ സഭാശുശ്രൂഷകരോടുള്ള ചില നിർദ്ദേശങ്ങൾ ഇവിടെ രേഖപ്പെടുത്തുവാൻ ഞാൻ ആഗ്രഹിക്കുന്നു. "We are called to accompany, listen and bless the journey of families"....... "Our duty is not only to chart the direction, but to make the journey with them"....... "Church should immerse itself in real life"....... "Pastoral care for all family members - married couple, children, young people, the elderly and those in difficult family situations". വൈദികരും സന്യസ്തരും മനുഷ്യരുടെ ആകുലതകളിലും ആവശ്യങ്ങളിലും കൂടെയായിരിക്കുന്നവരായിരിക്കണമെന്നുള്ള ആഹ്വാനം മേൽ സൂചിപ്പിച്ച ഉദ്ധരണികളിൽ സ്പഷ്ടമാണ്. പരിശുദ്ധ പിതാവിന്റെ കുടുംബങ്ങളോടുള്ള ചില പ്രബോധനങ്ങൾകൂടി ഇവിടെ സൂചിപ്പിക്കട്ടെ: "Church is with you, the Lord is close to you. We want to help you safeguard the gift you have received". "Use these three words in the family - please, thank you, I'am sorry". "Mercy within the family - grow, develop and mature. Helping one another". "Families to become active agents of Family apostolate". സഭാശുശ്രൂഷകരും ദൈവജനവും ഒന്നിച്ചു മുന്നേറേണ്ട ഒരു മേഖലയാണ് കുടുംബപ്രേഷിതത്വം. കുടുംബത്തെ 'ഗാർഹിക സഭ'യായി രൂപാന്തരപ്പെടുത്തുന്ന പ്രക്രിയ ത്വരിതപ്പെടുത്തുവാനുള്ള ഒരു അവസരമാണ് കുടുംബവർഷാചരണം. ദൈവത്തെ ബഹുമാനിക്കുന്ന, ദൈവികനിയമങ്ങൾ അനുസരിക്കുന്ന, പ്രാർത്ഥനാധിഷ്ഠിതമായ, വാക്കിലും പ്രവർത്തിയിലും മൂല്യങ്ങൾ പ്രസരിപ്പിക്കുന്ന, സന്തോഷങ്ങളും വേദനകളും പങ്കുവയ്ക്കുന്ന, കുടുംബാംഗങ്ങൾ പരസ്പരം കരുതുന്ന, പാവങ്ങളുടെ പക്ഷം ചേരുന്ന കുടുംബമാണ് 'ഗാർഹികസഭ' എന്ന പദവിക്ക് അർഹതയുള്ളത്.

ഉപസംഹരിക്കുന്നതിനുമുമ്പ്, മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ കുടുംബപ്രേഷിത പ്രവർത്തനങ്ങളുടെ സാധ്യതയെപ്പറ്റികൂടി അൽപം എഴുതുവാനാഗ്രഹിക്കുന്നു. അവശവർഗ്ഗത്തിന്റെ വിമോചനം സഭയുടെ മുഖ്യ കർമ്മമാകണമെന്ന് നിഷ്കർഷിച്ച ഉൽപതിഷ്ണുവാണ് നമ്മുടെ പിതാവായ മാർ ഈവാനിയോസ് തിരുമേനി. തന്റെ ജീവിതകാലത്ത് അദ്ദേഹം, സവർണ്ണർ മാറ്റി നിർത്തിയിരുന്ന പാവങ്ങളോട് ചങ്ങാത്തം പുലർത്തുകയും അവരുടെ ഉന്നമനത്തിനായി അക്ഷീണം പരിശ്രമിക്കുകയും ചെയ്തിരുന്നു. ഇത് നമുക്ക് മാതൃകയാണ്. മാർ ഈവാനിയോസ് തിരുമേനിയുടെ ചൈതന്യം പുലർത്തുന്ന പിതാക്കന്മാരും വൈദികരും സന്യസ്തരും നമുക്കുണ്ട്. എന്നാൽ, കുടുംബങ്ങളെ ചേർത്തുനിർത്തുന്ന കാര്യത്തിൽ ഒരു സമഗ്രത ഇനിയും പ്രാപിച്ചിട്ടില്ല. നമ്മുടെ ഇടവകകളിലെ അംഗസംഖ്യ താരതമ്യേന കുറവായിട്ടും എന്തേ, കുടുംബശുശ്രൂഷകൾ കുറവായിരിക്കുന്നത്. കുടുംബങ്ങളുടെ സന്തോഷവും സന്താപവും അറിഞ്ഞിട്ടും/അറിയിച്ചിട്ടും അതിനോട് പ്രതികരിക്കാത്ത സഭാശുശ്രൂഷകർ നമുക്ക് അലങ്കാരമല്ല.

അവസാനമായി, കുടുംബവർഷാചരണവേളയിൽ നമ്മുടെ അതിരൂപതയിൽ നടപ്പിലാക്കാവുന്ന ചില കാര്യങ്ങൾ കൂടി നിർദ്ദേശിക്കട്ടെ.

1. സഭയുടെ സവിശേഷ ശ്രദ്ധ അർഹിക്കുന്ന കുടുംബങ്ങളുടെ വിവരം ഇടവകതലത്തിൽ സമാഹരിക്കുക.
2. സങ്കീർണ്ണ പ്രശ്നങ്ങളുള്ള ഭവനങ്ങൾ മേഖല/അതിഭദ്രാസന തലത്തിലുള്ള വിദഗ്ധ സമിതി സന്ദർശിച്ച് കുടുംബപ്രേഷിത കാര്യാലയത്തിന് റിപ്പോർട്ടു നൽകുക.
3. പ്രശ്നപരിഹാരത്തിനുള്ള പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുക.
4. ഇടവക വികാരിയുടെ നേതൃത്വത്തിൽ വർഷത്തിൽ രണ്ടു പ്രാവശ്യമെങ്കിലും ഭവനസന്ദർശനം നടത്തുക.
5. കുടുംബപ്രേഷിത കാര്യാലയത്തിന്റെ നേതൃത്വത്തിൽ അതിഭദ്രാസനതലത്തിൽ ഒരു വിദഗ്ധ ടീമിനെ രൂപീകരിച്ച് അവരുടെ സേവനം എല്ലാ ഇടവകകളിലും ലഭ്യമാക്കുക.
6. സാമ്പത്തിക പരാധീനതയുള്ള കുടുംബങ്ങളെ സഹായിക്കുവാൻ പദ്ധതികൾ തയ്യാറാക്കുക (ഉദാ. ദത്തെടുക്കൽ)
7. ''ജീവൽ സമൃദ്ധി പുരസ്കാർ'' – അഞ്ചോ അഞ്ചിലധികമോ കുട്ടികളുള്ള കുടുംബങ്ങളെ ആദരിക്കുക.
8. ഇടവകയിൽ കുടുംബനവീകരണ ധ്യാനം സംഘടിപ്പിക്കുക.
9. കുടുംബസംഗമം നടത്തുക.
10. വിവാഹജീവിതത്തിൽ ഒരുഘട്ടം പൂർത്തിയാക്കിയ ദമ്പതികളെ ആദരിക്കുക.



www.malankaralibrary.com



# നമ്മുടെ കുടുംബം



**ഡോ. അനിത ജോജി വാളക്കുഴി**
(പ്രിൻസിപ്പൽ, അസംപ്ഷൻ കോളേജ്, ചങ്ങനാശ്ശേരി)

വിശുദ്ധ പൗലോസ്ശ്ലീഹാ എഫേസോസുകാർക്ക് എഴുതിയ ലേഖനം, 6–ാം അദ്ധ്യായം 1 മുതൽ 4 വരെയുള്ള വചനങ്ങൾ ഇപ്രകാരം പറയുന്നു 'കുട്ടികളേ, കർത്താവിൽ നിങ്ങൾ മാതാപിതാക്കന്മാരെ അനുസരിക്കുവിൻ. അതു ന്യായയുക്തമാണ്. 2 നിങ്ങൾക്കു നന്മ കൈവരുന്നതിനും ഭൂമിയിൽ ദീർഘകാലം ജീവിക്കുന്നതിനും വേണ്ടി മാതാവിനെയും പിതാവിനെയും ബഹുമാനിക്കുക. 3 വാഗ്ദാനത്തോടുകൂടിയ ആദ്യത്തെ കൽപന ഇതത്രേ. 4. പിതാക്കന്മാരേ, നിങ്ങൾ കുട്ടികളിൽ കോപം ഉളവാക്കരുത്. അവരെ കർത്താവിന്റെ ശിക്ഷണത്തിലും ഉപദേശത്തിലും വളർത്തുവിൻ.' സോളമന്റെ സുഭാഷിതങ്ങളിലും കുടുംബ ബന്ധങ്ങൾ ശക്തിപ്പെടുത്തേണ്ടുന്ന രീതികളും അതിനുള്ള ഉപദേശങ്ങളും നാം കാണുന്നുണ്ട്. ചുരുക്കത്തിൽ ബൈബിളിലുടനീളം കുടുംബത്തിന്റെ സുസ്ഥിതി ഉറപ്പാക്കാൻ സഹായിക്കുന്ന നിരവധി വചനങ്ങൾ കർത്താവ് ഒരുക്കിവച്ചിട്ടുണ്ട്. നമ്മുടെ ഫ്രാൻസിസ് പാപ്പയും അതിനാൽ തന്നെ കുടുംബത്തെ ശക്തീകരിക്കുന്നതിന് ഊന്നൽ നൽകുന്നു.

ആത്യന്തികമായി നമ്മുടെ ജീവിതം ലക്ഷ്യം വയ്ക്കേണ്ടത് എന്താണ്? നിത്യത പ്രാപിക്കുക എന്നതുതന്നെയല്ലേ? ഈ ജീവിതം നിത്യതയോട് തുലനം ചെയ്യുമ്പോൾ നമുക്കറിയാം തീർത്തും ഹ്രസ്വമാണ്. ഈ ചെറിയ കാലഘട്ടത്തിൽ കുടുംബജീവിതത്തിന് വിളി ലഭിച്ചിട്ടുള്ളവർ തങ്ങളുടെ ജീവിതപങ്കാളിയേയും തങ്ങളെ ഏൽപ്പിച്ചിരിക്കുന്ന മക്കളേയും നിത്യതയിൽ എത്തിക്കാൻ വേണ്ടുന്ന രീതിയിലുള്ള പരിശീലനവും, നിത്യതയെക്കുറിച്ചുള്ള ശരിയായ ബോദ്ധ്യവും കുടുംബത്തിൽ നൽകണം. ഇത് വളരെ പ്രധാനപ്പെട്ടതാണ്.

'സമരസഭ'യിൽ ആയിരിക്കുന്ന നാം 'സഹനസഭ'യിൽ ഉള്ളവരെയും കൂട്ടി 'വിജയസഭ'യിൽ എത്താൻ ലക്ഷ്യം വയ്ക്കേണ്ടവരാണ്. അതിനുതകുന്ന രീതിയിൽ കുടുംബം കെട്ടിപ്പടുക്കണം. അതിനുസഹായിക്കുന്ന എല്ലാ കാര്യങ്ങളും നമുക്ക് ബൈബിളിൽ തന്നെ ലഭ്യമാണ് എന്ന് തുടക്കത്തിൽ സൂചിപ്പിച്ചിരുന്നുവല്ലോ. എല്ലാവരോടും സ്നേഹത്തിൽ വർത്തിച്ച്, വിശുദ്ധിയിൽ ജീവിച്ച്, വചനത്തിന്റെയും അപ്പത്തിന്റെയും മേശയിൽ നിന്നു ഭക്ഷിച്ച്, നിത്യതയിലേക്ക് നടന്നടുക്കുവാനുള്ള പരിശീലനമാണ് കുടുംബത്തിൽ ലഭിക്കേണ്ടത് എന്ന് ഞാൻ ഉറച്ചുവിശ്വസിക്കുന്നു. കേവലം കാര്യസാധ്യത്തിനായുള്ള ഭക്തിയോ പ്രാർത്ഥനയോ ഒക്കെയാണ് നമ്മൾ ഇപ്പോഴും അവലംബിക്കുകയോ, നമ്മുടെ മക്കളെയോ പരിശീലിപ്പിക്കുകയോ ചെയ്യുന്നതെങ്കിൽ, അത് തീർത്തും നിർഭാഗ്യകരമാണ്. വിശുദ്ധ കുർബ്ബാനയുടെ അനന്തമായ ശക്തി മക്കൾക്ക് ബോദ്ധ്യമാക്കിക്കൊടുക്കണം ദൈവവചനത്തിന്റെ 'മൂർച്ച' മക്കൾ മനസ്സിലാക്കട്ടെ. 'സഹനസഭ'യിലുള്ള ശുദ്ധീകരണാത്മക്കൾക്കുവേണ്ടി പ്രാർത്ഥിക്കേണ്ടതിന്റെ ആവശ്യകത അവരെ മനസ്സിലാക്കിക്കൊടുക്കണം. മക്കളെ നമ്മൾ ഈ ബോദ്ധ്യത്തിൽ വളർത്തിയില്ലെങ്കിൽ മരണശേഷം നമുക്കുവേണ്ടി വി.കുർബ്ബാന ചൊല്ലിക്കാനുള്ള 'standing instruction' ബാങ്കിൽ നേരത്തെ കൊടുക്കേണ്ടിവരും എന്ന് പണ്ടാരോ പറഞ്ഞ ഒരു തമാശ ഞാൻ ഓർക്കുകയാണ്. അതേ, നമ്മുടെ കുടുംബങ്ങളിൽ നിത്യതയെക്കുറിച്ചുള്ള ഈ ബോദ്ധ്യം ആഴത്തിൽ വേരൂന്നണം എന്നാണ് എനിക്ക് തോന്നുന്നത്. സഭയോടും കൂദാശകളോടും, ചേർന്നു നിൽക്കണം കുടുംബങ്ങൾ. അങ്ങനെയുള്ള കുടുംബങ്ങളിലെ മക്കളും മാതാപിതാക്കന്മാരും തമ്മിലുള്ള ബന്ധം ഇഴയടുപ്പമുള്ളതു തന്നെയായിരിക്കും.

വി. യൗസേപ്പിന്റെ പ്രത്യേക വർഷമായി ഫ്രാൻസിസ് പാപ്പ പ്രഖ്യാപിച്ചിരിക്കുന്ന ഈ വർഷം കുടുംബത്തിന്റെ കാവൽക്കാരനായ വി. യൗസേപ്പിന്റെയും, തിരുക്കുടുംബത്തിന്റെയും സംരക്ഷണത്തണലിലേക്ക് നമ്മുടെ കുടുംബങ്ങളെ സമർപ്പിക്കാം. 'നിന്റെ കവാടങ്ങളുടെ ഓടാമ്പലുകൾ അവിടുന്ന് ബലപ്പെടുത്തുന്നു; നിന്റെ കോട്ടയ്ക്കുള്ളിലുള്ള മക്കളെ അവിടുന്ന് അനുഗ്രഹിക്കുന്നു.' (സങ്കീ. 147:13). ഈ വചനത്തിന്റെ അഭിഷേകത്താൽ ഈശോ നമ്മുടെ കുടുംബങ്ങളെ അനുഗ്രഹിക്കട്ടെ എന്നു പ്രാർത്ഥിക്കുന്നു.



www.malankaralibrary.com



കുടുംബവർഷാചരണത്തോടനുബന്ധിച്ച്, ദൈവകൃപയിൽ ആശ്രയിച്ച്, പ്രതികൂലങ്ങളിൽപോലും അവിടുത്തെ പരിപാലനയിൽ പ്രത്യാശവച്ച് ജീവിക്കുന്ന ഏതാനും കുടുംബങ്ങളെ അവരവരുടെ വികാരിയച്ചന്മാർ ഐക്യദീപത്തിലൂടെ പരിചയപ്പെടുത്തുന്നു.

# കൃപ നിറയുന്ന കുടുംബങ്ങൾ – 1


**റവ. ഫാ. സന്തോഷ് അഴകത്ത്**
(വികാരി, സെന്റ് ജോർജ് മലങ്കര കത്തോലിക്കാപള്ളി, ചെങ്ങരൂർ)


ആഗോള കത്തോലിക്കാസഭ ഈ വർഷം കുടുംബവർഷമായി പ്രഖ്യാപിച്ചിരിക്കുകയാണല്ലോ. കുടുംബജീവിതത്തിന്റെ പ്രാധാന്യം മനസ്സിലാക്കുവാനും, അതിന്റെ വിശുദ്ധിക്കും, വിശ്വസ്തതക്കുംവേണ്ടി നിലകൊള്ളുവാനുമുള്ള ഓർമ്മപ്പെടുത്തൽ കൂടിയാണ് കുടുംബവർഷാചരണം. മനുഷ്യജീവിതത്തിന്റെ സുകൃതങ്ങൾ വിളയുകയും, നട്ടു വളർത്തുകയും ചെയ്യേണ്ട ഇടമാണ് കുടുംബം. നല്ല വിളഭൂമിയിൽനിന്നേ നല്ല ഫലങ്ങൾ ഉണ്ടാകൂ. നല്ല കുടുംബങ്ങളിൽനിന്നേ നല്ല മക്കളും..... ഇത്തരുണത്തിൽ അനുകരണീയവും മാതൃകാപരവുമായ കുടുംബജീവിതം നയിക്കുന്ന ഒരു കുടുംബത്തെ - മല്ലപ്പള്ളി മേഖലയിൽ **ചെങ്ങരൂർ സെന്റ് ജോർജ്ജ് മലങ്കര സുറിയാനി കത്തോലിക്കാപള്ളിയിൽ പുത്തൻവീട്ടിൽ പി. പി. പൗലോസിനെയും (രാജു), മിനു പൗലോസിനെയും** - പരിചയപ്പെടുത്തുന്നതിൽ എനിക്ക് അതിയായ സന്തോഷമുണ്ട്. ഈ ഇടവകയിൽ 4 വർഷമായി വികാരിയായി പ്രവർത്തിക്കുന്ന എനിക്ക് ഈ ദമ്പതികളെക്കുറിച്ച് ഏറെ അഭിമാനമുണ്ട്.

കുടുംബനാഥനായ പി. പി. പൗലോസ് (രാജു) ഇരുപത് വർഷത്തോളം വിദേശത്ത് ജോലി ചെയ്തിരുന്നു. അക്കാലയളവിൽ സുവിശേഷ പ്രഘോഷണരംഗത്ത് പ്രവർത്തിക്കുവാൻ ധാരാളം അവസരങ്ങൾ അദ്ദേഹത്തിന് ലഭിച്ചു. നാട്ടിൽ എത്തിയശേഷം ഡിവൈൻ ബൈബിൾ കോളേജിൽ ബൈബിൾ പഠനം നടത്തി. കൂടാതെ മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ സുവിശേഷ സംഘാംഗമായി, സഭയുടെ തലവനും പിതാവുമായ മോറാൻ മോർ






www.malankaralibrary.com

ബസേലിയോസ് ക്ലീമീസ് കാതോലിക്കാബാവയിൽനിന്ന് കൈവയ്പ് സ്വീകരിച്ചു. ഇപ്പോൾ ഇടവകയിലും, സമീപ പ്രദേശങ്ങളിലുമുള്ള പ്രാർത്ഥനാകൂട്ടായ്മകളിലും, വിവിധ പള്ളികളിലും വചനപ്രഘോഷണം നടത്തുകയും, പ്രാർത്ഥനാ കൂട്ടായ്മകൾക്ക് നേതൃത്വം നൽകുകയും ചെയ്യുന്നു. വിൻസന്റ് ഡി പോൾ സൊസൈറ്റി മല്ലപ്പള്ളി പി. സി യുടെ പ്രസിഡന്റായി ശുശ്രൂഷ ചെയ്തിട്ടുള്ള അദ്ദേഹം ഇപ്പോൾ ചെങ്ങരൂർ ഇടവകയുടെ കോൺഫറൻസ് പ്രസിഡന്റാണ്. ചങ്ങനാശ്ശേരി കരിസ്മാറ്റിക് സോണിന് കീഴിലുള്ള എൽ.എസ്.എസ് ഗ്രൂപ്പിൽ അംഗമാണ്. കഴിഞ്ഞ മൂന്നു വർഷമായി സൺഡേസ്കൂൾ ഹെഡ്മാസ്റ്ററായും കമ്മറ്റിയംഗമായും ഇടവകയിൽ ശുശ്രൂഷ ചെയ്യുന്നു. ഞായറാഴ്ചകളിലെ സായാഹ്ന പ്രാർത്ഥനയുടെയും ആരാധനയുടെയും കോർഡിനേറ്ററായും പ്രവർത്തിക്കുന്നു.

രാജുവിന്റെ സഹധർമ്മിണി മിനുടീച്ചർ തിരുവല്ല അതിഭദ്രാസനത്തിലെ വിവിധ സ്കൂളുകളിൽ 30 വർഷം അദ്ധ്യാപികയായി ജോലി ചെയ്ത്, 2020–ൽ കടമാൻകുളം സെന്റ് മേരീസ് L.P സ്കൂളിൽനിന്നും വിരമിച്ചു. കഴിഞ്ഞ 20 വർഷമായി സൺഡേസ്കൂൾ ടീച്ചറായി പ്രവർത്തിക്കുന്നതോടൊപ്പം മല്ലപ്പള്ളി മേഖല എം. സി. വൈ. എം. ആനിമേറ്ററായും, ഇടവകയിലെ എം. സി. വൈ. എം. ആനിമേറ്ററായും പ്രവർത്തിക്കുന്നു. അകാലമരണത്തിലൂടെ കുഞ്ഞുങ്ങൾ നഷ്ടപ്പെട്ട അമ്മമാരുടെ കൂട്ടായ്മയായ 'ബ്ലെസ്ഡ് ഫാമിലിയുടെ' പ്രവർത്തനങ്ങളിൽ പങ്കെടുക്കുന്നതോടൊപ്പം മറ്റുള്ളവർക്കുവേണ്ടി പ്രാർത്ഥിക്കുകയും, സഹനങ്ങളിൽ ആശ്വാസവും പ്രത്യാശയും കണ്ടെത്തുകയും ചെയ്യുന്നു. ലളിതമായ ജീവിതവും, ആകർഷകമായ വ്യക്തിത്വവും, കൃപ നിറഞ്ഞ സംസാരരീതിയും മിനുടീച്ചറെ മറ്റുള്ളവരിൽനിന്നും വ്യത്യസ്തയാക്കുന്നു. സഭയുടെ ആരാധനാഗീതങ്ങൾ പഠിക്കുന്നതിനും, അടുത്ത തലമുറയെ പഠിപ്പിക്കുന്നതിനും ഹൃദയസ്പർശിയായി ആലപിക്കുന്നതിനും മിനു ടീച്ചറിന്റെ കഴിവും പ്രാഗത്ഭ്യവും എടുത്തു പറയേണ്ടതാണ്. ഇവരുടെ ദാമ്പത്യവല്ലരിയിൽ 2 അനുഗ്രഹീത മക്കളെ ദൈവം നൽകി. മൂത്ത മകൾ അനുഗ്രഹീത ഗായിക കൂടിയായ സി. ക്ലെയർ എസ്.ഐ.സി. ഇപ്പോൾ ബാംഗ്ലൂർ ധർമ്മാരാം കോളജിൽ ദൈവശാസ്ത്രം പഠിക്കുന്നു. രണ്ടാമത്തെയാളായ ജോയൽ 2018 ജൂൺ ഒന്നിന് പത്തൊമ്പതാം വയസ്സിൽ അപകടത്തിൽ മരണപ്പെട്ടു. കരളലിയിക്കുന്ന കദനഭാരത്തിലും തങ്ങളുടെ പ്രിയ പുത്രന്റെ മൃതദേഹത്തിനരികിൽ, കാൽവരിമലയിൽ നിലകൊണ്ട പരിശുദ്ധ മറിയത്തെപോലെ ഇരുവരും നിലകൊണ്ടു. ഇടവകാംഗങ്ങൾക്കെല്ലാം ഏറ്റം പ്രിയങ്കരനായിരുന്ന ജോയൽ ദൈനംദിനം മദ്ബഹാ ശുശ്രൂഷകളിൽ പങ്കാളിയായും, മനോഹരമായി ഗാനങ്ങൾ ആലപിക്കുന്നതിന് നേതൃത്വം നല്കുകയും ചെയ്ത വ്യക്തിയായിരുന്നു.

ക്രിസ്തീയ ജീവിതം രൂപപ്പെടുത്തേണ്ടത് ആഴമായ പ്രാർത്ഥനാനുഭവത്തിലൂടെയും, ആരാധനാജീവിതത്തിലൂടെയുമാണെന്ന് ഈ ദമ്പതികളുടെ ജീവിതം നമ്മെ ഓർമ്മപ്പെടുത്തുന്നു. വലിയനോമ്പിലെ എല്ലാ ദിവസങ്ങളിലെയും പ്രാർത്ഥനയ്ക്കും, ഇടവകയുമായി ബന്ധപ്പെട്ട എല്ലാ ആത്മീയ കാര്യങ്ങൾക്കും ഇരുവരുടെയും സാന്നിദ്ധ്യവും നേതൃത്വവും എടുത്ത് പറയേണ്ടതാണ്. പ്രാർത്ഥനയോടെ ആരംഭിക്കുന്ന ഇവരുടെ ദിനചര്യ ഓരോ ദിവസവും അവസാനിക്കുന്നതും പ്രാർത്ഥനയോടെതന്നെ. എല്ലാ ദിവസവും വിശുദ്ധ കുർബാനയിൽ പങ്കെടുക്കുന്ന ഇവർ, മകന്റെ കല്ലറയിൽ ഓരോ ദിവസവും വീട്ടിൽനിന്നും കൊണ്ടുവരുന്ന പൂക്കൾ സമർപ്പിച്ച് പ്രാർത്ഥിച്ചതിനുശേഷമാണ് ദൈവാലയത്തിൽ പ്രവേശിക്കുക. ദൈവാലയ കാര്യങ്ങൾക്കായി തങ്ങളുടെ സമയവും, സമ്പത്തും, ആരോഗ്യവും സമർപ്പിച്ച് ജീവിക്കുന്ന ഒരു പ്രിയപ്പെട്ട കുടുംബം എന്ന നിലയിൽ ഇവർ നൽകുന്ന വലിയ മാതൃക ഈ കാലഘട്ടത്തിലെ മാതാപിതാക്കൾ സ്വീകരിക്കേണ്ടുണ്ടജീവിത സുകൃതമാണ്. കൂദാശാപൂർണമായ ജീവിതവും, ചിട്ടയായ ജീവിതശൈലിയും, ആരാധനക്രമാധിഷ്ഠിതമായ ആദ്ധ്യാത്മികതയും, ഭക്തസംഘടനകളിലെ നേതൃത്വവും സജീവ സാന്നിധ്യവുമൊക്കെ ഏറെ അനുകരണീയമാണ്. തങ്ങളുടെ സഹനവഴികളിലും, മറ്റുള്ളവരുടെ കണ്ണുനീർ തുടയ്ക്കുന്ന തൂവാലയായി ഇവർ മാറുന്നു. ഇടവകയിലെ മരണവീടുകളിൽ പ്രാർത്ഥനയ്ക്കും, വിലാപ ഗാനാലാപനത്തിനും, വേദപുസ്തക വായനയ്ക്കും ഇരുവരുടെയും സാന്നിദ്ധ്യം ഉറപ്പാണ്. കൃപ നിറയുന്ന ഇത്തരം കുടുംബങ്ങൾ ക്രൈസ്തവ സാക്ഷ്യത്തിനായി കടന്നു വരേണ്ടത് ഈ കാലഘട്ടത്തിന്റെ ആവശ്യമാണ്.

ക്രൈസ്തവജീവിതം ഉത്ഥാനത്തിന്റെ ജീവിതമാണ്. അത് തിരമാലകളിൽ തകരേണ്ടതല്ല; മറിച്ച് തിരമാലകളെ അതിജീവിച്ച് തെളിഞ്ഞ് ഉയരേണ്ട ഉദയസൂര്യനാണെന്ന് ഉത്ഥാനത്തിന്റെ നാളുകളിൽ ക്രിസ്തു നമ്മെ ഓർമ്മപ്പെടുത്തുന്നു. ദുഃഖപൂരിതമായ സഹനത്തിനും പ്രതിസന്ധികൾക്കുംശേഷം സന്തോഷഭരിതമായ ഒരു ഉത്ഥാനം നമുക്കുണ്ടെന്ന് യേശുവിന്റെ ഉത്ഥാനം നമ്മെ പഠിപ്പിക്കുന്നു. ദുരിതങ്ങൾ നേരിടേണ്ടി വന്ന നസറത്തിലെ തിരുക്കുടുംബം, നമ്മുടെ കുടുംബ ജീവിതത്തിൽ മായാത്ത മാതൃകയായി എന്നും നിലകൊള്ളട്ടെ.


www.malankaralibrary.com



# കൃപ നിറയുന്ന കുടുംബങ്ങൾ – 2

**റവ. ഫാ. കോശി മണ്ണിൽ**
(അസി. വികാരി, സെന്റ് ജോൺസ് മെത്രാപ്പോലീത്തൻ കത്തീഡ്രൽ)

**തിരുവല്ല സെന്റ് ജോൺസ് മെത്രാപ്പോലിത്തൻ കത്തീഡ്രൽ ഇടവകയിൽ** ഏറ്റവും സജീവമായ കുടുംബങ്ങളിലൊന്നാണ് **കൊട്ടുവിരുത്തിൽ കെ. കെ. മാത്യു എന്ന സജിച്ചായന്റെ കുടുംബം.** സഹനത്തിന്റെയും ത്യാഗത്തിന്റെയും നിസ്വാർത്ഥ സ്നേഹത്തിന്റെയും വിശ്വാസജീവിതത്തിന്റെയും മാതൃകയായ കുടുംബമാണ് സജിച്ചായന്റേത്. കത്തീഡ്രൽ ഇടവകയായതിനാലും മൈനർ സെമിനാരിയുടെ അയൽപക്ക ഭവനമായതിനാലും സെമിനാരി കാലഘട്ടം മുതൽ ഈ കുടുംബത്തെ അടുത്തറിയാൻ എനിക്ക് അവസരം ലഭിച്ചിട്ടുണ്ട്. ദ്വിതീയ അതിഭദ്രാസന അസംബ്ലിയിൽ കുടുംബജീവിതത്തെക്കുറിച്ച് സാക്ഷ്യം പറയാൻ അവസരം ലഭിച്ച കുടുംബമാണ് ഇവരുടേത്.

സഭയോടും ഇടവകയോടും എപ്രകാരം ബന്ധപ്പെട്ട് ഒരു കുടുംബത്തിന് ജീവിക്കാം എന്നതിന്റെയും, ആ ബന്ധം എപ്രകാരം തങ്ങളുടെ വ്യക്തിജീവിതങ്ങൾക്ക് അനുഗ്രഹത്തിന്റെ കാരണമാകാം എന്നതിന്റെയും നേർസാക്ഷ്യമാണ് ഈ കുടുംബം. കത്തീഡ്രൽ ദൈവാലയത്തിലെ ഗായകസംഘത്തെ നയിക്കുന്നത് സജിച്ചായനാണ്. അഭി. പിതാക്കന്മാരുടെയും വൈദികരുടെയും പ്രിയപ്പെട്ട ഗായകസംഘമായി കത്തീഡ്രൽ ക്വയർ മാറ്റപ്പെട്ടതിൽ എളിമയുടെയും പ്രാർത്ഥനയുടെയും ശക്തിയിൽ ഗാനശുശ്രൂഷ നിർവഹിക്കുന്ന സജിച്ചായന്റെ പങ്ക് വലുതാണ്. സജിച്ചായന്റെ ദാമ്പത്യജീവിതം ആരംഭിക്കുന്നത് 1992 മെയ് 7 നാണ്. വെണ്ണിക്കുളം കച്ചിറയ്ക്കൽ കുടുംബത്തിലെ റെനിത സൂസൻ കുര്യനാണ് പത്നി. 2018 ഫെബ്രുവരി 28 ന് സ്വർഗീയസന്നിധിയിലേക്ക് റെനിച്ചേച്ചി വിളിക്കപ്പെട്ടു. 18 വർഷത്തോളം നീണ്ടുനിന്ന സഹനജീവിതത്തിൽ, തെല്ലും പരാതി കൂടാതെ ദൈവംതമ്പുരാനോട് ചേർന്നുനിന്ന് ദൈവിക പദ്ധതിയിൽ പങ്കുചേരാൻ റെനിചേച്ചിക്ക് സാധിച്ചു. ഇവർക്ക് മൂന്ന് മക്കൾ. ആദ്യം ജനിച്ചത് ഇരട്ടകളാണ്, ലെയയും





www.malankaralibrary.com

ലൈജുവും. ലെയ ഇന്ന് ബഥനി സന്യാസിനി സമൂഹത്തിലെ സിസ്റ്റർ ഹൃദ്യ എസ്.ഐ.സി. ആയി ശുശ്രൂഷ ചെയ്യുന്നു. കത്തീഡ്രൽ ഇടവ യിൽനിന്ന് ഏകദേശം 50 വർഷത്തിനുശേഷ മുള്ള സന്യാസിനി ദൈവവിളിയായിരുന്നു ലെയയുടേത്. ഇപ്പോൾ ബി.എഡ്. പഠനം പൂർത്തീകരിച്ചു. സിസ്റ്ററിന്റെ ഇരട്ട സഹോദരൻ ലൈജു കോശി ഇന്ന് എം.സി.വൈ.എം. തിരുവല്ല അതിഭദ്രാസനത്തിന്റെ പ്രസിഡന്റായി ശുശ്രൂഷ ചെയ്യുന്നു. ഒപ്പം, കോട്ടൂർ എ.എം.ജി. പബ്ലിക് സ്കൂളിൽ ഇംഗ്ലീഷ് അധ്യാപകനായും ജോലി ചെയ്യുന്നു. ഇടവകയിലെ മദ്ബഹാ ശുശ്രൂഷകനും മതബോധന അധ്യാപകനുമാണ്. ലൈജു വിവാഹം കഴിച്ചിരിക്കുന്നത് കത്തീഡ്രൽ ഇടവകയിൽനിന്നുതന്നെയുള്ള കുരിശുമൂട്ടിൽ ഡോ. ബെക്കി മരിയ ബിജുവിനെയാണ്. ബെക്കിയും മതബോധന അധ്യാപികയായും എം.സി.വൈ.എം. തിരുവല്ല മേഖല സെക്രട്ടറിയുമായി പ്രവർത്തിക്കുന്നു. മൂന്നാമത്തെ മകൾ ലിഡിയ പുഷ്പഗിരിയിൽ ബി.ഡി.എസ്. മൂന്നാം വർഷ വിദ്യാർത്ഥിയായി പഠിക്കുന്നു. അതോടൊപ്പം കത്തീഡ്രൽക്വയറിലും, മതബോധന അധ്യാപനത്തിലും, എം.സി.വൈ.എം. യൂണിറ്റ് വൈസ് പ്രസിഡന്റ് എന്ന നിലയിലും ശുശ്രൂഷ ചെയ്യുന്നു.

മൾട്ടിപ്പിൾ സ്ക്ലീറോസിസ് എന്ന രോഗത്താൽ 18 വർഷം കിടപ്പിലായിരുന്നപ്പോൾ റെനിചേച്ചിയെ ശുശ്രൂഷിച്ചത് സജിച്ചായനും മക്കളുംകൂടിയാണ്. ഒരു ഹോം നേഴ്സിനെപ്പോലും നിർത്താതെ ഭാര്യയുടെ പരിചരണം തന്റെ കടമയാണെന്ന് തിരിച്ചറിഞ്ഞ സ്നേഹനിധിയായ ഭർത്താവ്. ജീവിതത്തിലെ സഹനത്തിൽ എന്താണ് കരുത്ത് എന്ന് ചോദിച്ചാൽ, സജിച്ചായൻ എപ്പോഴും പറയും, എല്ലാ ദിവസവും അനുഭവിക്കുന്ന വിശുദ്ധ കുർബാനയുടെ ശക്തിയാണ് അതെന്ന്. ഇതേ അനുഭവം മക്കൾക്കും പകർന്നു കൊടുക്കാൻ സജിച്ചായനു സാധിച്ചിട്ടുണ്ട്. എന്ത് കാര്യത്തിലും തീരുമാനമെടുക്കുമ്പോൾ വിശുദ്ധ കുർബാനയിൽ സമർപ്പിച്ച് പ്രാർത്ഥിച്ച് ഈശോയുടെ ഹിതമറിഞ്ഞു മാത്രമേ തീരുമാനം എടുക്കുകയുള്ളൂ. ആ തീരുമാനം തന്റെ ജീവിതത്തിൽ എന്നും നന്മയ്ക്കു മാത്രമേ ഇടയാക്കിയിട്ടുള്ളൂ എന്നത് സജിച്ചായന്റെ സാക്ഷ്യം. അതുകൊണ്ടുതന്നെയാണ്, തന്റെ ഭാര്യ തീർത്തും ശയ്യാവലംബയായിരുന്നിട്ടും മൂത്ത മകൾ സന്യാസിനിയാകാൻ ആഗ്രഹിച്ചപ്പോൾ, തടസ്സം പറയാതെ ആ മകളെ ദൈവത്തിന് നല്കിയത്. 2017 ഡിസംബറിൽ സജിച്ചായന്റെ ഈ ജീവിതമാതൃക ''ജോസഫിന്റെ വഴിയെ'' എന്ന പേരിൽ ശാലോം ടി.വി.യിൽ സുവിശേഷസാക്ഷ്യമായി സംപ്രേഷണം ചെയ്തിട്ടുണ്ട്. ഈ കുടുംബത്തിന്റെ മറ്റൊരു സവിശേഷതയാണ് പ്രാർത്ഥനാധിഷ്ഠിതമായ ജീവിതം. എന്ത് കാര്യവും പ്രാർത്ഥിച്ചുമാത്രം ചെയ്യാൻ താൽപ്പര്യപ്പെടുന്നവരാണിവർ. എല്ലാ ദിവസവും, കോവിഡ് കാലത്തിൽപോലും ഒരു ദിവസവും മുടക്കം കൂടാതെ വി. കുർബാനയിൽ പങ്കുചേരുവാനും വി. കുർബാന അനുഭവിക്കുവാനും ഇവർക്ക് സാധിച്ചിട്ടുണ്ട്. വീട്ടിൽ സന്ധ്യാപ്രാർത്ഥന മാത്രമല്ല, എല്ലാ ദിവസവും രാവിലെ 5.45 നു പ്രഭാത പ്രാർത്ഥന ചൊല്ലിയതിനുശേഷമാണ് വി. കുർബാനയ്ക്ക് ഇവർ വരുന്നത്. നോമ്പിലെയും പ്രത്യേക ദിനങ്ങളിലെയും പ്രാർത്ഥനകൾ ഒന്നുംതന്നെ മുടക്കം വരുത്താതെ നടത്തുന്നു. ക്വയറിനു പോകുന്ന അവസരങ്ങളിൽ വി. കുർബാന അർപ്പിക്കുന്ന വൈദികനെയും സഭയെയും ഇടവകയെയും വിവാഹ അവസരങ്ങളിൽ വധുവരന്മാരെയും സമർപ്പിച്ച് ജപമാല ചൊല്ലി പ്രാർത്ഥിക്കും.

ഏത് സഹനത്തിലും, പ്രാർത്ഥനയും വിശ്വാസജീവിതവുമാണ് ബലമെന്നും, സഭയിലൂടെ മാത്രമേ ക്രിസ്തുവിനെ നമുക്ക് അനുഭവിച്ചറിയാൻ സാധിക്കുകയുള്ളൂ എന്ന ബോധ്യം, സജിച്ചായനും റെനിചേച്ചിയും മക്കൾക്ക് പകർന്നു നൽകിയിട്ടുണ്ട്. അതുകൊണ്ടുതന്നെയാണ് മക്കളെല്ലാവരും ഇടവകയോട് ഇത്രമേൽ ചേർന്നു നിൽക്കുന്നതും. തങ്ങൾ ചെയ്യുന്ന ഉത്തരവാദിത്വങ്ങൾ കേവലം 'പരിപാടികൾ' അല്ല, മറിച്ച് അത് ദൈവിക ശുശ്രൂഷയാണെന്നും അത് ദൈവത്തിനുവേണ്ടിയാണ് ചെയ്യുന്നതെന്ന ബോധ്യവും അവർക്കുണ്ട്. അതിനാൽതന്നെ അവരുടെ ശുശ്രൂഷ എല്ലാറ്റിനും അനുഗ്രഹത്തിനു കാരണമാകുന്നു. രോഗകിടക്കയിൽ കിടന്നുകൊണ്ട് എപ്പോഴും അവരുടെ അമ്മ പറഞ്ഞിരുന്ന വചനം ''ഇതാ ഞാൻ കർത്താവിന്റെ ദാസി, നിന്റെ വാക്ക് എന്നിൽ ഭവിക്കട്ടെ'' എന്നതായിരുന്നു. ഇതേ പ്രാർത്ഥന ദിനംതോറും പ്രാർത്ഥിക്കാനും ജീവിതത്തിൽ സാക്ഷ്യപ്പെടുത്തുവാനും മക്കൾക്കും സാധിക്കുന്നുണ്ട്. അതുകൊണ്ടുതന്നെ അവർ ആയിരിക്കുന്ന മേഖലകളിൽ നന്നായി പ്രശോഭിക്കുവാനും ഇവർക്ക് സാധിക്കുന്നു. വിശുദ്ധ പൗലോസ് അപ്പസ്തോലന്റെ വാക്കുകൾ, ''എനിക്ക് നിന്റെ കൃപ മതി''. എന്നത് ഈ കുടുംബത്തിന്റെ ജീവിതമുദ്രാവാക്യമാണ്. സഹനങ്ങളിലും ക്ലേശങ്ങളിലും സഭയോട് ചേർന്നുനിന്നു ക്രിസ്തുവിൽനിന്ന് ശക്തിയാർജിച്ച് കർത്താവിന്റെ കൃപയിൽ ആശ്രയിച്ച് ജീവിതത്തെ മുമ്പോട്ട് നയിക്കുമ്പോൾ നമ്മുടെ കുടുംബജീവിതം അനുഗ്രഹത്തിന്റെ കാരണമാകുമെന്ന് ഈ കുടുംബം നമുക്ക് ഉത്തമ സാക്ഷ്യമാണ്.


www.malankaralibrary.com



# കൃപ നിറയുന്ന കുടുംബങ്ങൾ – 3

**ഫാ. ഡോ. തോമസുകുട്ടി പതിനെട്ടിൽ**
(വികാരി, സെന്റ് മേരീസ് മലങ്കര കത്തോലിക്കാപള്ളി, പെരിങ്ങര)

ജീവിതപ്രതിസന്ധികളിൽ വീണു പോകാതെ അതിനെ സ്വീകരിക്കാനും അതിജീവിക്കാനും ശക്തി നൽകുന്നത് വിശ്വാസമാണെന്ന് ഏറ്റുപറയുകയാണ് **പെരിങ്ങര സെന്റ് മേരീസ് മലങ്കര കത്തോലിക്ക ഇടവക വാണിയിടത്തുപറമ്പിൽ ഡേവിഡ്-മിനി ദമ്പതികൾ.** തങ്ങളുടെ രണ്ടു പെൺമക്കൾ (ദർശനയും ഡോണയും) ഒരു അപകടത്തിലൂടെ ദൈവസന്നിധിയിലേക്ക് എടുക്കപ്പെട്ടതിന്റെ, വേദനയുടെയും വേർപാടിന്റെയും ദുഃഖത്തിലും, ദൈവത്തിന്റെ കരുതലിലും കൃപയിലും സ്നേഹത്തിലും മാത്രം ഉറച്ചു വിശ്വസിച്ച ദമ്പതികൾ. സന്തോഷങ്ങളിൽ കൂടെയുണ്ടായിരുന്ന ദൈവം സങ്കടങ്ങളിൽ കൂടെയില്ലാതെ വരില്ലെന്ന ബോധ്യത്തോടെ - എന്തിനിതു ചെയ്തുവെന്ന് ദൈവത്തോടു ചോദിക്കാതെ - ദൈവത്തിന്റെ കരം തങ്ങളെ പൊതിഞ്ഞു പിടിച്ചുവെന്നും - തലോടി ആശ്വസിപ്പിച്ചുവെന്നും സാക്ഷ്യപ്പെടുത്തുന്ന ദമ്പതികൾ ഈ കുടുംബവർഷത്തിൽ നമുക്കു മാതൃകയാണ്.

ഏറെ പ്രാർത്ഥനയോടെ ചോദിച്ചു വാങ്ങിയ രണ്ടു കുഞ്ഞുങ്ങളും ഒരുമിച്ച് തങ്ങളിൽനിന്നു പറിച്ചെടുക്കപ്പെട്ടപ്പോഴും ''ശാന്തമാകുക, ഞാൻ ദൈവമാണെന്നറിയുക'' എന്ന വചനം നുറുങ്ങുന്ന വേദനകൾക്കിടയിലും അവരുടെ കാതുകളിൽ മന്ത്രിക്കപ്പെട്ടു. ത്രോണോസിനോടു ചേർന്നു നിൽക്കുമ്പോൾ ജീവിത സഹനങ്ങൾ സുകൃതമാക്കി മാറ്റുവാൻ സാധിക്കുമെന്നും ഈ ദമ്പതികൾ സാക്ഷിക്കുന്നു. അവരുടെതന്നെ വാക്കുകളിൽ: ജീവിതത്തിൽ ഒന്നും സംഭവിച്ചിട്ടില്ലാത്തതുപോലെ എങ്ങനെ ഇങ്ങനെ ജീവിക്കുവാൻ സാധിക്കുന്നു? കുഞ്ഞുങ്ങളുടെ മരണശേഷം എല്ലാവരും എന്നോട് ചോദിക്കുന്ന ഒരു ചോദ്യമാണിത്. അതിന് വ്യക്തമായ ഉത്തരമുണ്ട്. ഈ ലോകത്തിൽ മറ്റെന്തിനേക്കാളും ഞാൻ ദൈവത്തെ സ്നേഹിക്കുന്നു. അതിന് എനിക്ക് സാധിച്ചത് 1. അടിയുറച്ച ദൈവവിശ്വാസമുള്ള മാതാപിതാക്കളാണ്. ഓർമ്മവെച്ച നാൾ മുതൽ ഞാൻ കാണുന്ന ഒരു കാഴ്ചയുണ്ട്. എല്ലാ ദിവസവും പള്ളിയിൽ പോയി വിശുദ്ധ ബലിയിൽ പങ്കുകൊണ്ടതിനുശേഷം ജോലിക്കു പോകുന്ന പപ്പാ. കോരിച്ചൊരിയുന്ന മഴയുള്ള ദിവസങ്ങളിൽ പള്ളിയിൽ പോകാൻ സാധിക്കാതെ വന്നാൽ കുർബാന പുസ്തകത്തിലെ മുഴുവൻ ഭാഗങ്ങളും പ്രാർത്ഥനാമുറിയിൽനിന്ന് ചൊല്ലിയ ശേഷമേ ആ ദിവസം പപ്പ ആരംഭിക്കുകയുള്ളൂ. മറ്റൊന്ന്, സങ്കീർത്തനങ്ങൾ ഉരുവിട്ടുകൊണ്ടുള്ള അമ്മയുടെ പ്രാർത്ഥനകൾ. 2. ബൈബിൾ വായനയിലുള്ള നിഷ്ഠ - ഏഴു മക്കളുള്ള കുടുംബത്തിൽ കുടുംബപ്രാർത്ഥനയുടെ നേതൃത്വം ഓരോ ദിവസവും ഓരോരുത്തർക്കു വീതം നൽകിയിരുന്നു. മക്കളെല്ലാവരും കുമ്പസാരിച്ചുവോ? വിശുദ്ധ കുർബാന കൈക്കൊണ്ടോ? നമസ്കാരങ്ങൾ, പ്രാർത്ഥനകൾ എന്നിവ ഇടയ്ക്കിടെ ചോദിച്ച് ഓർമ്മയിലുണ്ടോ എന്നു മാതാപിതാക്കൾ ഉറപ്പുവരുത്തിയിരുന്നു. 3. അടുക്കും ചിട്ടയുമുള്ള കുടുംബജീവിതം - വെളു





www.malankaralibrary.com

പ്പിന് 4 മണിക്ക് സജീവമാകും ഞങ്ങളുടെ വീട്. 5.30 നും വൈകുന്നേരം 8 മണിക്കുമുള്ള ഞങ്ങളുടെ കുടുംബപ്രാർത്ഥന, പരസ്പരമുള്ള സ്തുതി ചൊല്ലൽ 4. കുടുംബാംഗങ്ങൾ തമ്മിലുള്ള ഐക്യം – പരസ്പരം കരുതുന്ന, പ്രോത്സാഹിപ്പിക്കുന്ന. തുറന്നു സംസാരിക്കുന്ന സഹോദരങ്ങൾ ജീവിതത്തിന്റെ ഒരു ഭാഗ്യമായിരുന്നു. തെറ്റും ശരിയും മനസ്സിലാക്കി തരുവാനും ആശ്വസിപ്പിക്കുവാനും മുതിർന്നവർ എന്നും കൂടെയുണ്ടായിരുന്നു. 5. മാതൃദേവാലയവുമായി കുഞ്ഞുനാൾ മുതലുള്ള അടുപ്പം – 5-ാം ക്ലാസ്സുമുതൽ പള്ളിയിലെ ഗായകസംഘത്തിലുണ്ടായിരുന്നു. മുതിർന്നപ്പോൾ മതാദ്ധ്യാപികയുമായി. അങ്ങനെ ദൈവാലയവുമായി നല്ല ബന്ധം പുലർത്തിയിരുന്നു. കുടുംബജീവിതത്തിൽ പ്രവേശിച്ചപ്പോൾ എന്റെ 'റോൾ മോഡൽ' എന്റെ മാതാപിതാക്കളായിരുന്നു. മക്കളെ ദൈവഭയത്തിൽ വളർത്തുക എന്ന പാഠം മാതാപിതാക്കളിൽനിന്നും എനിക്ക് പകർന്നു കിട്ടി. ശാന്തവും സമാധാനവും പ്രാർത്ഥനയും നിറഞ്ഞ അന്തരീക്ഷത്തിൽ ജീവിച്ചതുകൊണ്ടാകാം കുഞ്ഞുങ്ങളും ഏറെ ദൈവത്തോട് ചേർന്നാണ് ജീവിച്ചത്. വിഷമഘട്ടങ്ങളിൽ ദൈവത്തിന്റെ സ്വരത്തിന് കാതോർക്കുവാൻ സാധിച്ചത് ദൈവികമായ ഒരു അടിത്തറ കുഞ്ഞുനാൾ മുതൽ ലഭിച്ചിരുന്നതുകൊണ്ടാണ്. കുഞ്ഞുങ്ങൾ പുഷ്പഗിരി ഹോസ്പിറ്റലിന്റെ മോർച്ചറിയിൽ കിടക്കുമ്പോൾ, അച്ചായൻ ഐ.സി.യു. വിൽ. എന്നെ കാണാൻ വന്ന സഹോദരങ്ങൾ ആശ്വസിപ്പിച്ചു. പപ്പാ നമ്മോട് എപ്പോഴും പറയുമായിരുന്നില്ലേ 'ഈ ലോകത്ത് നമ്മൾ കാര്യസ്ഥരാണ്. ഉടമസ്ഥൻ ദൈവവും. നന്നായി വളർത്തിയില്ലെങ്കിൽ അങ്ങു ചെല്ലുമ്പോൾ എന്നോട് ചോദിക്കും' എന്ന്. ഉടമസ്ഥൻ ചോദിച്ചാൽ കാര്യസ്ഥൻ തിരിച്ചേൽപ്പിക്കേണ്ടതാണ്. മറ്റൊന്നും ഓർക്കണ്ട. എന്റെ ഇളയ സഹോദരങ്ങൾ സിസ്റ്റർ സുധീനയും സിസ്റ്റർ ജാസ്മിനും കുട്ടികളുടെ മൃതശരീരത്തിനു മുമ്പിലിരുന്നപ്പോൾ എന്നെ ഓർമ്മപ്പെടുത്തി. 'കാൽവരിയിലേക്ക് നോക്കൂ. പരിശുദ്ധ അമ്മയോട് ചേർന്നു നിൽക്കുക. ആ അമ്മയാണ് നമുക്ക് മാതൃക'. ഞാൻ അമ്മയുടെ കൈ പിടിച്ചപ്പോൾ എന്റെ മനസ്സിന്റെ ഭാരം മുഴുവൻ ഇറക്കി വച്ചതുപോലെയായി. പിന്നെ ഒരു തുള്ളി കണ്ണീർ പൊടിഞ്ഞില്ല.

സ്നേഹവും കരുണയും സഹാനുഭൂതിയും ദൈവഭയവുമുള്ള ജീവിതപങ്കാളി. ദൈവം തന്ന വലിയ ഭാഗ്യം. നല്ല കുഞ്ഞുങ്ങൾക്ക് ജന്മം കൊടുക്കണമെന്ന് പറഞ്ഞ് പ്രാർത്ഥനയാൽ എന്നെ ഒരുക്കി, എല്ലാ ദിവസവും വയറ്റിൽ കൈവെച്ച് പ്രാർത്ഥിച്ച് ലഭിച്ച അരുമമക്കൾ ജീവിതത്തിൽനിന്നും മാറ്റപ്പെട്ടപ്പോൾ തകർന്നുപോയ അച്ചായന്റെ കാതുകളിൽ ''കരയരുത്, സന്തോഷത്തോടെ അവിടുത്തെ കരങ്ങളിലേക്ക് അവരെ സമർപ്പിക്ക്'' എന്നു പറയാൻ എനിക്ക് ശക്തി തന്നതും അതിന് അദ്ദേഹം തലയാട്ടി സമ്മതം നൽകിയതും ഒക്കെ ഓർക്കുമ്പോൾ ദൈവപരിപാലനയുടെ കൂടാരത്തിൽ നിൽക്കുന്നതുപോലെ അനുഭവപ്പെടും. എന്റെ സ്വർഗ്ഗീയ പിതാവിന്റെ സാന്നിദ്ധ്യം ഞാൻ ആ സമയങ്ങളിൽ അനുഭവിച്ചറിഞ്ഞത് അഭിവന്ദ്യ കൂറിലോസ് പിതാവിലൂടെയാണ്. ഞങ്ങളെ ആശ്വസിപ്പിക്കുകയും ബലപ്പെടുത്തുകയും ചെയ്യാൻ ഒരപ്പന്റെ കരുതലോടെ കൂടെനിന്ന പിതാവിനെ എനിക്ക് ഒരിക്കലും മറക്കാനാകില്ല. കല്ലറയ്ക്കു മുമ്പിൽനിന്ന് കുഞ്ഞുങ്ങളുടെ അന്ത്യകർമ്മങ്ങളുടെ അവസാന പ്രാർത്ഥന ചൊല്ലിയശേഷം എന്നെ ചേർത്തു പിടിച്ച് നെറുകയിൽ ചുംബിച്ചപ്പോൾ എന്റെ സ്വർഗ്ഗീയ പിതാവ് എനിക്കുതന്ന സമ്മാനമായി ഞാൻ അതിനെ കരുതി. വീണ്ടും ഞങ്ങൾക്കു രണ്ടു പേർക്കുമായി അരമന ചാപ്പലിൽ ആരാധന നടത്തി. അബ്രഹാം ഇസഹാക്കിനെ ബലി കഴിക്കുന്ന വചനഭാഗം വായിച്ച് വ്യാഖ്യാനിച്ചതിനുശേഷം 'നിന്റെ കൈകളിൽനിന്നാണ് നിന്റെ സന്താനങ്ങളെ ദൈവം ആവശ്യപ്പെട്ടത്' എന്നു പറഞ്ഞപ്പോൾ അച്ചായന് അത് ആന്തരികസൗഖ്യമുളവാക്കി.

'ഒരു കത്തോലിക്ക വിശ്വാസിയായതിൽ ഞാൻ അഭിമാനം കൊള്ളുന്നു. അതാണ് എന്റെ പുണ്യങ്ങളുടേയും സുകൃതങ്ങളുടെയും കാരണം' എന്നു പറഞ്ഞ എന്റെ മകൾ ദർശനയുടെ വാക്കുകൾ ഓർമ്മപ്പെടുത്തുന്ന മറ്റൊരു കാര്യമുണ്ട്. സഭയിലെ വൈദികരും സന്യസ്ഥരും ഞങ്ങൾക്കു തന്ന ബലം. മക്കളെ വിശ്വാസത്തിന്റെ ആഴങ്ങളിലേക്ക് കൂട്ടിക്കൊണ്ടു പോയ ആത്മീയ ഗുരുക്കന്മാരെയും സിസ്റ്റേഴ്സിനേയും നന്ദി നിറഞ്ഞ ഹൃദയത്തോടെ ഓർക്കുന്നു. ഇടവകയിലും അതിഭദ്രാസനത്തിലും മതബോധനരംഗത്തും യുവജനപ്രസ്ഥാനത്തിലും അത്മായസംഘടനയിലും സജീവമായി പ്രവർത്തിക്കുന്ന, ഇടവക കമ്മറ്റിയിലും പ്രേഷിത പ്രവർത്തനങ്ങളിലും ആരാധനയിലും പ്രാർത്ഥനാകൂട്ടായ്മയിലും നേതൃത്വം നൽകി സഭയെ പരിപോഷിപ്പിക്കുന്ന മാതൃകാ ദമ്പതികളാണിവർ.



മക്കളുടെ മരണശേഷം നീണ്ട 10 വർഷത്തെ യൗസേപ്പ് പിതാവിന്റെ മധ്യസ്ഥതയിലുള്ള അവരുടെ പ്രാർത്ഥനയുടെ ഫലമായി ഇപ്പോൾ വളർത്തമ്മയും വളർത്തപ്പനുമാകാനുള്ള വിളി നൽകി ദൈവം അവരെ അനുഗ്രഹിച്ചു. ഇന്ന് ഡാനി എന്ന വളർത്തു മകനോടൊത്ത് സന്തോഷമായി ജീവിക്കുമ്പോൾ ദൈവിക പദ്ധതികൾക്കു മുമ്പിൽ തല വണങ്ങി, ''ദൈവമേ അടിയന്റെ കുടുംബം അങ്ങയുടെ മുമ്പിൽനിന്നും ഒരുനാളും മാറിപോകാതിരിക്കേണ്ടതിന് അതിനെ അനുഗ്രഹിക്കുവാൻ തിരുവുള്ളമാകണേയെന്ന് (2 സാമു. 7:29) പ്രാർത്ഥിക്കുന്നു.



www.malankaralibrary.com

# കൃപ നിറയുന്ന കുടുംബങ്ങൾ – 4



**റവ. ഫാ. മാത്യു കാമുണ്ടകത്തിൽ**
(വികാരി, ഹോളി ഫാമിലി ചർച്ച് ആനിക്കാട്)

നീ വർദ്ധിച്ച് പെരുകി ആകാശത്തിലെ നക്ഷത്രങ്ങൾ പോലെയും ഭൂമിയിലെ മണൽത്തരി പോലെയും... ദൈവം അബ്രഹാമിനോടു പറയുന്നു. ദൈവതിരുമനസിന് വിധേയരായി ആദിമ സഭ വർദ്ധിച്ച് പെരുകി ഭൂമി മുഴുവൻ നിറഞ്ഞു. ദൈവം സ്ഥാപിച്ച സഭയുടെ അടിസ്ഥാന ശിലയാണ് കുടുംബം. ക്രിസ്തീയ കുടുംബങ്ങൾ ദൈവകൃപ നിറയുന്ന അനാദൃശ്യമായ ഉറവിടവും, വിശുദ്ധ വിളിയുമാണ്. സ്വാതന്ത്ര്യം ആവോളം ഊറ്റി കുടിച്ച മനുഷ്യൻ ദൈവികതയെ ചോദ്യം ചെയ്യുകയും തന്റെ തന്നെ ബുദ്ധിയിൽ കുടുംബത്തെ പുനർ ക്രമീകരിക്കുകയും ചെയ്തു. അണുകുടുംബങ്ങളുടെ ആവിർഭാവം ആധുനിക സഭയുടെ വളർച്ചയെ അപ്രസക്തമാക്കിയിരിക്കുന്നു. ഒരു കുട്ടിയെ വളർത്തുന്നതുതന്നെ ക്ലേശകരമെന്ന് അഭിപ്രായപ്പെടുന്ന മാതാപിതാക്കളുള്ള ഈ നാട്ടിൽ അതിന് ഒരു അപവാദമായിരിക്കുകയാണ് തിരുവല്ല അതിഭദ്രാസനത്തിലെ മല്ലപ്പള്ളി **ആനിക്കാട് ഇടവകയിൽ വാളക്കുഴിയിൽ ഏബ്രഹാം വി. അലക്സിന്റെയും ബിന്ദുവിന്റെയും കുടുംബം.** ദൈവം ദാനമായി നൽകിയ 5 കുട്ടികളെ ദൈവകൃപയിൽ അഭിമാനപൂർവ്വം വളർത്തി നാടിന്റെ ഓമനകളാക്കി മാനവ സമൂഹത്തിന് മാതൃകയാക്കപ്പെട്ടിരിക്കുകയാണ് ഈ കുടുംബം.



തിരുവല്ല അതിഭദ്രാസനത്തിന്റെ ദ്വിതീയ മെത്രാപ്പോലീത്ത അഭി. ജോസഫ് മാർ സേവേറി



www.malankaralibrary.com

യോസ്, മല്ലപ്പള്ളി ആനിക്കാട് പാതിക്കാട് ശാഖയിൽപ്പെട്ട വാളക്കുഴി കുടുംബാംഗമാണ്. പിതാവിന്റെ സഹോദരൻ പരേതനായ വി.ഒ. മാത്തൻ-അന്നമ്മ ദമ്പതികൾക്ക് 7 മക്കളാണ്. അതിൽ രണ്ടാമൻ വി.ഒ. ചാണ്ടി (ബാങ്ക് ഉദ്യോഗസ്ഥൻ) ശോശാമ്മ (റിട്ട. അദ്ധ്യാപിക, സെന്റ് മേരീസ് ഹൈസ്കൂൾ ആനിക്കാട്) ദമ്പതികൾക്ക് ഉണ്ടായ 4 മക്കളിൽ മൂന്നാമനാണ് ശ്രീ. ഏബ്രഹാം വി. അലക്സ് എന്ന കൊച്ചുമോൻ. ഏബ്രഹാം വി. അലക്സ് തിരുവല്ല പുഷ്പഗിരി ഗ്രൂപ്പ് ഓഫ് ഇൻസ്റ്റിറ്റ്യൂഷനിൽ ലെയിസൺ ഓഫീസറായി ജോലി ചെയ്യുന്നു. പാല മരങ്ങാട്ടുപള്ളി ചെറുശേരി തറപ്പിൽ ശ്രീമതി ബിന്ദുവാണ് ഭാര്യ. ബിന്ദു പുഷ്പഗിരി മെഡിക്കൽ കോളേജാശുപത്രിയിൽ ഹെഡ് നേഴ്സായി സേവനം ചെയ്യുന്നു. ദൈവം ഇവർക്ക് കനിഞ്ഞ് അനുഗ്രഹിച്ച് നൽകിയിരിക്കുകയാണ് 5 മക്കളെ. പഴയനിയമത്തിൽ, ദൈവത്തിന്റെ വിശ്വസ്തരായ അബ്രഹാം-സാറ ദമ്പതികൾ പ്രാർത്ഥനയോടെ വാർദ്ധക്യകാലത്ത് ഒരു പുത്രനെ ചോദിച്ചപ്പോൾ ദൈവം അവർക്ക് ഒരു മകനെ നൽകി. ഇവിടെ ഈ അബ്രഹാം ദൈവത്തോട് 4 കുട്ടികളെ ചോദിച്ചു. ദൈവം അവർക്ക് 5 കുട്ടികളെ സമ്മാനിച്ചു. 5 മക്കളിൽ ഏക മകൻ അലൻ അലക്സ് ഏബ്രഹാം (അച്ചു) ചെങ്ങരൂർ മിക്ഫാസ്റ്റ് കോളേജിൽ ഡിഗ്രി ഫസ്റ്റ് ഇയറിന് പഠിക്കുന്നു. രണ്ടാമത്തെ മകൾ അന്ന സൂസൻ ഏബ്രഹാം പ്ലസ് വണ്ണിന് തിരുവല്ല ഇരുവള്ളിപ്ര സെന്റ് തോമസ് ഹയർസെക്കണ്ടറി സ്കൂളിൽ പഠിക്കുന്നു. 3-ാമത്തെ മകൾ അലന അൽഫോൻസ ഏബ്രഹാം 10 ലും, 4-ാമത്തെ മകൾ അലോന മറിയം ഏബ്രഹാം 7 ലും, 5-ാമത്തെ മകൾ എയ്ഞ്ചൽ അക്കാമ ഏബ്രഹാം 5 ലുമായി കോട്ടൂർ മാർ ഗ്രിഗോറിയോസ് പബ്ലിക് സ്കൂളിൽ പഠിക്കുന്നു.

പ്രാർത്ഥനാജീവിതത്തിലും വിശ്വാസതീഷ്ണതയിലും ആഴപ്പെട്ടതാണ് ഈ കുടുംബം. തൊട്ടടുത്ത ഇടവക ദൈവാലയത്തിൽ കഴിവതും മുടങ്ങാതെ വി. ബലിയിൽ പങ്കെടുക്കാൻ ഇവർ പ്രത്യേകം ശ്രദ്ധിക്കുന്നു. കൊച്ചുമോൻ ഇടവക ഭരണസമിതിയംഗമായും സണ്ടേസ്കൂൾ പി.റ്റി.എ. പ്രസിഡന്റായും ഭക്തസംഘടനാ പ്രവർത്തനങ്ങളിലൂടെ ആത്മീയ ശുശ്രൂഷാരംഗത്തും സജീവ സാന്നിധ്യമാണ്. ബിന്ദു മതബോധനാദ്ധ്യാപിക ആയിരുന്നു. ദൈവവിശ്വാസത്തിൽ അടിയുറച്ച ചിട്ടയായ ജീവിത ക്രമീകരണമാണ് ഈ മാതാപിതാക്കൾ തങ്ങളുടെ 5 കുട്ടികൾക്കും നൽകുന്നത്. ഭവനത്തിൽ സന്ധ്യാപ്രാർത്ഥനയും ജപമാല പ്രാർത്ഥനയും നിർബന്ധമാണ്. അത് കഴിഞ്ഞ് മാത്രമെ ഭക്ഷണം കഴിക്കാൻ അനുവാദമുള്ളൂ. 5 പേർക്കും പ്രാർത്ഥനയുടെ പ്രിന്റ് എടുത്ത് കൊടുത്തിട്ടുണ്ട്. അത് ഉപയോഗിച്ചാണ് പ്രാർത്ഥിക്കേണ്ടത്. ബൈബിൾ ഓരോരുത്തരും ഓരോ ഭാഗം വീതം വായിക്കണം. പുലർച്ചെ ഉണരണം. വീട്ടിലെ ദൈനംദിന ജോലികൾ 5 പേർക്കായി ഭാഗിച്ച് നൽകുന്നു. ചെറുപ്പത്തിലെ ജോലിയോടുള്ള പ്രതിബദ്ധത കുഞ്ഞുമനസുകളിൽ രൂപം പ്രാപിക്കുന്നു. സ്കൂൾ വിട്ട് വന്നാൽ പാഠ്യവിഷയം മാതാപിതാക്കന്മാരുമായി ചർച്ച ചെയ്യുകയും പോരായ്മകൾ പരിഹരിക്കുകയും ചെയ്യുന്നു. പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടിക്ക് പ്രത്യേകം ശ്രദ്ധ കൊടുത്ത് പഠിപ്പിക്കും. കലാപ്രവർത്തനങ്ങളിലും ഇവർക്കു വേണ്ട പ്രോത്സാഹനം മാതാപിതാക്കൾ നൽകുന്നു. അച്ചടക്കം, സ്നേഹം, അനുസരണം തുടങ്ങിയ മൂല്യങ്ങളാൽ കാര്യപ്രാപ്തിയുള്ള കുട്ടികളായി ഇവർ മാറിയിരിക്കുന്നു.

മാതാപിതാക്കളുടെ കഴിവുകൾ മക്കളിലുണ്ടാകുക സ്വാഭാവികം മാത്രമാണ്. ബിന്ദു നല്ലൊരു പാട്ടുകാരിയും, ചിത്രകാരിയും കൂടിയാണ്. അതോടൊപ്പം നേഴ്സിംഗ് മേഖലയിൽ സാന്ത്വന പരിചരണ വിഭാഗത്തിൽ ബിന്ദുവിന്റെ പ്രവർത്തനങ്ങൾ ശ്രദ്ധേയമാണ്. മാതാപിതാക്കൾ ശയ്യാലംബരായി ഭവനത്തിൽ കഴിഞ്ഞിരുന്നപ്പോൾ അവരെ മരണംവരെ ശുശ്രൂഷിച്ച് സംരക്ഷിച്ചത് ഇവർ രണ്ടുപേരും ചേർന്നാണ്. 5 മക്കളെ വളർത്തി പരിപാലിക്കുന്നതിൽ ഈ മാതാവ് വളരെ ത്യാഗവും ക്ലേശവും സഹിച്ചിട്ടുണ്ട്. പല അവസരങ്ങളിലും ജോലിയിൽനിന്നും നീണ്ട അവധിയെടുത്ത് ഇതിനായി സമയം കണ്ടെത്തിയിരുന്നു. സണ്ടേസ്കൂൾ ക്ലാസുകളിൽ 'എ' ഗ്രേഡോടെയാണ് കുട്ടികൾ പാസാകുന്നത്. കലോത്സവ വേദികളിൽ സമ്മാനങ്ങൾ വാരിക്കൂട്ടുന്നു. സ്കൂൾ പഠനത്തിലും ഇവർ ഉന്നത നിലവാരം പുലർത്തുന്നു. ചർച്ച് ക്വയറിൽ ഇവർ നിറസാന്നിദ്ധ്യമാണ്. നൃത്തവേദികളിലും ഇവരുടെ കഴിവ് പ്രകടമാണ്. അലോനയും എയ്ഞ്ചലും ചേർന്നവതരിപ്പിക്കുന്ന ഡാൻസ് പ്രോഗ്രാം യുട്യൂബിൽ വൈറലായി മാറി കഴിഞ്ഞു.

സർവ്വതും സ്വർഗ്ഗപിതാവിന് സമർപ്പിച്ച്, ദൈവികപദ്ധതിയോടും സഭാകൂട്ടായ്മയോടും ചേർന്നുള്ള പ്രവർത്തനങ്ങളാണ് ഇവരുടെ കുടുംബജീവിത വിജയത്തിനുള്ള അടിസ്ഥാന കാരണം. കുടുംബവർഷമായി ഫ്രാൻസിസ് മാർപാപ്പ പ്രഖ്യാപിച്ചിരിക്കുന്ന ഈ വേളയിൽ ഇത്തരം കുടുംബങ്ങൾ ധാരാളമായി ഉണ്ടാകട്ടെ എന്ന് നമുക്ക് ആഗ്രഹിക്കാം, പ്രാർത്ഥിക്കാം.


www.malankaralibrary.com





**സ്റ്റീനാ മരിയ ജയൻ, മാലം**
(എം.സി.സി.എൽ. അതിഭദ്രാസന പ്രസിഡന്റ്)

# ഉത്തമ ക്രിസ്തീയ കുടുംബം

കൂദാശകളിലൂടെയും സഭയോടുള്ള ആത്മബന്ധത്തിലൂടെയുമാണ് ഒരുവന് ഉത്തമമായ ക്രിസ്തീയ ജീവിതം നയിക്കുവാൻ സാധിക്കുന്നത്. അതിലൂടെ, ഒരു വ്യക്തിയുടെ ജീവിതത്തിൽ ദൈവത്തിന്റെ സാന്നിധ്യം ഉളവാകുന്നു. ഈ സാന്നിധ്യം ഏറ്റവും അനുഭവവേദ്യമാകുന്നത് വി. വേദപുസ്തക വായനയിലൂടെയാണ്. അതിലൂടെ നമുക്ക് ലഭ്യമാകുന്ന ദൈവത്തിന്റെ സജീവ സാന്നിധ്യമാണ് വിശ്വാസത്തിന്റെ അടിത്തറ. കുടുംബം ഒരു ഗാർഹികസഭയാണ്. കുടുംബങ്ങളിൽ സജീവമായി പങ്കു ചേരുന്ന പ്രാർത്ഥനയും ആരാധനയും ഉണ്ടാവണം, ദൈവവചനം വായിക്കണം, ഒന്നിച്ചിരുന്ന് പ്രാർത്ഥിക്കണം, പരസ്പരം ആശയവിനിമയം നടത്തണം, മൂല്യങ്ങൾ അഭ്യസിക്കപ്പെടണം, മാതാപിതാക്കൾ കുഞ്ഞുങ്ങൾക്ക് ഉത്തമ മാതൃക നല്കണം, മക്കൾ മാതാപിതാക്കളെ അനുസരിക്കണം. മാതാപിതാക്കളെ അനുസരിക്കാത്ത കുടുംബങ്ങളിലെ കുഞ്ഞുങ്ങൾ പല വഴികളിലൂടെ പോകുവാൻ ഇടയാകും. ഒരു കഥ എന്റെ ഓർമയിൽ വരുന്നു. ഒരിടത്ത് ക്രിസ്റ്റീന എന്ന മിടുമിടുക്കിയായ പെൺകുട്ടിയുണ്ടായിരുന്നു. പഠനത്തിൽ മിടുക്കി, ദൈവവിശ്വാസത്തിൽ വളർന്നവൾ. എന്നാൽ അവൾ 10-ാം ക്ലാസിൽ പഠിക്കുമ്പോൾ പഠനത്തോടുള്ള താൽപര്യം കുറയുകയും മാർക്ക് ക്രമാതീതമായി കുറയുകയും ചെയ്തു. ഒന്നിനും താല്പര്യമില്ലാതായി. മാതാപിതാക്കൾക്ക് ഭയമായി. അവളുടെ സ്വഭാവം മാറുവാൻ തുടങ്ങിയത് മാതാപിതാക്കൾ ശ്രദ്ധിച്ചു. ചെറിയ കാര്യങ്ങൾക്കു പോലും ദേഷ്യപ്പെടുക, കരയുക, ആരോടും മിണ്ടാതെയിരിക്കുക ഇതൊക്കെ അവളുടെ ജീവിതത്തിന്റെ ഭാഗമായി മാറി. ആളുകളെ കാണുന്നതു പോലും അവൾക്ക് ഇഷ്ടമല്ലാതെയായി. അവളുടെ മാതാപിതാക്കൾക്ക് ടെൻഷനായി. അവരുടെ ഒരേയൊരു മകളെ വിഷാദരോഗം ബാധിച്ചിരിക്കുന്നു എന്ന് അവർ മനസ്സിലാക്കി. എന്തു ചെയ്യണം എന്ന് അവർക്ക് നിശ്ചയമില്ലാതിരുന്നതിനാൽ വികാരിയച്ചനോട് കാര്യങ്ങൾ പറഞ്ഞു. കൗൺസിലിംഗിനായി വരാൻ അച്ചൻ പറഞ്ഞു. എന്നാൽ ഈ കാര്യം പറഞ്ഞപ്പോൾ തനിക്ക് ഒരു കുഴപ്പവുമില്ല എന്ന് പറഞ്ഞ് അവൾ ഉപദ്രവിക്കാൻ തുടങ്ങി. അതറിഞ്ഞ അച്ചൻ അവളോട് സംസാരിക്കാൻ വീട്ടിലേക്ക് എത്തി. അച്ചൻ കാര്യങ്ങൾ അന്വേഷിച്ചു. ആദ്യമൊക്കെ അവൾ മടിച്ചെങ്കിലും പിന്നീട് തുറന്നു പറഞ്ഞു. പോകാൻ നേരത്ത് അച്ചൻ അവളുടെ കൈയിൽ ഒരു ബൈബിളും ജപമാലയും കൊടുത്തിട്ട് പറഞ്ഞു; ‘‘എപ്പോഴൊക്കെ, നീ തനിച്ചാണ്, നിനക്ക് ആരുമില്ല എന്ന ചിന്ത നിന്നെ അലട്ടുന്നുവോ, അപ്പോഴൊക്കെ ബൈബിൾ വായിക്കുകയും, ജപമാല ചൊല്ലുകയും ചെയ്യുക’’ എന്ന്. അവളുടെ നല്ല മാതാപിതാക്കളും അവളെ സ്നേഹപൂർവ്വം കരുതി എല്ലാം ക്ഷമയോടെ പഠിപ്പിച്ചു. ബൈബിൾ വായനയിലൂടെ മനസ്സിൽ തട്ടിയ ഒരു വാക്യം അവളെ വീണ്ടും സന്തോഷജീവിതത്തിലേക്ക് കൊണ്ടുവന്നു. ആ വാക്യം ഇതാണ്: ‘‘എന്തെന്നാൽ, കർത്താവ് എന്നേക്കുമായി ഉപേക്ഷിക്കുകയില്ല. അവിടുന്ന് വേദനിപ്പിച്ചാലും തന്റെ കാരുണ്യാതിരേകത്തിന് അനുസൃതമായി ദയ കാണിക്കും’’ (വിലാപങ്ങൾ 3:31-32).

ഉത്തമയായ ക്രിസ്തീയ കുടുംബം പ്രാർത്ഥനയുടെയും വിശ്വാസത്തിന്റെയും സ്നേഹത്തിന്റെയും കരുതലിന്റെയും ഇടമാണ്. മാതാപിതാക്കളുടെ തക്കസമയത്തെ ഇടപെടലുകളും ശ്രദ്ധയും മക്കൾക്ക് വലിയ അനുഗ്രഹമാകും. കുഞ്ഞുങ്ങളെ നന്മയുടെയും ദൈവാനുഭവത്തിന്റെയും വഴിയിലൂടെ നയിക്കണം. അങ്ങനെ വരുംതലമുറ ക്രിസ്തീയ വിശ്വാസത്തിന്റെ ഉടമകൾ ആകട്ടെ.



www.malankaralibrary.com

# സ്വർഗ്ഗാരോഹണവും പെന്തിക്കൊസ്തിയും



**ഫാ. ഡോ. ബേബി വർഗീസ്**
(ഓർത്തഡോക്സ് തിയോളജിക്കൽ സെമിനാരി, കോട്ടയം)

ക്രിസ്തീയവിശ്വാസവും, ആരാധനയും, ആചാരങ്ങളും പഴയനിയമവുമായി ബന്ധപ്പെട്ടിരിക്കുന്നു. ദൈവിക വെളിപാടിന്റെ രണ്ടു ഘട്ടങ്ങളാണ് പഴയനിയമവും പുതിയനിയമവും. ഒന്ന് ഒരുക്കവും മറ്റേത് പൂർത്തീകരണവുമാണ്. പെരുന്നാളുകൾ ഉൾപ്പെടെ ക്രിസ്തീയ ആരാധനയിലെ പല ഘടകങ്ങളും യഹൂദ പാരമ്പര്യത്തിൽനിന്നും സ്വീകരിച്ചിട്ടുള്ളവയാണ്.



ദിവസം, ആഴ്ച, വർഷം എന്നീ മൂന്ന് സമയക്രമീകരണത്തെ കേന്ദ്രീകരിച്ചാണ് യഹൂദന്മാർ ആരാധന നടത്തിയിരുന്നത്. ഈ ഘടന ക്രിസ്തീയസഭയും സ്വീകരിച്ചു. പെസഹാ, പെന്തിക്കൊസ്തി, കൂടാരപ്പെരുന്നാൾ എന്നിവയാണ് യഹൂദ ആരാധനാവർഷത്തിലെ പെരുന്നാളുകൾ. പുതിയ അർത്ഥമുൾക്കൊണ്ട് ഇവ മൂന്നും ക്രിസ്തീയ ആരാധനാവർഷത്തിലും സ്ഥാനം പിടിച്ചു. നിഖ്യാ സുന്നഹദോസിനുമുമ്പ് (എ.ഡി. 325), ക്രിസ്തീയസഭയിൽ പരക്കെ ആചരിച്ചിരുന്ന പെരുന്നാളുകൾ ഉയിർപ്പും പെന്തിക്കൊസ്തിയുമായിരുന്നു. എന്നാൽ ചിലയിടങ്ങളിൽ ക്രിസ്തുവിന്റെ ജനനവും, മാമോദീസയും ഒരുമിച്ച് ജനുവരി 6 ന് ആചരിച്ചിരുന്നു.

പെസഹായ്ക്കു ശേഷം അമ്പതാം ദിവസം യഹൂദന്മാർ ധാന്യക്കൊയ്ത്തിന്റെ പെരുന്നാൾ ആചരിച്ചിരുന്നു. ഇതിന് ഗ്രീക്കിൽ ''അമ്പതാമത്തെ ദിവസം'' എന്ന അർത്ഥത്തിൽ പെന്തിക്കൊസ്തി എന്നാണ് പറഞ്ഞിരുന്നത്. 'വാരോത്സവം' (Feast of the week, പുറപ്പാട് 34:22; നിയമാവർത്തനം 16:10), കൊയ്ത്തു പെരുന്നാൾ (Harvest feast, പുറപ്പാട് 23:16), ആദ്യഫലപ്പെരുന്നാൾ (Feast of the first fruits സംഖ്യ 28:26; പുറപ്പാട് 34:22) എന്നൊക്കെ ഇത് അറിയപ്പെടുന്നു. ആദ്യഫലം ദൈവസന്നിധിയിൽ നന്ദിയോടെ സമർപ്പിക്കുവാനുള്ള അവസരമായിരുന്നു ഇത്. എല്ലാ പെരുന്നാളുകളും ഈ അർത്ഥത്തിലാണ് നടത്തിയിരുന്നത് (പുറപ്പാട് 23:16 കാണുക). പുതിയനിയമകാലത്ത് യഹൂദന്മാർ പെന്തിക്കൊ



www.malankaralibrary.com

സ്തിക്ക് പുതിയ അർത്ഥം നൽകി. കൊയ്ത്തു പെരുന്നാളിനെക്കാൾ ഉപരി, സീനായ്മലയിൽവച്ച് ദൈവം മോശക്ക് ന്യായപ്രമാണം നൽകിയതിനെ അനുസ്മരിക്കുന്ന ദിവസമായിത്തീർന്നു പെന്തിക്കൊസ്തി.



ആദിമസഭയിൽ ക്രിസ്തുവിന്റെ സ്വർഗ്ഗാരോഹണവും പെന്തിക്കൊസ്തിയും ഒരുമിച്ച്, ഉയിർപ്പിനു ശേഷം 50-ാം ദിവസം ആചരിച്ചിരുന്നു. എന്നാൽ നാലാം നൂറ്റാണ്ടിന്റെ അന്ത്യത്തിൽ ജറുസലേമിലും, അന്ത്യോക്യായിലും ഇവ രണ്ടു പെരുന്നാളുകളായി രൂപാന്തരപ്പെട്ടു. അതായത് നാൽപ്പതാം ദിവസം സ്വർഗ്ഗാരോഹണവും, അമ്പതാം ദിവസം പരിശുദ്ധാത്മാവ് ഇറങ്ങിയതിനെ അനുസ്മരിക്കുന്ന പെന്തിക്കൊസ്തിയും. രണ്ടു പെരുന്നാളുകളിലും തലേ രാത്രിയിൽ അഖണ്ഡ പ്രാർത്ഥന (Vigil) നടത്തിയിരുന്നു. തുടർന്ന് വി. കുർബാന, പ്രത്യേക വേദവായനകൾ, പ്രസംഗങ്ങൾ എന്നിവയായിരുന്നു പെരുന്നാളിന്റെ ചടങ്ങുകൾ.

ആദിമസഭയിൽ ഉയിർപ്പിനുശേഷമുള്ള അമ്പതു ദിവസങ്ങൾക്ക് പെന്തിക്കൊസ്തി ദിനങ്ങൾ എന്നാണ് പറഞ്ഞിരുന്നത്. ഈ അമ്പതു ദിവസങ്ങളും ഉയിർപ്പു പെരുന്നാൾ പോലെ സന്തോഷത്തിന്റെ ദിവസങ്ങൾ ആയിരുന്നു. അമ്പത് നിത്യതയെ സൂചിപ്പിക്കുന്ന സംഖ്യയാണ്. ഉയിർപ്പിന്റെ സന്തോഷം നിത്യമാണെന്നും, വരുവാനിരിക്കുന്ന ലോകത്തിലെ സന്തോഷത്തിന്റെ സൂചനയാണെന്നും അമ്പത് എന്ന സംഖ്യ സൂചിപ്പിക്കുന്നു. ആദിമസഭയിൽ ഉയിർപ്പു മുതൽ പെന്തിക്കൊസ്തി വരെയുള്ള ഞായറാഴ്ചകളിൽ, പലയിടത്തും ഉയിർപ്പിനെപ്പറ്റിയുള്ള സുവിശേഷഭാഗമാണ് വായിച്ചിരുന്നത്. സന്തോഷത്തിന്റെ ദിവസങ്ങൾ ആയതുകൊണ്ടാണ് ഈ ദിവസങ്ങളിൽ ഉപവസിക്കുന്നതും മുട്ടുകുത്തുന്നതും വിലക്കിയിരിക്കുന്നത്. പെന്തിക്കൊസ്തിദിവസം മുട്ടുകുത്തുന്ന രീതിയും ജറുസലേമിലാണ് ഉത്ഭവിച്ചത്. നാലാം നൂറ്റാണ്ടിന്റെ അന്ത്യത്തിൽ എഴുതപ്പെട്ട അർമീനിയൻ വേദവായനക്രമത്തിൽ (Armenian Lectionary) ഇതെപ്പറ്റി സൂചിപ്പിക്കുന്നുണ്ട്.

നാലാം നൂറ്റാണ്ടിന്റെ അന്ത്യത്തിൽ, പെന്തിക്കൊസ്തിക്കു ശേഷമുള്ള ഒരാഴ്ചക്കാലം പെരുന്നാളിന്റെ സന്തോഷം ആഘോഷിക്കുന്നു എന്ന് അപ്പസ്തോലിക പ്രമാണങ്ങൾ (Apostolic Constitutions) പറയുന്നു. അതിനുശേഷമുള്ള ഒരാഴ്ചക്കാലം നോമ്പ് ആചരിച്ചിരുന്നു. എന്നാൽ ജറുസലേമിൽ പെന്തിക്കൊസ്തിയുടെ പിറ്റേ ദിവസം, തിങ്കളാഴ്ച തന്നെ, നോമ്പ് ആരംഭിച്ചിരുന്നുവെന്ന് എത്തേറിയ എന്ന സ്പാനീഷ് തീർത്ഥാടകയുടെ യാത്രാവിവരണത്തിൽ പറയുന്നു (44-ാം അദ്ധ്യായം). ശ്ലീഹാനോമ്പിന്റെ ഉത്ഭവം ഇതിൽനിന്നാണ്. ഇന്ന് കോപ്റ്റിക്, എത്യോപ്യൻ സഭകളിൽ പെന്തിക്കൊസ്തിയുടെ പിറ്റേ ദിവസം മുതൽ അമ്പതു ദിവസം ശ്ലീഹാനോമ്പ് ആചരിക്കുന്നുണ്ട്. പെന്തിക്കൊസ്തിദിവസം മുട്ടുകുത്തുന്ന ചടങ്ങ് ജറുസലേമിലാണ് ആരംഭിച്ചതെന്നു പറഞ്ഞുവല്ലോ. വി. കുർബാനയുടെ ഭാഗമായിട്ടാണ് ഇന്ന് മുട്ടുകുത്തലിന്റെ ക്രമം നടത്തുന്നത്. എന്നാൽ സുറിയാനിസഭയിൽ അന്നേ ദിവസം ഉച്ചകഴിഞ്ഞ് ഒമ്പതാം മണിക്ക് ഇത് നടത്തിയിരുന്നതായി എഡേസായിലെ യാക്കോബ് എഴുതുന്നു (സിനോഡിക്കോൺ, വാല്യം 1, പേജ് 219).

സഭയുടെ അഭിഷേകത്തിന്റെ പെരുന്നാളാണ് പെന്തിക്കൊസ്തി. യോർദ്ദാനിൽ ക്രിസ്തുവിനെ അഭിഷേകം ചെയ്ത പരിശു



www.malankaralibrary.com

ദ്ധാത്മാവ്, പെന്തിക്കൊസ്തിദിവസം സഭയുടെമേൽ ആവസിച്ച് അതിനെ അഭിഷേകം ചെയ്തു. പരിശുദ്ധാത്മാവിന്റെ സജീവ സാന്നിധ്യം ഒരു അഭിഷേകമെന്നവിധം നിത്യമായി സഭയിലുണ്ടെന്ന് പെന്തിക്കൊസ്തി സൂചിപ്പിക്കുന്നു. മാമോദീസായിൽ സഭയോടു ചേർക്കപ്പെടുന്ന ഓരോ വിശ്വാസിക്കും, മൂറോനഭിഷേകത്തിലൂടെ പരിശുദ്ധാത്മാവിനെ ലഭിക്കുന്നു. ഓരോ വിശ്വാസിയും പെന്തിക്കൊസ്തിയുടെ അനുഭവത്തിൽ പങ്കു ചേരുന്നത് മൂറോനഭിഷേകത്തിലൂടെയാണ്.

സഭയുടെ പുതുക്കത്തിന്റെ പെരുന്നാൾ കൂടിയാണ് പെന്തിക്കൊസ്തി. പരിശുദ്ധാത്മാവിന്റെ സാന്നിധ്യവും പ്രവർത്തനവും സഭയിലും, വിശ്വാസികളുടെ ജീവിതത്തിലും കൂടുതലായി ഉണ്ടാകുവാൻ അന്നത്തെ പ്രാർത്ഥനകളിൽ അപേക്ഷിക്കുന്നുണ്ട്. പെന്തിക്കൊസ്തിയുടെ മൂന്നാമത്തെ ശുശ്രൂഷയിൽ മുട്ടുകുത്തുമ്പോൾ നടത്തുന്ന പ്രാർത്ഥന ശ്രദ്ധേയമാണ്. ‘‘നിന്റെ ശ്രേഷ്ഠമായ പെരുന്നാളിന്റെ ഈ സമയത്ത് ഞങ്ങൾ നിന്നോടപേക്ഷിക്കുന്നു. എപ്പോഴും നീ ഞങ്ങളിൽ വസിച്ച് വാക്കിലും പ്രവർത്തിയിലും നടപടികളിലും ഉത്തമവും, പൂർണ്ണവുമായ സകല പ്രവർത്തനങ്ങളിലും നിന്റെ ദൈവികവ്യാപാരം സദാ ഞങ്ങളിൽ പ്രത്യക്ഷപ്പെടുത്തണമെ. ഞങ്ങളുടെ പാപങ്ങളും നിയമലംഘനങ്ങളുംമൂലം ഞങ്ങളിൽനിന്ന് നിന്റെ കൃപയെ നിരോധിക്കരുതേ, ഞങ്ങൾക്കുള്ള സഹായങ്ങളിൽനിന്നു നീ ഉദാസീനനായിരിക്കരുതേ. നിന്റെ ശക്തിയും ജ്ഞാനവും നൈർമല്യവും വിശുദ്ധിയും കൊണ്ട് ഞങ്ങളുടെ ഹൃദയങ്ങളെ നിറയ്ക്കണമെ. നിന്റെ കൃപയും കരുണയുംമൂലം നിന്റെ ശുശ്രൂഷക്ക് നിർമ്മല ഭവനങ്ങളും, നിന്റെ തിരുവാസത്തിന് വിശുദ്ധാലയങ്ങളും ആയിത്തീരുവാൻ ഞങ്ങളെ യോഗ്യരാക്കണമെ. അങ്ങനെ ഞങ്ങൾ തിരുമുമ്പാകെ വെടിപ്പുള്ളവരും, നിർമ്മലരുമായി പ്രത്യക്ഷപ്പെടുമാറാകണമെ’’.

സഭയേയും വ്യക്തിജീവിതങ്ങളെയും ശുദ്ധീകരിക്കുന്നത് പരിശുദ്ധാത്മാവാണ്. പരിശുദ്ധാത്മാവിന്റെ സാന്നിധ്യത്തിന്റെ തെളിവ് വിശുദ്ധിയാണ്. സ്നേഹം, ആനന്ദം, സമാധാനം, ക്ഷമ, ദയ, നന്മ, വിശ്വസ്തത, സൗമ്യത, ആത്മസംയമനം എന്നിവ പരിശുദ്ധാത്മാവിന്റെ ഫലങ്ങളുമാണ് (ഗലാത്യർ 5:22–23).

## REMEMBRANCE - MAY



**Fr Kuriakose**
Thalichira
14 May 1982



**Fr John**
Kunnath
19 May 1989



**Fr P. M. Abraham**
Puthenpeedikayil
23 May 2004



**Fr Abraham**
Kalakkudi
24 May 2012




**Fr Jacob**
Va huthalakatt
25 May 1990



**Fr Zacharias**
Kumblakkunnel
27 May 1992

### ഉപകാരസ്മരണ

**യൂദാശ്ലീഹായോടുള്ള പ്രാർത്ഥന**




മിശിഹായുടെ ചാർച്ചക്കാരനും/വിശ്വസ്തദാസനുമായ വി. യൂദാതദേവൂസേ/ ഒറ്റിക്കൊടുത്തവന്റെ പേരുമൂലം മഹിമയേറിയ അപ്പസ്തോലനായ അങ്ങ് വിസ്മരിക്കപ്പെടുവാൻ കാരണമായി./ എന്നാൽ കത്തോലിക്കാസഭ മുഴുവനും അങ്ങയെ നിരാശരുടേയും അസാദ്ധ്യകാര്യങ്ങളുടെയും/മദ്ധ്യസ്ഥനായി ബഹുമാനിക്കുകയും/അങ്ങയോട് അഭ്യർത്ഥിക്കുകയും ചെയ്യുന്നുവല്ലോ. നിരവധി ക്ലേശങ്ങൾ അനുഭവിക്കുന്ന എനിക്ക്/അങ്ങയുടെ മദ്ധ്യസ്ഥതയിൽ (ഇവിടെ ആവശ്യം പറയുക)/ ഈ അനുഗ്രഹം സാധിച്ചു തരണമെ./എന്റെ എല്ലാ ആവശ്യങ്ങളിലും/ വിശിഷ്യ ഇപ്പോൾ എനിക്കു നേരിട്ടിരിക്കുന്ന ആപത്തിലും/ എന്നെ പ്രത്യേകം സംരക്ഷിക്കണമേ./ഈ ഉപകാരം ഞാൻ എന്നും ഓർത്തുകൊള്ളാമെന്നും/ എന്റെ പ്രത്യേക മദ്ധ്യസ്ഥനായി/അങ്ങയെ നിരന്തരം ബഹുമാനിച്ചു കൊള്ളാമെന്നും/ഞാൻ വാഗ്ദാനം ചെയ്യുന്നു.

**ഒരു വിശ്വാസി**

### ഉപകാരസ്മരണ

**യൂദാശ്ലീഹായോടുള്ള പ്രാർത്ഥന**



മിശിഹായുടെ ചാർച്ചക്കാരനും/വിശ്വസ്തദാസനുമായ വി. യൂദാതദേവൂസേ/ ഒറ്റിക്കൊടുത്തവന്റെ പേരുമൂലം മഹിമയേറിയ അപ്പസ്തോലനായ അങ്ങ് വിസ്മരിക്കപ്പെടുവാൻ കാരണമായി./ എന്നാൽ കത്തോലിക്കാസഭ മുഴുവനും അങ്ങയെ നിരാശരുടേയും അസാദ്ധ്യകാര്യങ്ങളുടെയും/മദ്ധ്യസ്ഥനായി ബഹുമാനിക്കുകയും/അങ്ങയോട് അഭ്യർത്ഥിക്കുകയും ചെയ്യുന്നുവല്ലോ. നിരവധി ക്ലേശങ്ങൾ അനുഭവിക്കുന്ന എനിക്ക്/അങ്ങയുടെ മദ്ധ്യസ്ഥതയിൽ (ഇവിടെ ആവശ്യം പറയുക)/ ഈ അനുഗ്രഹം സാധിച്ചു തരണമെ./എന്റെ എല്ലാ ആവശ്യങ്ങളിലും/ വിശിഷ്യ ഇപ്പോൾ എനിക്കു നേരിട്ടിരിക്കുന്ന ആപത്തിലും/ എന്നെ പ്രത്യേകം സംരക്ഷിക്കണമേ./ഈ ഉപകാരം ഞാൻ എന്നും ഓർത്തുകൊള്ളാമെന്നും/ എന്റെ പ്രത്യേക മദ്ധ്യസ്ഥനായി/അങ്ങയെ നിരന്തരം ബഹുമാനിച്ചു കൊള്ളാമെന്നും/ഞാൻ വാഗ്ദാനം ചെയ്യുന്നു.

**മഞ്ജു, റാന്നി**



www.malankaralibrary.com

# ഇവൾ ഭൂമിയിലെ മാലാഖ



തയ്യാറാക്കിയത് : ബേബിച്ചൻ തെക്കേടത്ത്

പ്രശസ്തമായ എട്ടുനോമ്പാചരണം നാടെങ്ങും ഭക്തിപൂർവ്വം ആഘോഷിച്ചുകൊണ്ടിരുന്ന 1955 കാലഘട്ടം. തിരുവല്ല ഭദ്രാസനത്തിൽ നിരണം വൈദികജില്ലയിൽ ഉൾപ്പെടുന്ന ഇടവകകൾ സംയുക്തമായി നെടുമ്പ്രം സെന്റ് വിൻസെന്റ് ഡി പോൾ മലങ്കര കത്തോലിക്കാപള്ളിയിലാണ് എട്ടുനോമ്പ് നടത്തിക്കൊണ്ടിരുന്നത്. അക്രൈസ്തവർ ഉൾപ്പെടെ ധാരാളം ജനങ്ങൾ അവിടെ ഒന്നിച്ചുകൂടി ശുശ്രൂഷകളിൽ പങ്കെടുക്കും. അതിന് മുമ്പുതന്നെ പള്ളിയും പരിസരവും മദ്ബഹായും കുരിശടിയും ഒക്കെ വൃത്തിയാക്കി അലങ്കരിക്കുന്നത് ഇടവകയിലെ കുട്ടികളുടെ ഗ്രൂപ്പായിരുന്നു. കൂട്ടത്തിൽ ശുഷ്ക്കാന്തിയോടും ഉത്സാഹത്തോടും ആത്മാർത്ഥതയോടും എല്ലാ ജോലികളും ചെയ്യുന്ന, നന്നെ മെല്ലിച്ച് കൊലുന്നനേയുള്ള ഒരു പെൺകുട്ടി എല്ലാവരുടെയും ശ്രദ്ധാകേന്ദ്രമായിരുന്നു. ചടങ്ങുകൾ കഴിഞ്ഞ് എല്ലാവരും പിരിഞ്ഞ് പോയി കഴിഞ്ഞാലും അവസാനത്തെ കൃത്യവും പൂർത്തിയാക്കി പോയിരുന്നതും ഈ പെൺകുട്ടിയാണ്. ഒരിക്കൽ എട്ടുനോമ്പ് സമാപനത്തിനുശേഷം അവിടെ കൂടിനിന്ന മറ്റ് ഇടവകകളിൽനിന്നും വന്നവരുടെ മദ്ധ്യത്തിലേക്ക് വികാരി ബഹു. ഏബ്രഹാം മാരേട്ടച്ചൻ ഈ പെൺകുട്ടിയെ അടുത്തേക്ക് വിളിപ്പിച്ചു. 7-ാം ക്ലാസുകാരിയായ ഈ പെറ്റിക്കോട്ടുകാരി നാണത്തോടെ അച്ചന്റെ അരികിൽ വന്നുനിന്നു. അച്ചൻ അവളെ ചേർത്ത് പിടിച്ചുകൊണ്ട് എല്ലാവരോടുമായി ചോദിച്ചു, ഇവളെ നിങ്ങൾ അറിയുമോ? ഉടൻ അവിടെ കൂടിനിന്നവരിൽനിന്നും മറുപടി വന്നു. ''പിന്നെ അറിയത്തില്ലയോ. അവൾ മിടുക്കിയല്ലേ''. അച്ചൻ തിരുത്തി. എന്നാൽ അത് മാത്രമല്ല, 'ഇവളാണ് ഭൂമിയിലെ മാലാഖ'. സ്വർണ്ണനാവുകാരന്റെ പൊന്നിൽ ചാലിച്ച ആ ദീപ്തവചസുകൾ ഇന്ന് എത്രയോ അർത്ഥവത്തായിരിക്കുന്നു. ഈ കൃശഗാത്രിയായ പെൺകുട്ടിയാണ് ഇന്ന് തിരുവല്ല അതിഭദ്രാസനത്തിന്റെ മുഖ്യധാര പ്രേഷിത പ്രവർത്തനത്തിൽ വിസ്മയങ്ങൾ സൃഷ്ടിച്ചുകൊണ്ട്, പ്രത്യേകിച്ച് മതബോധന ശുശ്രൂഷയിൽ അദ്ധ്യാപികയായി 45 വർഷങ്ങളുടെ നാഴികകല്ലുകൾ പിന്നിടുന്ന മേരിക്കുട്ടി ജോർജ് എന്ന മഹിളാരത്നം. ലാളിത്യത്തിന്റെയും, വിശുദ്ധിയുടെയും സുവർണ്ണ മഷിയിൽ എഴുതിച്ചേർത്ത തന്റെ ജീവൽപുസ്തകത്തിന്റെ താളുകൾ മറിക്കുമ്പോൾ നക്ഷത്രശോഭയോടെ എന്നും പുഞ്ചിരിച്ച് നിൽക്കുകയാണ് മാതൃഭക്തയായ ഈ





www.malankaralibrary.com

ദൈവദാസി.

തിരുവല്ല പട്ടണത്തിൽനിന്നും 4 കി.മീ. കിഴക്ക് പടിഞ്ഞാറായി കാവുംഭാഗത്തിനോട് തൊട്ട് ചേർന്ന് പമ്പാനദിയുടെ തീരത്തായി പ്രകൃതിരമണീയവും, പ്രശാന്തസുന്ദരവുമായ ഒരു കൊച്ചു ഗ്രാമപ്രദേശമാണ് പുളിക്കീഴ്. മാർത്തോമാശ്ലീഹായുടെ പാദസ്പർശനമേറ്റ ഈ പുണ്യഭൂമിയിൽ അദ്ധ്വാനശീലരായ വിവിധ മതവിഭാഗങ്ങൾ ഒരുമയോടെ അധിവസിക്കുന്നു. പഞ്ചസാര ഫാക്ടറി, ഓട്ട് ഫാക്ടറി തുടങ്ങിയവ കേരളത്തിന്റെ വ്യവസായ ഭൂപടത്തിൽ സ്ഥാനം പിടിച്ച പ്രദേശം കൂടിയാണ് പുളിക്കീഴ്. 1930 ഡിസംബർ 9-ാം തീയതി അഭി. മാർ ഈവാനിയോസ് പിതാവ് പുളിക്കീഴിലേക്ക് കടന്നു വരുകയും പ്രശസ്തമായ മേളാംപറമ്പിൽ കുടുംബത്തെ കത്തോലിക്കാസഭയിലേക്ക് ചേർക്കുകയും ചെയ്തു. തുടർന്ന് അഭി. തെയോഫിലോസ് പിതാവിന്റെ പരിശ്രമത്താൽ പുളിക്കീഴ് പ്രദേശം കത്തോലിക്കാസഭയ്ക്ക് വേരോട്ടമുള്ള പ്രദേശമാക്കി മാറ്റി. വാളക്കുഴി ജോസഫ് മാർ സേവേറിയോസ് തിരുമേനിയുടെ പുനരൈക്യത്തോടെ 1939 ൽ പുനരൈക്യപ്പെട്ടവർക്കായി പമ്പാനദിയോടടുത്ത് മേളാംപറമ്പിൽ പുരയിടത്തിൽ വി.ഗീവർഗീസ് സഹദായുടെ നാമത്തിൽ ഒരു ചാപ്പൽ സ്ഥാപിതമായി. 1961 ൽ പ്രസ്തുത സ്ഥലത്ത് അരമനയുടെ സഹായത്തോടെ കുറച്ച് ഭൂമി കൂടി വാങ്ങി പുതിയ പള്ളി സ്ഥാപിച്ചു. കാലക്രമേണ കാലഹരണപ്പെട്ട ഈ ദൈവാലയം ബഹു. സന്തോഷ് അഴകത്തച്ചൻ 2006 ൽ വികാരിയായിരിക്കുമ്പോൾ പുതുക്കി പണിത് മനോഹരമാക്കി. അതിഭദ്രാസനത്തിന് കീഴിൽ എയർകണ്ടീഷൻ ചെയ്ത പ്രഥമ ദൈവാലയമാണ് പുളിക്കീഴ് പള്ളി. വന്ദ്യ റമ്പാൻ ജോൺ മേളാപറമ്പിലും ബഹു. ജോർജ് തുണ്ടിയിലച്ചനും ഈ ഇടവകയിൽനിന്നും വൈദിക ശുശ്രൂഷക്കായി തെരഞ്ഞെടുക്കപ്പെട്ട മഹനീയ ആചാര്യന്മാരാണ്. 35 വൈദികർ ഇതിനോടകം ഈ ഇടവകയിൽ അജപാലന ശുശ്രൂഷ നിർവഹിച്ചിരിക്കുന്നു. 70 ൽ പരം ഭവനങ്ങൾ ഉൾക്കൊള്ളുന്ന പുളിക്കീഴ് സെന്റ് ജോർജ് ഇടവകയ്ക്ക് ഇപ്പോൾ ശക്തമായ നേതൃത്വം നൽകി നയിക്കുന്നത് ബഹു. ജോൺ കവുങ്ങുംപ്ലാക്കലച്ചനാണ്.

നെടുമ്പ്രം പഞ്ചായത്തിൽ ഓർത്തഡോക്സ് സഭയിൽപ്പെട്ട നാലാംവേലിൽ കുര്യൻ വർഗീസിന്റേയും അന്നമ്മ വർഗീസിന്റെയും 2 ആണും 3 പെണ്ണും ഉൾപ്പെടുന്ന കുടുംബത്തിലെ 3-ാമത്തെ മകളായി 1943 ഏപ്രിൽ മാസം 30-ാം തീയതിയാണ് ചിന്നമ്മ എന്ന് വിളിക്കുന്ന മേരിക്കുട്ടി ജോർജിന്റെ ജനനം. വീട്ടിൽ ബോർമ ബേക്കറി നടത്തിയാണ് നിത്യചെലവിനുള്ള വഴി കുടുംബം കണ്ടെത്തിയത്. മാതാപിതാക്കളിൽനിന്നും മാതൃകയാക്കിയ ഈശ്വരവിശ്വാസത്തിലും അനുസരണത്തിലും കുഞ്ഞ് മേരി വളർന്നു. മലങ്കര ഓർത്തഡോക്സ്സഭയിൽ അക്കാലത്ത് നിലനിന്നിരുന്ന ഭിന്നിപ്പും വ്യവഹാരങ്ങളും ഈ പ്രദേശത്തുള്ള സഭാമക്കളിൽ വലിയ ഹൃദയ വ്യഥയുണ്ടാക്കിയിരുന്നു. ഓർത്തഡോക്സ്സഭയിലെ പ്രഗൽഭ വൈദികനായിരുന്ന തൈക്കടവിലച്ചന്റെ നേതൃത്വത്തിൽ ഒരു കൂട്ടം വിശ്വാസികൾ കത്തോലിക്കാസഭയെ ആശ്ലേഷിക്കുകയും നെടുമ്പ്രം പ്രദേശത്ത് ചെറിയൊരു കത്തോലിക്കാപള്ളി സ്ഥാപിക്കുകയും ചെയ്തു. മേരിക്കുട്ടി 4-ാം ക്ലാസിൽ പഠിക്കുമ്പോൾ ഈ കുടുംബം കത്തോലിക്കാസഭയുടെ കൂട്ടായ്മയിലേക്ക് കടന്നുവരുകയും നെടുമ്പ്രം സെന്റ് വിൻസെന്റ് ഡി പോൾ പള്ളിയിലെ വികാരിമാരുടേയും കന്യാസ്ത്രീകളുടേയും സംസർഗ്ഗം നിമിത്തം മേരിക്കുട്ടി ദൈവിക ശിക്ഷണത്തിൽ നാൾക്കുനാൾ വളർന്നു വരികയും ചെയ്തു. പഠനത്തിൽ സമർത്ഥയായിരുന്ന ഈ പെൺകുട്ടി എസ്.എസ്.എൽ.സി. ഉയർന്ന മാർക്കോടെ പാസായി. തുടർന്നുള്ള പഠനം അനിശ്ചിതത്വത്തിൽ നിൽക്കുമ്പോൾ 1962 ൽ മണിപ്പുഴ കണ്ടത്തിൽ വീട്ടിൽ ജോർജുമായി വിവാഹം. ഡ്രൈവർ ആയിരുന്ന ജോർജ് ഓർത്തഡോക്സ് സഭാംഗമായിരുന്നു. കത്തോലിക്കാസഭയുമായി ചേർന്നുള്ള വിവാഹത്തിന് മേരിക്കുട്ടിയുടെ വീട്ടുകാർ നിർബന്ധം അറിയിച്ചു. സുന്ദരിയായ മേരിയെ വിവാഹം ചെയ്യാൻ അയാൾ ഏത് ത്യാഗത്തിനും തയ്യാറായിരുന്നു. ഈ ദാമ്പത്യവല്ലരിയിൽ ദൈവം 2 ആൺമക്കളെ ഇവർക്ക് നൽകുകയുണ്ടായി.

ജോലിയുടെ മഹത്വം മനസിലാക്കിയ ജോർജ് പഠനത്തിൽ സമർത്ഥയായ തന്റെ ഭാര്യയെ ടി.ടി.സി. യ്ക്ക് വിട്ടു പഠിപ്പിച്ചു. പെരിങ്ങര പി.എം.ബി.ടി.സി.യിൽ നിന്നും ടി.ടി.സി. പാസായി. താമസിയാതെ തിരുവനന്തപുരത്ത് വിതുരയിലുള്ള ഗവ. യു.പി. സ്കൂളിൽ അദ്ധ്യാപികയായി നിയമനം ലഭിച്ചു. അവിടെ ഹോസ്റ്റലിൽ താമസം. അവധിക്കാലത്ത് വീട്ടിൽ വരും. മൂത്ത മകൻ 4-ാം ക്ലാസിൽ പഠിക്കുമ്പോൾ ഈ കുടുംബം മണിപ്പുഴയിൽനിന്നും വിതുരയിലേക്ക് താമസം മാറ്റി. തുടർന്നുള്ള വർഷങ്ങളിൽ ടീച്ചറിന്റെ ശുശ്രൂഷയും സേവനങ്ങളും വിതുരയുമായി ബന്ധപ്പെട്ടിട്ടുള്ളതാണ്. 1998 ൽ ടീച്ചർ റിട്ടയർ ആകുന്ന 30 വർഷക്കാലത്തോളം ഈ കുടുംബം അവിടെ സ്ഥിര താമസമാക്കി. വന്ദ്യ കോർ എപ്പിസ്കോപ്പ മാത്യു കരിമ്പിലച്ചന്റെ ജ്യേഷ്ഠ പുത്രൻ കരിമ്പിൽ ജോർജുകുട്ടി വിതുരയിൽ സ്ഥലം വാങ്ങി അവിടെ ഒരു ചെറിയ ചാപ്പൽ പണിതു. 27 കുടുംബങ്ങളുടെ കൂട്ടായ്മയായി ഗീവർഗീസ് സഹദായുടെ നാമത്തിലുള്ള ദൈവാലയം അവിടെ വളർച്ച പ്രാപിച്ചു. താമസംവിന പള്ളിയോട് ചേർന്ന് റോഡിനഭിമുഖമായി പരിശുദ്ധ വേളാങ്കണ്ണി മാതാവിന്റെ നാമധേയത്തിൽ ഒരു കുരിശടിയും



www.malankaralibrary.com

സ്ഥാപിച്ചു. ആദ്യകാലങ്ങളിൽ വിശേഷ ദിവസങ്ങളിൽ മാത്രമാണ് കുരിശടിയിൽ പ്രാർത്ഥന നടത്തിയിരുന്നത്. ഒരു ദിവസം മേരിക്കുട്ടി ടീച്ചറും കുടുംബവും പതിവിന് വിരുദ്ധമായി ഈ കുരിശടിയിൽ വന്ന് തിരി കത്തിച്ച് പ്രാർത്ഥന ആരംഭിച്ചു. തുടർന്ന് ഇവരോടൊപ്പം ജോയി, മാണി, പൂവട്ടിൽ ജോസ് തുടങ്ങിയ അൽമായ പ്രേഷിതരും പ്രാർത്ഥനയ്ക്ക് നേതൃത്വം നൽകി. ക്രമേണ ഇടവകാംഗങ്ങൾ സജീവമായി സംബന്ധിക്കാൻ തുടങ്ങി. വിശ്വാസികളുടെ ഒഴുക്ക് വർദ്ധിച്ചു. ഇവിടെ വന്ന് പ്രാർത്ഥിക്കുന്നവരിലേക്ക് പരിശുദ്ധ വേളാങ്കണ്ണി മാതാവിൽനിന്നും അനുഗ്രഹങ്ങൾ ചൊരിയാൻ തുടങ്ങി. നാനാ ജാതിമതസ്ഥരുടെ പ്രാർത്ഥനാ സംഗമഭൂമിയായി ഇവിടം മാറി. കരഞ്ഞ് പ്രാർത്ഥിച്ച് നേർച്ചയർപ്പിക്കുന്ന ഹൈന്ദവ സഹോദരങ്ങളുടെ എണ്ണം വർദ്ധിക്കാൻ തുടങ്ങി. സമീപത്തെ വ്യാപാര സ്ഥാപനങ്ങളിലുള്ളവർ തങ്ങളുടെ നേർച്ചപ്പണം പ്രാർത്ഥിക്കാൻ പോകുന്നവരുടെ കൈയ്യിൽ കൊടുത്തു വിടുക പതിവായി. വെള്ളിയാഴ്ചതോറും നടക്കുന്ന പ്രാർത്ഥനയിൽ സഹസ്ര കണക്കിന് ജനങ്ങൾ പങ്കെടുക്കാൻ തുടങ്ങി. ഉദ്ദിഷ്ടകാര്യലബ്ധിക്കായി ഹൈന്ദവ സഹോദരിമാർ കുരിശടിക്ക് ചുറ്റും പൊങ്കാലയിടുന്ന പതിവ് ഇവിടുണ്ട്. ഇന്ന് ഈ പ്രദേശം അറിയപ്പെടുന്നത് 'കൊച്ച് വേളാങ്കണ്ണി' യെന്നാണ്. വിശ്വസിച്ച് പ്രാർത്ഥിച്ചാൽ ദൈവം സമീപസ്ഥനാണ്. ടീച്ചറിന് എന്നും പ്രചോദനം നൽകുന്ന ബൈബിൾ വചനമാണ് മത്തായി 21:21, 'വിശ്വാസത്തോടെ പ്രാർത്ഥിക്കുന്നതെല്ലാം നിങ്ങൾക്ക് ലഭിക്കും'.

ആൺമക്കൾ 2 പേരും പിതാവിന്റെ പാത പിൻതുടർന്ന് ഡ്രൈവർമാരായി. മൂത്തമകൻ ഷാജി. ഭാര്യ കുഞ്ഞുമോൾ, 2 ആൺമക്കൾ. ഇവർ കുടുംബസമേതം മണിപ്പുഴയിലുള്ള തറവാട്ട് വീട്ടിൽ താമസിക്കുന്നു. രണ്ടാമൻ റെജി ഭാര്യ ജൂലിയും ഒരാൺകുട്ടിയും ഒരു പെൺകുട്ടിയോടുമൊപ്പം തൊട്ടടുത്ത് തന്നെ വീട് വെച്ച് താമസിക്കുന്നു. മക്കൾക്ക് പരിഭവം ഒന്നും തോന്നാതിരിക്കാൻ 2 മക്കളുടെയും വീട്ടിൽ ടീച്ചറമ്മച്ചി മാറി മാറി താമസിക്കുന്നു. പതിവായി വി. കുർബാനയിൽ സംബന്ധിക്കുന്നതാണ് ടീച്ചറിന് ദിവസവും ലഭിക്കുന്ന നവോന്മേഷവും ഊർജ്ജവും. പ്രഭാതത്തിൽ 7 മണിക്ക് മുമ്പുതന്നെ തന്റെ 4 കൊച്ചുമക്കളെയും കൂട്ടി ഓട്ടോയിൽ 7കി.മീ. അകലെയുള്ള നെടുമ്പ്രം പള്ളിയിലെത്തും. തൊട്ടടുത്ത് പുളിക്കീഴ് പള്ളി ഉണ്ടെങ്കിലും 7 കി.മീ. അകലെയുള്ള നെടുമ്പ്രം ഇടവകപള്ളിയിൽ പോകേണ്ട ബുദ്ധിമുട്ടുകൾ മനസ്സിലാക്കി, 2006 ൽ ബഹു. സന്തോഷ് അഴകത്തച്ചൻ പുളിക്കീഴ് പള്ളി വികാരിയായിരിക്കുമ്പോൾ ഈ കുടുംബത്തെ പുളിക്കീഴ് സെന്റ് ജോർജ് പള്ളി ഇടവകാംഗങ്ങളാക്കി. ഇടദിവസങ്ങളിൽ ഇവിടെ വി. കുർബാന ഇല്ലാത്തതിനാൽ സാധിക്കുമ്പോഴൊക്കെ കത്തീഡ്രൽ പള്ളിയിൽ പോയി വി.ബലിയിൽ സംബന്ധിക്കുന്നു. 1992 ൽ ഹൃദയാഘാതംമൂലം ഭർത്താവ് ജോർജച്ചായൻ മരിച്ചു. നെടുമ്പ്രം





www.malankaralibrary.com

പള്ളിയിൽ കബറടക്കിയിരിക്കുന്ന അദ്ദേഹത്തിന്റെ ഭൗതികാവശിഷ്ടം സഭയുടെ പ്രത്യേക അനുവാദത്തോടെ പുതിയ ഇടവക ദൈവാലയമായ പുളിക്കീഴ് പള്ളിയിൽ പുനരടക്കം ചെയ്തു. തന്റെ ജീവിതത്തിന്റെ താങ്ങും തണലും തുണയുമായിരുന്ന ജോർജച്ചായന്റെ മരണം ടീച്ചറിന് കനത്ത ആഘാതം തന്നെയായിരുന്നു. പക്ഷെ ടീച്ചറിന് അതിജീവനത്തിന്റെ കരുത്തു നൽകി നയിച്ചത് ഈശ്വരനാണ്. റിട്ടയറായശേഷം തന്റെ ജീവിതം പരിപൂർണ്ണമായി ദൈവശുശ്രൂഷക്കായി ടീച്ചർ മാറ്റി വെച്ചിരിക്കുകയാണ്. ജ്ഞാനത്തിന്റെ ചൈതന്യം ടീച്ചറിൽ കുടികൊള്ളുകയും തന്റെ ജീവിതംതന്നെ മാറ്റി മറിക്കുകയും ചെയ്തത് 2012ൽ സഭാതലവനിൽനിന്ന് കൈവയ്പ്പ് ലഭിച്ച് സഭാതല സുവിശേഷാംഗമായി മാറിയപ്പോഴാണ്. വൈദികരും സിസ്റ്റേഴ്സും ഉൾപ്പെടുന്ന 27 പേരുള്ള ആദ്യത്തെ ബാച്ചിൽ 4 അൽമായ സ്ത്രീകൾ മാത്രമെ ഉണ്ടായിരുന്നുള്ളൂ. ഈ 4 പേരിൽ ഒരാൾ തിരുവല്ല അതിഭദ്രാസനത്തെ പ്രതിനിധീകരിച്ച മേരിക്കുട്ടി ടീച്ചറായിരുന്നു.

കൊറോണക്കാലം ടീച്ചറിനെ സംബന്ധിച്ച് പ്രാർത്ഥനക്കാലം ആയിരുന്നു. വീട്ടിലിരുന്ന് കൂടുതൽ പ്രാർത്ഥിക്കാൻ സമയം കിട്ടി. ദാവീദ് ഫാസ്റ്റിംഗ്, 21 ദിവസം നീളുന്ന ജോഷ്വാ പ്രയർ, റോസറി മാർ (ശാലോം ടി.വി. യിൽ ഒരു ദിവസം 12 ജപമാലകൾ ചൊല്ലുന്നത്) ഇവയൊക്കെ അനുവർത്തിക്കുന്നതിനോടൊപ്പം സഭയിലെ അഭി. പിതാക്കന്മാർ, വൈദികർ, കന്യാസ്ത്രീകൾ, സുവിശേഷവേല ചെയ്യുന്നവർ ഇവരെയൊക്കെ അനുദിന പ്രാർത്ഥനകളിൽ സമർപ്പിച്ച് ഇവർക്കുവേണ്ടി പ്രാർത്ഥിക്കുന്നു. എട്ടുനോമ്പ്, യാമപ്രാർത്ഥനകൾ, ഉപവാസം, എല്ലാ വെള്ളിയാഴ്ചകളിലും മാംസം, മൽസ്യം, മുട്ട വർജ്ജിച്ചുകൊണ്ടുള്ള പ്രാർത്ഥന എന്നിവ പാലിക്കുന്നു. വി. ബൈബിൾ പൂർണ്ണമായി 2 തവണ വായിച്ചു കഴിഞ്ഞു. 100 ൽപരം ബൈബിൾ വാചകങ്ങൾ ബുക്കിലേക്ക് പകർത്തി അതെല്ലാം ഹൃദിസ്ഥമാക്കിയിരിക്കുന്നു. പ്രാർത്ഥനയുടെ ശക്തിയും ജപമാലഭക്തിയും എന്നെ പഠിപ്പിച്ചു തന്നത് സുവിശേഷസംഘം തലവൻ ബഹു. ആന്റണി കാക്കനാട്ടച്ചനാണ്. വിശ്വാസത്തോടെ പ്രാർത്ഥിച്ചാൽ നിങ്ങൾ ചോദിക്കുന്നതെന്തും ലഭിക്കും എന്ന കാക്കനാട്ടച്ചന്റെ പ്രസംഗങ്ങളും ക്ലാസുകളും എന്നെ ആഴത്തിൽ സ്പർശിച്ചു. അതിനൊരു ഉത്തമ ഉദാഹരണമാണ് തന്റെ സഹോദരിയുടെ മകളുടെ ബ്രസ്റ്റ് കാൻസർ പരിപൂർണ്ണമായി മാറിയത്. തിരുവനന്തപുരം ആർ.സി.സി.യിൽനിന്ന് ഉപേക്ഷിച്ച ഈ മകളെ കോട്ടയം കാരിത്താസ് ആശുപത്രിയിൽ പ്രവേശിപ്പിച്ച് 9 കീമോ ചെയ്യാൻ നിർദ്ദേശിച്ചു. കാൻസർ സെല്ലുകൾ ശരീരത്തിന്റെ മറ്റ് ഭാഗങ്ങളിലേക്ക് പടരാൻ ആരംഭിച്ചിരുന്നു. ടീച്ചർ ഈ മകളെ ദൈവത്തിന് സമർപ്പിച്ച് വിശ്വാസത്തോടെ ഉള്ളുരുകി പ്രാർത്ഥിക്കാൻ തുടങ്ങി. 8 കീമോ കഴിഞ്ഞ് 9-ാമത്തേത് ആരംഭിക്കുന്നതിനുമുമ്പ് ശരീരത്തിൽനിന്നും കാൻസർ സെല്ലുകൾ പരിപൂർണ്ണമായി മാറി മകൾ സുഖം പ്രാപിച്ചു. പ്രാർത്ഥനയുടെ ശക്തി വെളിവായ നിമിഷങ്ങളാണ് അത്. കൊറോണക്കാലത്ത് തനിക്ക് നടുവിനുവേദന അസഹനീയമായപ്പോൾ ആശുപത്രിയിൽ പോയി പരിശോധിപ്പിച്ചു. സി.ടി. സ്കാനിൽ നടുവിന്റെ കണ്ണി അകന്നിട്ടുണ്ടെന്നും ഓപ്പറേഷൻ വേണ്ടി വരുമെന്നും ഡോക്ടർ അറിയിച്ചു. ഓപ്പറേഷനോട് താല്പര്യം ഉണ്ടായിരുന്നില്ല. ''നീ എന്നിൽ ശരണപ്പെടുവാൻ'' യേശുവിന്റെ സ്വരം ഒരു ഉൾവിളിപോലെ കാതുകളിൽ മുഴങ്ങി. പിന്നെ ഒട്ടും അമാന്തിച്ചില്ല. വിശ്വാസത്തോടെ ദിവസങ്ങളോളം ജപമാല ചൊല്ലി പ്രാർത്ഥന ആരംഭിച്ചു. പിന്നെ കണ്ടത് അത്ഭുതകരമായ രോഗശാന്തിയാണ്. 2 മാസത്തെ വിശ്രമത്തിനുശേഷം ഓപ്പറേഷൻ കൂടാതെ അവിശ്വസനീയമായി സുഖം പ്രാപിച്ചു. ഇത് എന്റെ ഒരു സാക്ഷ്യം കൂടിയാണ്. കാലം ചെയ്ത അഭി. തിമോത്തിയോസ് പിതാവും, പിതാവിന്റെ സഹോദരി അപ്പളോണിയ സിസ്റ്ററും, ബഹു. മാത്യു കരിമ്പിൽ കോർ എപ്പിസ്കോപ്പ അച്ചനും തന്റെ ആത്മീയ വളർച്ചയിൽ ചാലക ശക്തികളായി നിലകൊണ്ടവരാണ്.

ആത്മീയപൂരിതയായി പ്രേഷിത പ്രവർത്തനങ്ങളിൽ ഇറങ്ങിത്തിരിക്കുമ്പോഴൊക്കെ ദുഷ്ടശക്തികളുടെ ആക്രമണങ്ങളെ നേരിടേണ്ടി വന്നിട്ടുണ്ട്. അവിടെയൊക്കെ ഏശയ്യ 41:10 ൽ പറയുന്ന വചനങ്ങളാണ് തനിക്ക് ശക്തി പകരുന്നത്. ''ഭയപ്പെടേണ്ടാ, ഞാൻ നിന്നോട് കൂടെയുണ്ട്. സംഭ്രമിക്കേണ്ടാ, ഞാനാണ് നിന്റെ ദൈവം. ഞാൻ നിന്നെ ശക്തിപ്പെടുത്തുകയും സഹായിക്കുകയും ചെയ്യും. എന്റെ വിജയകരമായ വലതുകൈകൊണ്ട് ഞാൻ നിന്നെ താങ്ങി നിർത്തും''. 2018 ലെ വെള്ളപ്പൊക്കം മറക്കാനാവില്ല. പുഴയോട് ചേർന്നിരിക്കുന്ന ടീച്ചറിന്റെ വീട് പ്രളയജലത്തിൽ പൂർണ്ണമായി ദിവസങ്ങളോളം മുങ്ങി കിടന്നു. ചേറും ചെളിയും നിറഞ്ഞ് വീട്ടിലുണ്ടായിരുന്ന സർവ്വതും നശിച്ചു. പിന്നെ എല്ലാം ഒന്നേന്ന് തുടങ്ങേണ്ടി വന്നു. അതേ വർഷംതന്നെ ടീച്ചറിന് ഹൃദയാഘാതം ഉണ്ടായി. അതിൽനിന്നും മുക്തയായി ഊർജ്ജസ്വലതയോടെ തിരിച്ചു വന്നപ്പോൾ അടുത്തത് വരാനിരിക്കുന്നതേയുണ്ടായിരുന്നുള്ളൂ. വീണ് കാലൊടിഞ്ഞ് 3 മാസത്തോളം വീട്ടിൽ കഴിയേണ്ടിവന്നു. അവിടെയും ടീച്ചർ പതറിയില്ല. തന്നിലുള്ള ദൈവിക ശക്തിയെ തളർത്താനാവാത്തതായിരുന്നു അവരുടെ വിശ്വാസം. മുറിഞ്ഞതിനെ കൂട്ടി യോജിപ്പിക്കുന്ന ദൈവം തന്റെ കരങ്ങളിൽ പിടിച്ച് വഴി നടത്തി. കൂടുതൽ ഉൽസാഹത്തോടെ പ്രവർത്തനങ്ങളിൽ വ്യാപൃതയായി.



www.malankaralibrary.com

നിസ്വാർത്ഥ പരിശ്രമങ്ങളിലൂടെ ആതുര ശുശ്രൂഷാരംഗത്തും ടീച്ചർ സമാനതകൾ ഇല്ലാത്ത പ്രവർത്തനങ്ങളാണ് കാഴ്ചവെക്കുന്നത്. സഹായിക്കാൻ ആരുമില്ലാത്ത രോഗികൾ, സമൂഹത്തിൽനിന്നും തിരസ്കൃതരായവർ ഇവരുടെ ആവശ്യങ്ങൾ മനസ്സിലാക്കി, ആശുപത്രികളിൽ എത്തിച്ച് അവർക്ക് വേണ്ട ശുശ്രൂഷാസഹായം ചെയ്തുകൊടുക്കുന്നു. ധാരാളം രോഗികൾക്ക് ടീച്ചർ ആശുപത്രികളിൽ കൂട്ടിരുന്നിട്ടുണ്ട്. കൊറോണക്കാലത്ത് തന്റെ വീടിനു സമീപം ഒരു കുടുംബത്തിലെ മുഴുവൻ അംഗങ്ങളും കോവിഡ് പോസിറ്റീവായി ഒറ്റപ്പെട്ടപ്പോൾ അവർക്ക് വേണ്ട ഭക്ഷണ സാധനങ്ങൾ തന്റെ വീട്ടിൽ പാചകം ചെയ്ത് 10 ദിവസങ്ങളോളം ആ വീട്ടിൽ എത്തിച്ച് കൊടുത്തിരുന്നു. തനിക്ക് ലഭിക്കുന്ന പെൻഷൻ തുകയുടെ ഒരു പങ്ക് ഇങ്ങനെയുള്ള പുണ്യപ്രവർത്തികൾക്കായി മാറ്റിവെക്കുന്നു. സഭയിലും സമൂഹത്തിലും ആതുരശുശ്രൂഷാരംഗത്തും കഠിനാദ്ധ്വാനം ചെയ്യുന്ന വനിതകൾക്കുള്ള 2017 ലെ കെ.സി.ബി.സി. വിമൻസ് കമ്മീഷൻ അവാർഡ് ടീച്ചറിന് നൽകി സഭ ആദരിക്കുകയുണ്ടായി. സാമൂഹ്യസേവനരംഗത്തും ടീച്ചർ സജീവ സാന്നിദ്ധ്യമാണ്. വിൻസെന്റ് ഡി. പോൾ സംഘടനയുടെ സജീവ പ്രവർത്തകയായ ഇവർ നിർദ്ധനരായ വ്യക്തികളെ സഹായിക്കുന്നതിന് പ്രതിജ്ഞാബദ്ധയാണ്. സർക്കാരിന്റെ സാക്ഷരത മിഷൻ, പഞ്ചായത്ത് കുടുംബശ്രീ പദ്ധതി എന്നിവയിൽ ഒരു റിസോഴ്സ് പേഴ്സൺ എന്ന നിലയിൽ ചെയ്യുന്ന സേവനങ്ങളും പ്രശംസനീയങ്ങളാണ്.

അതിരൂപതാതലത്തിൽ മാതൃസംഘം സെക്രട്ടറി, എം.സി.എ. പ്രസിഡണ്ട്, ലീജിയൻ ഓഫ് മേരി പ്രസിഡണ്ട്, പാസ്റ്ററൽ കൗൺസിൽ മെമ്പർ എന്നീ ഉത്തരവാദിത്വങ്ങളും, മേഖല തലത്തിൽ മാതൃസംഘം സെക്രട്ടറി, എം.സി.എ. പ്രസിഡണ്ട്, ഇടവകയിൽ എം.സി.എ. സെക്രട്ടറി, മാതൃസംഘം സെക്രട്ടറി, ഭരണസമിതിയംഗം എന്നീ നിലകളിലും സേവനം അനുഷ്ഠിച്ചിട്ടുണ്ട്. 1962 മുതൽ മേരിക്കുട്ടി ടീച്ചർ മതാദ്ധ്യാപനത്തിൽ വ്യാപൃതയാണ്. തന്റെ ശിഷ്യഗണത്തിൽനിന്നും ഒരു വൈദികനെയും ഒരു സന്യസ്തയെയും കത്തോലിക്കാസഭക്ക് നൽകിയിട്ടുണ്ട്. ഇടവകയിൽ സൺണ്ടേസ്കൂൾ പ്രധാനാദ്ധ്യാപികയായിരുന്ന ഇവർ നിരണം മേഖല സെക്രട്ടറിയായും സേവനം ചെയ്തിട്ടുണ്ട്. 22 വർഷക്കാലമായി അതിരൂപത മതബോധന എക്സിക്യൂട്ടീവ് മെമ്പറായി ഈ ശുശ്രൂഷയിൽ തുടരുന്നു. കേരള കത്തോലിക്കാസഭയിലെ പ്രതിഭാധനരായ മതാദ്ധ്യാപകർക്കുള്ള കെ.സി.ബി.സി. യുടെ മതാദ്ധ്യാപക അവാർഡ് 2016 ൽ ആലപ്പുഴയിൽവച്ച് നടന്ന ചടങ്ങിൽ, സഭയുടെ തലവനും പിതാവുമായ ക്ലീമിസ് കാതോലിക്കാബാവായിൽനിന്ന് ശ്രീമതി മേരിക്കുട്ടി ജോർജ് ഏറ്റുവാങ്ങുകയുണ്ടായി.

ഉയർന്ന വിദ്യാഭ്യാസമുള്ള ഒരു വ്യക്തി നല്ലൊരു മതാദ്ധ്യാപകൻ ആയിരിക്കണമെന്നില്ല. അതിന് അവരുടെ ഉള്ളിൽ ശരിയായ ദൈവിക ജ്ഞാനം ഉണ്ടായിരിക്കണം. ഭവനങ്ങളിൽ സന്ധ്യാപ്രാർത്ഥന നിർബന്ധമാക്കണം. മടിയിൽ ഇരിക്കുന്ന പ്രായത്തിൽ കുഞ്ഞിനെ മടിയിലിരുത്തി പ്രാർത്ഥിപ്പിക്കണം. അല്പം കൂടി മുതിർന്നു കഴിഞ്ഞാൽ അരികിൽ ചേർത്തിരുത്തി പ്രാർത്ഥിക്കാൻ പഠിപ്പിക്കണം. കുട്ടി വലുതായി കഴിഞ്ഞാലും പ്രാർത്ഥിക്കാൻ അവരെ നിർബന്ധിക്കണം. ഇങ്ങനെയുള്ള കുട്ടികൾ ഒരിക്കലും വഴി തെറ്റി പോകുകയില്ല. മതബോധനത്തിന്റെ ആദ്യത്തെ കളരി അവരവരുടെ വീടുകൾ തന്നെയാണ്. അതിനു മാതാപിതാക്കൾ അവർക്ക് മാതൃകയാകണം. ഇടവക വികാരിയും, അദ്ധ്യാപകരും രക്ഷിതാക്കളും ഒരു മനസ്സോടെ ഒന്നിച്ചു പ്രവർത്തിച്ചാൽ മാത്രമെ ആത്മീയ ദിശാബോധം ഉള്ള ഒരു തലമുറയെ വാർത്തെടുക്കാൻ സാധിക്കൂ. പുളിക്കീഴ് സെന്റ് ജോർജ് പള്ളിയിൽ 70 ൽ പരം കുട്ടികൾ മതബോധന ക്ലാസിൽ പഠിക്കുന്നു. ആലുംതുരുത്തി ഡി.എം. സിസ്റ്റേഴ്സിന്റെ സേവനവും ഈ ഇടവകക്ക് ലഭിക്കുന്നുണ്ട്.

എല്ലാവരെയും ഏതു സമയവും പുഞ്ചിരിയോടെ സമീപിക്കുന്ന പ്രകൃതം മറ്റുള്ളവരിൽനിന്നും ടീച്ചറിന് വേറിട്ട മുഖം നൽകുന്നു. ദേഷ്യം വരുന്ന സന്ദർഭങ്ങളിൽപോലും ഇതെങ്ങനെ സാധിക്കുന്നെന്ന് ചോദിച്ചാൽ, ''ദൈവാത്മാവ് ഉള്ളിൽ ഉണ്ടെങ്കിൽ മാത്രമെ ഇതിനു സാധിക്കൂ''. ജോർജച്ചായൻ പലപ്പോഴും എന്നോട് പറയാറുണ്ടായിരുന്നു ''നീ വല്ലപ്പോഴും ഒന്ന് ദേഷ്യപ്പെടെടീ,'' അതിനും ടീച്ചർ ചിരിച്ചു കൊണ്ട് പറഞ്ഞ മറുപടി ''അതിനെനിക്ക് ദേഷ്യം വരാതെ എങ്ങനെയാണ്''.

തന്റെ സമയവും, കഴിവും, ആരോഗ്യവും സഭാശുശ്രൂഷകൾക്കും, സമൂഹനന്മക്കായും വിനിയോഗിക്കുമ്പോഴും ജീവിത സംക്രമണത്തിന്റെ സായംസന്ധ്യയിലേക്ക് നടന്നടുക്കുമ്പോഴും തന്റെ സഹജീവികളുടെ മനസ്സിൽ കാരുണ്യത്തിന്റെ തണൽ വിരിയിക്കുന്ന ഈ വന്ദ്യ വയോധികയുടെ മാതൃകാ ജീവിതം വി. പൗലോസ് അപ്പസ്തോലന്റെ വരികളോട് ചേർത്ത് വായിക്കാം. ''ദൈവത്തെ സ്നേഹിക്കുന്നവർക്ക്, അവിടുത്തെ പദ്ധതിയനുസരിച്ച് വിളിക്കപ്പെട്ടവർക്ക്, അവിടുന്ന് സകലതും നന്മക്കായി പരിണമിപ്പിക്കുന്നുവെന്ന് നമുക്ക് അറിയാമല്ലോ''. ഓരോ പ്രതിസന്ധിയും പ്രയാസങ്ങൾ സൃഷ്ടിക്കുന്നതും നിരാശയുടെ നിഴൽ വീഴ്ത്തുന്നതുമാകും. എന്നാൽ ദൈവത്തിലുള്ള സമ്പൂർണ്ണ വിശ്വാസവും ആശ്രയവും ആത്മീയമായ സദ്ഫലങ്ങൾ ഉളവാക്കാൻ വഴി തെളിക്കുന്നു.



www.malankaralibrary.com

# മതസ്വാതന്ത്ര്യത്തിനു നേരെയുള്ള അതിക്രമം



**മോൺ. ചെറിയാൻ താഴമൺ**
(മുഖ്യ വികാരിജനറാൾ)

മാർച്ച് 23-ാം തീയതി ചൊവ്വാഴ്ച പത്രമാദ്ധ്യമങ്ങളിൽ വന്ന ഒരു വാർത്തയാണ് ഈ കുറിപ്പിന് ആധാരം. വാർത്തയുടെ തലക്കെട്ട് ഇപ്രകാരമായിരുന്നു. 'ട്രെയിനിൽ കന്യാസ്ത്രീകൾക്കു നേരേ ബജ്രാംഗ്ദളിന്റെ അധിക്ഷേപം'. വിശദ വാർത്ത ഇപ്രകാരം : 'ട്രെയിൻ യാത്രക്കിടെ മലയാളികളുൾപ്പെടെ കത്തോലിക്കാ സന്യാസിനിമാർക്കുനേരേ ആക്രമണത്തിനും കള്ളക്കേസിൽ കുടുക്കാനും ശ്രമം. ഉത്തർപ്രദേശിലെ ത്സാൻസിയിൽ എസ്. എച്ച്. സന്യാസിനി സമൂഹത്തിന്റെ ഡൽഹി പ്രോവിൻസിലെ നാലു സന്യാസിനിമാർക്കാണു ബജ്രാംഗ്ദൾ പ്രവർത്തകരുടെയും പോലീസിന്റെയും ഭാഗത്തുനിന്നു ദുരനുഭവം നേരിട്ടത്. 'ഒഡീഷയിൽ നിന്നുള്ള 19 വയസ്സുള്ള രണ്ടു സന്യാസാർഥിനിമാരെ അവധിക്ക് നാട്ടിലാക്കാൻ ഡൽഹിയിൽനിന്നും ഒഡീഷയിലേക്ക് ട്രെയിനിൽ യാത്രചെയ്യുന്നതിനിടെയാണ് ഒരു കൂട്ടം ബജ്രാംഗ്ദളുകാർ ഇവരെ ആക്രമിക്കാൻ ശ്രമം നടത്തിയത്. സന്യാസാർഥികളെ അനുഗമിച്ചിരുന്ന യുവ സന്യാസിനിമാരിൽ ഒരാൾ മലയാളിയാണ്. സന്യാസപരിശീലനഘട്ടത്തിലുള്ളവരായതിനാൽ സന്യാസാർഥിനികൾ ഇരുവരും സാധാരണ വസ്ത്രവും മറ്റുള്ളവർ സന്യാസവസ്ത്രവുമാണ് ധരിച്ചിരുന്നത്. തേർഡ് ഏസിയിലെ സുരക്ഷിത സാഹചര്യത്തിലായിരുന്നു സന്യാസിനിമാരുടെ യാത്ര. '19 ന് ഉച്ചയോടെയാണ് ഡൽഹിയിൽനിന്നും യാത്ര തിരിച്ചത്. വൈകുന്നേരം ആറരയോടെ ത്സാൻസി എത്താറായപ്പോൾ തീർത്ഥയാത്ര കഴിഞ്ഞ് ഇതേ ട്രെയിനിൽ മടങ്ങുകയായിരുന്ന ചില ബജ്രാംഗ്ദൾ പ്രവർത്തകർ അകാരണമായി തങ്ങൾക്കുനേരേ കുറ്റാരോപണങ്ങൾ നടത്തി പ്രശ്നമുണ്ടാക്കുകയായിരുന്നുവെന്നു സന്യാസിനികൾ പറഞ്ഞു. 'സന്യാസാർത്ഥിനിമാരായ രണ്ടുപേരെ മതം മാറ്റാനായി കൊണ്ടു പോകുന്നെന്നായിരുന്നു ബജ്രാംഗ്ദളുകാരുടെ ആരോപണം. തങ്ങൾ ജന്മനാ ക്രൈസ്തവരാണ് എന്നു സന്യാസാർത്ഥിനികൾ അറിയിച്ചിട്ടും അവർ കലഹം നിർത്താൻ തയ്യാറായില്ല. 'യാത്രക്കാരിൽ ചിലർ പോലീസിൽ വിവരമറിയിച്ചു. ത്സാൻസിയിലെത്തിയപ്പോൾ സന്യാസിനിമാരോടു ട്രെയിനിൽനിന്നും പുറത്തിറങ്ങാൻ പോലീസ് ആവശ്യപ്പെട്ടു. തങ്ങൾ അവധിക്കു വീട്ടിൽ പോകുന്നവരാണെന്നറിയിച്ചിട്ടും പോലീസ് വഴങ്ങിയില്ല. ഒടുവിൽ ബലപ്രയോഗത്തിലൂടെ പോലീസ് സന്യാസിനികളെ ട്രെയിനിൽനിന്നു പുറത്തിറക്കി. റെയിൽവേ സ്റ്റേഷനു പുറത്ത് ജയ്ശ്രീറാം വിളികളുമായി നൂറുകണക്കിനു ബജ്രാംഗ്ദൾ പ്രവർത്തകരുണ്ടായിരുന്നു. .... യു. പി. യിലെ മതംമാറ്റനിരോധന നിയമം ദുരുപയോഗിച്ച് സന്യാസിനിമാരെ കള്ളക്കേസിൽ കുടുക്കാനുള്ള ആസൂത്രിത ശ്രമമാണ് നടന്നതെന്നാണ് ആരോപണം'.



ആയിരക്കണക്കിന് മിഷനറിമാരാണ് നാടും വീടും ഉപേക്ഷിച്ച് വടക്കേ ഇൻഡ്യയിൽ സകല മനുഷ്യർക്കും നന്മയുടെ സുവിശേഷവെളിച്ചം പകരുന്നത്. അവർ



www.malankaralibrary.com

കേരളത്തിൽനിന്നും, അവിടെ കടന്നുചെന്ന് ആ ദേശത്തെ ഭാഷയും സംസ്കാരവും ആചാരങ്ങളും സ്വന്തമാക്കി അവരിൽ ഒരാളായി ശുശ്രൂഷ ചെയ്യുന്നു. വർഗ്ഗീയതയുടെ വസ്ത്രം അവരാരും അണിഞ്ഞിട്ടില്ല. ആരുടെയും ഒരു തരി മണ്ണും അവർ എടുത്തിട്ടില്ല. തീവ്രവാദം പ്രചരിപ്പിച്ചിട്ടില്ല. വിദ്യാഭ്യാസ, ജീവകാരുണ്യ, സാമൂഹിക പ്രവർത്തനങ്ങളിലൂടെ നന്മ മാത്രം പകരുന്നു, മനുഷ്യരാകാനും മനുഷ്യത്വമുള്ളവരാകാനും പരിശീലിപ്പിക്കുന്നു. സ്വാതന്ത്ര്യാനന്തര ഇൻഡ്യയുടെ സാംസ്കാരികവും വിദ്യാഭ്യാസപരവും സാമ്പത്തികവുമായ പുരോഗതിയിൽ നിസ്തുലമായ സേവനം നല്കുന്നവരാണ് ക്രൈസ്തവ മിഷനറിമാർ. ലോകത്തിന്റെ നേട്ടമോ വിജയമോ മതപരിവർത്തനമോ അവരുടെ ലക്ഷ്യമല്ല. ക്രിസ്തുവിന്റെ സുവിശേഷത്തിനുവേണ്ടിയുള്ള ജീവിതസമർപ്പണം, അതുമാത്രം.

മിഷനറിമാരുടെ പ്രത്യേകിച്ച് സന്യാസിനിമാരുടെ പ്രവർത്തനങ്ങൾമൂലം അസമത്വങ്ങൾക്കെതിരേ പ്രതികരിക്കുവാൻ ചൂഷിത സമൂഹം പ്രാപ്തരാകുന്നു എന്നു കണ്ടപ്പോൾ 1995 – ൽ സിസ്റ്റർ റാണി മരിയ എന്ന മിഷണറി കൊല ചെയ്യപ്പെട്ടു. കുഷ്ഠരോഗികൾക്കുവേണ്ടി ജീവിതം സമർപ്പിച്ച ഓസ്ട്രേലിയൻ മിഷണറി ഗ്രഹാം സെറ്റയ്ൻസും രണ്ട് മക്കളും 1995 ജനുവരി 22 ന് ചുട്ടുകൊല്ലപ്പെട്ടു. ആദിവാസികളുടെ ഭരണഘടനാ അവകാശങ്ങൾക്കുവേണ്ടി പോരാടിയ ഫാ. സ്റ്റാൻ സ്വാമി മാവോയിസ്റ്റായി മുദ്ര കുത്തപ്പെട്ട് ഇന്നും തടവിലാണ്. ഇങ്ങനെ മിഷണറിമാർക്കെതിരെയുള്ള അതിക്രമങ്ങൾ അനവധിയാണ്. അതിന്റെ ഏറ്റവും പുതിയ ഒരു രൂപമാണ് മാർച്ച് 19 ന് ത്സാൻസിയിൽ അരങ്ങേറിയത്.

ജനാധിപത്യ രാഷ്ട്രങ്ങളെല്ലാം മതസ്വാതന്ത്ര്യത്തെ മൗലീകാവകാശമായാണ് പരിഗണിക്കുന്നത്. ഭാരതവും മതസ്വാതന്ത്ര്യത്തെ അപ്രകാരമാണ് കരുതുന്നത്. നമ്മുടെ ഭരണഘടനയിലെ 25 മുതൽ 28 വരെയുള്ള വകുപ്പുകൾ മതസ്വാതന്ത്ര്യത്തെക്കുറിച്ച് പ്രത്യേകമായി പരാമർശിക്കുന്നവയാണ്. 25/1-ാം വകുപ്പ് ഇപ്രകാരമാണ് പറയുന്നത് : ‘Subject to public order, morality and health and to other provisions of this part, all persons are equally entitled to freedom of conscience and right to freely to profess, practice and propagate religion‘. തുടർന്നുള്ള വകുപ്പുകൾ മത സമൂഹങ്ങൾക്കു സംഘടിച്ചു പ്രവർത്തിക്കാനും സ്ഥാപനങ്ങൾ നടത്താനുമുള്ള അവകാശങ്ങൾ അടിവരയിട്ടു പറയുന്നുണ്ട്. ഈ ഭാഗത്ത് ചില ശ്രദ്ധേയമായ കാര്യങ്ങൾ ഭരണഘടന എടുത്തുകാട്ടുന്നുണ്ട്. ഉദാ. കൃപാൺ ധരിക്കുക എന്നത് സിക്കു മതസ്ഥർക്ക് അവരുടെ മതപരമായ അവകാശത്തിന്റെ ഭാഗമാണ്. ഒരു പ്രത്യേക മതവിഭാഗം ദേശീയഗാനം അവരുടെ മതവിശ്വാസത്തിനു നിഷിദ്ധമായി കാണുന്നെങ്കിൽ അത് ആലപിക്കാതിരിക്കാനുള്ള സ്വാതന്ത്ര്യവും അവരുടെ മതസ്വാതന്ത്ര്യത്തിന്റെ ഭാഗമാണ്. 2021 ഏപ്രിൽ ഒൻപതാം തീയതി നമ്മുടെ പരമോന്നത നീതിപീഠം നടത്തിയ ഒരു പ്രസ്താവവും ഇവിടെ പ്രസക്തമാണ്. രാജ്യത്ത് പതിനെട്ട് വയസിനു മുകളിൽ പ്രായമുള്ള ആർക്കും ഇഷ്ടമുള്ള മതം സ്വീകരിക്കാൻ അവകാശമുണ്ടെന്ന് സുപ്രീംകോടതി പ്രസ്താവിച്ചു. ഭരണഘടനയുടെ 25-ാം അനുഛേദപ്രകാരം മതം പ്രചരിപ്പിക്കാനുള്ള അവകാശം പൗരനുണ്ടെന്നും കോടതി വ്യക്തമാക്കി. ഭീഷണി, പ്രലോഭനം, സമ്മാനങ്ങൾ നല്കൽ തുടങ്ങിയവയിലൂടെയുള്ള നിർബന്ധിത മത പരിവർത്തനം തടയാൻ കേന്ദ്ര-സംസ്ഥാന സർക്കാരുകൾക്ക് നിർദ്ദേശം നല്കണമെന്ന് ആവശ്യപ്പെടുന്ന ഹർജി തള്ളിക്കൊണ്ടാണ് സുപ്രീംകോടതി ഇപ്രകാരം നിരീക്ഷിച്ചത്. ഭരണഘടനയുടെ 25-ാം അനുച്ഛേദപ്രകാരം ആർക്കും മതം പ്രചരിപ്പിക്കുന്നതിന് അവകാശമുണ്ടെന്നു കോടതി ചൂണ്ടിക്കാട്ടി. ഭരണഘടനയിൽ പ്രചരിപ്പിക്കൽ എന്ന വാക്ക് ഉപയോഗിച്ചിരിക്കുന്നതിന്റെ കാരണം അറിയാമോ എന്നു കോടതി ഹർജിക്കാരനോടു ചോദിച്ചു (ദീപിക 2021 ഏപ്രിൽ 10, പേജ് 1). മതസ്വാതന്ത്ര്യത്തിന്റെ കാര്യങ്ങളിൽ രാഷ്ട്രം കടന്നുകയറരുതെന്ന സൂചനയാണ് ഇവയെല്ലാം നല്കുന്നത്.

നമ്മുടെ ഭരണഘടന ഭാരതത്തെ ഒരു മതേതര രാഷ്ട്രമായിട്ടാണ് രൂപകല്പന ചെയ്തിരിക്കുന്നത്. ഭാരതം മതാധിഷ്ഠിതമല്ല എന്നാണ് ഇത് അർത്ഥമാക്കുന്നത്. എല്ലാ മതങ്ങളെയും സമഭാവനയോടെ കാണുകയും അംഗീകരിക്കുകയുമാണ് നമ്മുടെ ഭരണഘടനയുടെ ദർശനം. അതോടൊപ്പം മതപ്രചരണ സ്വാതന്ത്ര്യം അനുവദിക്കുകയും ചെയ്യുന്നു, ചതിയിലൂടെയോ ബലപ്രയോഗത്തിലൂടെയോ പാടില്ല എന്നു മാത്രം. മതസ്വാതന്ത്ര്യം ഉറപ്പിക്കുന്നതിലൂടെ മതങ്ങളുടെ ഉൾഭരണ സ്വാതന്ത്ര്യവും മൗലികാവകാശമായിട്ടാണ് ഭരണഘടന കാണുന്നത്. പൂർണ്ണമായ മതസ്വാതന്ത്ര്യം നമ്മുടെ ഭരണഘടന ഓരോ പൗരനും ഉറപ്പു തരുന്നുണ്ട്. മാർച്ച് 19-ാം തീയതി ത്സാൻസിയിൽ നമ്മുടെ സന്യാസിനികൾക്കുനേരെ ഉയർന്ന അതിക്രമങ്ങളെ വിലയിരുത്താൻ ഒരു പശ്ചാത്തലമായിട്ടാണ് ഭരണഘടന സംബന്ധിച്ചുള്ള ചില കാര്യങ്ങൾ സൂചിപ്പിച്ചത്. മതത്തിന്റെ പേരിൽ ആർക്കും അനീതിയും അരക്ഷിതത്വവും അനുഭവിക്കേണ്ടി വരില്ല എന്നത് രാജ്യം എല്ലാ പൗരന്മാർക്കും നല്കുന്ന ഉറപ്പാണ്. ഈ ഉറപ്പ് നടപ്പിലാക്കാനുള്ള ഉത്തരവാദിത്വം അതതുകാലത്ത് ഭരണം നടത്തുന്ന ഭരണാധികാരികൾക്കുള്ളതാണ്.

പല അന്തർദേശീയ പഠനങ്ങളുമനുസരിച്ച് മതസ്വാതന്ത്ര്യം ഏറ്റവും കുറവുള്ളതും ക്രൈസ്തവപീഡനം ഏറ്റവും കൂടു



www.malankaralibrary.com

തൽ നടക്കുന്നതുമായ രാജ്യങ്ങളുടെ മുൻനിരയി ലാണ് ഇന്ന് ഭാരതത്തിന്റെ സ്ഥാനം. ത്സാൻസി യിൽ നടന്ന സംഭവം അതിൽ ഏറ്റവും പുതിയ താണ്. മതപരിവർത്തനം നടത്തുന്നു എന്ന് ആരോപിച്ചായിരുന്നു മതതീവ്രവാദികൾ സന്യാ സിനിമാർക്കെതിരെ അക്രമം നടത്തിയത്. ആധി കാരിക രേഖകൾ കാണിച്ചിട്ടും അവ അംഗീകരി ക്കാൻ അവർ തയ്യാറായില്ല. നീതി നടപ്പാക്കേണ്ട പോലീസും അക്രമികളെ പിന്തുണയ്ക്കുകയാണ് ചെയ്തത്. ഒഡീഷ്യയിലേക്കു യാത്ര ചെയ്തിരു ന്നവരെ നിർബന്ധിച്ച് ത്സാൻസിയിൽ ഇറക്കി. സുരക്ഷിതത്വത്തിനെന്ന പേരിൽ സന്യാസിനി കളെ സന്യാസവസ്ത്രം മാറ്റി സാധാരണ വേഷ ത്തിൽ യാത്ര തുടരാൻ നിർബന്ധിച്ചു. മതത്തിന്റെ പേരിൽ വിവേചനമാണിവിടെ നടന്നത്. മത ത്തിന്റെ പേരിൽ അവഹേളനവും കയ്യേറ്റവും അനുഭവിക്കേണ്ടി വന്ന അവസ്ഥ. മതത്തിന്റെ പേരിൽ സഞ്ചാര സ്വാതന്ത്ര്യം നിഷേധിക്കപ്പെട്ട സ്ഥിതി. സന്യാസിനികൾക്ക് അവരുടെ ജീവിതാ വസ്ഥയ്ക്ക് ചേർന്ന സന്യാസവസ്ത്രം പോലും ധരിക്കാനുള്ള അവകാശം നിഷേധിക്കപ്പെടുന്ന അവസ്ഥ. ഭരണഘടനാ ലംഘനമല്ലാതെ മറ്റെന്താ ണിത്.

2015 – ൽ ഭരണഘടനയെക്കുറിച്ചു പാർല മെന്റിൽ നടത്തിയ ചർച്ചയിൽ പ്രധാനമന്ത്രി ശ്രീ.നരേന്ദ്ര മോദി ഇപ്രകാരം പറഞ്ഞിരുന്നു. 'രാജ്യമാണു സർക്കാരിന്റെ മതം, ഭരണഘടന യാണ് വിശുദ്ധ ഗ്രന്ഥം. ഭൂരിപക്ഷവും ന്യൂനപ ക്ഷവും കയ്യോടുകൈ ചേർക്കണം, ബഹുസ്വര തയെ സംരക്ഷിക്കണം, ഭരണഘടനയുടെ അന്തഃ സത്ത കാത്തു സൂക്ഷിക്കണം' എന്നൊക്കെ. ഇങ്ങനെ പറഞ്ഞ പ്രധാനമന്ത്രിയുടെ മൂക്കിനു കീഴിൽ സംഭവിച്ച ചില കാര്യങ്ങൾകൂടി നമുക്കൊന്നു കാണാം. യു. പി. യിൽ മാത്രമല്ല, മധ്യപ്രദേശിലും ഛത്തീസ്ഗഡിലും ജാർക്ക ണ്ഡിലും ഒഡീഷ്യയിലുമൊക്കെ ക്രൈസ്ത വർക്കു മതതീവ്രവാദികളിൽനിന്നും തുടർച്ച യായി അക്രമങ്ങൾ നേരിടേണ്ടി വരുന്നുണ്ട്. 2017 ജൂൺ 13 ന് നാലു ഗോത്രവർഗ്ഗ പെൺകുട്ടികളോ ടൊപ്പം യാത്രചെയ്ത മലയാളി സന്യാസിനിയെ മതപരിവർത്തനം ആരോപിച്ച് ട്രെയിനിൽനിന്നു വലിച്ചിറക്കി സത്ന സ്റ്റേഷനിൽ തടഞ്ഞുവച്ച സംഭവമുണ്ടായി. 2017 മേയ് 21 ന് മദ്ധ്യപ്രദേശിലെ ജാബുവ ജില്ലയിൽനിന്ന് നാഗ്പൂരിലേക്കു സമ്മർ ക്യാമ്പിനുപോയ 60 ഗോത്രവർഗ്ഗ കുട്ടികളെ രത്‌ലം റെയിൽവേ സ്റ്റേഷനിൽ തടഞ്ഞു വയ്ക്കു കയുണ്ടായി. 2017 ഡിസംബർ 14 ന് മദ്ധ്യപ്രദേ ശിൽ സത്ന മേജർ സെമിനാരിയിലെ 35 വിദ്യാർത്ഥികളെയും പത്ത് വൈദികരെയും വ്യാജ മതപരിവർത്തനം ആരോപിച്ച് ആക്രമിക്കു കയും വാഹനം കത്തിക്കുകയും കൊള്ളയടിക്കു കയും ചെയ്തു. ഇപ്രകാരം വടക്കേ ഇൻഡ്യയിൽ ക്രൈസ്തവർ അക്രമിക്കപ്പെടുന്ന നൂറ് കണ ക്കിന് സംഭവങ്ങൾ ഉണ്ടാകുന്നുണ്ട്. പലപ്പോഴും കേസുകൾപോലും ഉണ്ടാകാറില്ല. അക്രമികൾ ശിക്ഷിക്കപ്പെടുന്നത് വളരെ വിരളം. തങ്ങൾക്ക് ഇഷ്ടമുള്ള മതത്തിൽ വിശ്വസിക്കാനും അത് പ്രചരിപ്പിക്കാനും അതിന്റെ ആചാരങ്ങളും അനു ഷ്ഠാനങ്ങളും പിന്തുടരുവാനും ഭരണഘടനാപര മായ അവകാശമുള്ള ഭാരതത്തിൽ ന്യൂനപക്ഷ വി ഭാഗങ്ങൾക്ക് തങ്ങൾ രാജ്യസ്നേഹികളാ ണെന്നും രാജ്യത്തിന്റെ നിയമങ്ങളൊന്നും തങ്ങൾ ലംഘിക്കുന്നില്ലെന്നും ഭൂരിപക്ഷ മത ത്തിലെ തീവ്രവാദി വിഭാഗങ്ങളെ ബോദ്ധ്യപ്പെടു ത്തേണ്ട അവസ്ഥ ഉണ്ടാകുന്നത് അതീവ നിർഭാ ഗ്യകരമാണ്. ട്രെയിനിൽ യാത്ര ചെയ്യുന്ന ക്രൈസ്തവർ യാത്രാരേഖകൾക്കു പുറമേ മാമോ ദീസ സർട്ടിഫിക്കറ്റുകൂടി കൊണ്ടുനടക്കേണ്ട അവസ്ഥയാണിന്ന് ഈ രാജ്യത്ത്. ഇത് നമ്മുടെ ജനാധിപത്യ ഭാരതത്തിന് ലജ്ജാകരമാണ്.

നമ്മുടെ മാതൃരാജ്യത്ത് യഥേഷ്ടം യാത്ര ചെയ്യാനുള്ള സ്വാതന്ത്ര്യം ഇവിടുത്തെ ഓരോ പൗരനുമില്ലേ? മതത്തിന്റെ അടിസ്ഥാന ത്തിൽ ഇത് നിഷേധിക്കാൻ ആർക്കും അവകാശ മില്ല, അധികാരികൾക്കും, പോലീസിനും, അന്യ മതസ്ഥർക്കും ആർക്കും. മിഷനറിമാരെ ഭയപ്പെ ടുത്തി പ്രേഷിത മേഖലകളിൽനിന്ന് പിൻതിരിപ്പി ക്കാനുള്ള ആസൂത്രിത ശ്രമത്തിന്റെ ഭാഗമായിട്ടാ യിരിക്കും ഇത്തരം അക്രമങ്ങൾ അരങ്ങേറുന്നത്. ഇതുകൊണ്ടൊന്നും പിന്മാറാൻ ഒരു മിഷനറിയും തുനിയുകയില്ല. ഇത്തരം പ്രതിസന്ധികൾ അവരെ കൂടുതൽ ഊർജ്ജസ്വലരാക്കുക യേയുള്ളൂ. അവർക്ക് കൂടുതൽ ഊർജ്ജം പകരു വാനും ധൈര്യം പകരുവാനും നമുക്ക് ഓരോരു ത്തർക്കും ഉത്തരവാദിത്വം ഉണ്ടെന്നുള്ള കാര്യം മറക്കാതിരിക്കാം. ഭരണഘടന ഉറപ്പുതരുന്ന അവ കാശങ്ങൾ അറിയുന്നതിനും സംരക്ഷിക്കുന്ന തിനും വിനിയോഗിക്കുന്നതിനും നാം ശ്രമിക്കേ ണ്ടിയുമിരിക്കുന്നു. 'നിങ്ങൾ ലോകമെങ്ങും പോയി, എല്ലാ സൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുവിൻ' എന്നുള്ള കർതൃകല്പന ഏതാനും പേർക്കു മാത്രമുള്ളതല്ല, എനിക്കും നിങ്ങൾക്കും, യേശുക്രിസ്തുവിനെ രക്ഷകനും നാഥനുമായി സ്വീകരിച്ചിട്ടുള്ള എല്ലാവർക്കും ഉള്ളതാണെന്ന കാര്യം മറക്കാതിരിക്കാം. വിദൂര നാടുകളിൽ പോയി സുവിശേഷപ്രവർത്തനങ്ങ ളിൽ ഏർപ്പെട്ടിരിക്കുന്നവർക്കുവേണ്ടി പ്രാർത്ഥി ക്കുകയും അവർക്കുവേണ്ട പിൻബലം നല്കു കയും അവരുടെ സുരക്ഷിതത്വത്തിനും സംരക്ഷ ണത്തിനും വേണ്ട കാര്യങ്ങൾ ക്രമീകരിക്കുകയും ചെയ്യുക ഓരോ ക്രൈസ്തവന്റെയും ഒഴിച്ചു കൂടാ നാവാത്ത കടമയാണെന്നും ഓർക്കാം.


www.malankaralibrary.com





പുഷ്പഗിരി മെഡിക്കൽ കോളേജ് പ്രതീക്ഷ ചൈൽഡ് ഡെവലപ്മെന്റ് സെന്ററിന്റെ നേതൃത്വത്തിൽ നടത്തപ്പെട്ട ഓട്ടിസം ബോധവത്കരണ വാരാഘോഷത്തിന്റെ ഉദ്ഘാടനം അഭിവന്ദ്യ തോമസ് മാർ കൂറിലോസ് മെത്രാപ്പോലിത്ത നിർവ്വഹിക്കുന്നു. മഴവിൽ മനോരമ ഫെയിം പൂജ രോഹിത്, ഡോ. പൂർണ്ണിമ ആദർശ്, പുഷ്പഗിരി സി. ഇ. ഒ ഫാ. ജോസ് കല്ലുമാലിക്കൽ, അഡ്മിനിസ്ട്രേറ്റർ ഫാ.തോമസ് പരിയാരത്ത്, പ്രതീക്ഷ സെന്റർ ഇൻചാർജ് ഡോ. മഞ്ജു ജോർജ് ഇലഞ്ഞിക്കൽ എന്നിവർ നേതൃത്വം നല്കി.



സെന്റ് ജോൺസ് കത്തീഡ്രൽ ഇടവക മുളമൂട്ടിൽ തോമസ് കുര്യന്റെയും തങ്കമ്മ തോമസിന്റെയും മകൻ തനൂജ്.ജി. തോമസും, കല്ലുങ്കൽ സെന്റ് ജോർജ്ജ് ഇടവക പരുവമൂട്ടിൽ പി.സി.തോമസിന്റെയും ജെസി തോമസിന്റെയും മകൾ ജിറ്റി എലിസബേത്ത് തോമസും തമ്മിലുള്ള വിവാഹം അഭിവന്ദ്യ തോമസ് മാർ കൂറിലോസ് മെത്രാപ്പോലീത്ത ആശീർവദിച്ചു.

### പ്രധാനപ്പെട്ട ദിവസങ്ങൾ - 2021 മെയ്

| | |
|---|---|
| മെയ് 02 | - മലങ്കര സുറിയാനി കത്തോലിക്കാ അല്മായ ദിനം |
| മെയ് 13 | - സൂലോക്കൊ (നമ്മുടെ കർത്താവിന്റെ സ്വർഗാരോഹണം) |
| മെയ് 15 | - കതിരുകളെപ്രതി വി. ദൈവമാതാവിന്റെ ഓർമ്മ |
| മെയ് 23 | - പെന്തിക്കൊസ്തിപ്പെരുന്നാൾ |
| മെയ് 30 | - അഭിവന്ദ്യ തോമസ് മാർ യൗസേബിയൂസ് തിരുമേനിയുടെ നാമഹേതുക തിരുന്നാൾ |
| | - ദൈവവിളി ദിനം |



www.malankaralibrary.com

# സുറിയാനി പഠനം (നാലാം ഭാഗം)

ഫാ. ഡോ. രാജു പറക്കോട്ട്
(SEERI, കോട്ടയം)



1

## പാഠം 3
### ഹേത്ത്-തേത്ത്-യൂദ്

സുറിയാനി അക്ഷരമാലയിലെ ആദ്യത്തെ 7 അക്ഷരങ്ങളെത്തുടർന്നുള്ള 3 അക്ഷരങ്ങളും അഞ്ചാമത്തെയും അവസാനത്തെയുമായ സ്വരവും മൂന്നാമത്തെ മുഖ്യ ഉച്ചാരണനിയമവും യൂദ് (ܝ) എന്ന അക്ഷരവുമായി ബന്ധപ്പെട്ട അഞ്ച് ഉച്ചാരണനിയമങ്ങളുമാണ് ഈ പാഠത്തിന്റെ ഉള്ളടക്കം.

**അക്ഷരങ്ങൾ**

| അക്കം | ഉച്ചാരണം | പേര് | അക്ഷരം |
|---|---|---|---|
| 8 | ഹ് | ഹേത്ത് | ܚ |
| 9 | ത് | തേത്ത് | ܛ ܛ |
| 10 | യ് | യൂദ് | ܝ |

**അക്ഷരങ്ങൾ എഴുതുന്ന വിധം**



**അക്ഷരങ്ങൾക്കുണ്ടാകുന്ന രൂപഭേദങ്ങൾ**

ഓരോ അക്ഷരത്തിന്റെയും രൂപം ഒരു വാക്കിന്റെ ആദ്യം വരുന്നതനുസരിച്ചും, ഇടയിൽ വരുന്നതനുസരിച്ചും, അവസാനം വരുന്നതനുസരിച്ചും വ്യത്യാസപ്പെടാം. ഇപ്രകാരമുള്ള രൂപമാറ്റങ്ങൾ താഴെ ചേർക്കുന്നു.

| അവസാനം | ഇടയിൽ | ആദ്യം | അക്ഷരം |
|---|---|---|---|
| ܚ | ܚ | ܚ | ഹേത്ത് |
| ܛ | ܛ | ܛ | തേത്ത് |
| ܝ | ܝ | ܝ | യൂദ് |

**ശ്രദ്ധിക്കുക**

1. വലതുവശത്തെ അക്ഷരവുമായി ബന്ധിപ്പിച്ച് എഴുതുമ്പോൾ തേത്തിന്റെ (ܛ) രൂപം മാറുന്നു ( ܛ )
2. ഈ മൂന്ന് അക്ഷരങ്ങളും ഇരു വശങ്ങളിലെയും അക്ഷരങ്ങളുമായും ബന്ധിപ്പിച്ച് എഴുതുന്നു.


**അഞ്ചാമത്തെയും അവസാനത്തേതുമായ സ്വരം**

| ഉച്ചാരണം | പേര് | സ്വരം |
|---|---|---|
| ഇ, ഈ | ഹ്ബോസോ | ◌ܺ |

2

**സ്വരം എഴുതുന്ന വിധം**

ഇ ഈ



**വായനാ പരിശീലനം**

| | | |
|---|---|---|
| യ, യാ = ܝܰ | ത, താ = ܛܰ | ഹ, ഹാ = ܚܰ |
| യി, യീ = ܝܺ | തി, തീ = ܛܺ | ഹി, ഹീ = ܚܺ |
| യു, യൂ = ܝܽ | തു, തൂ = ܛܽ | ഹു, ഹൂ = ܚܽ |
| യെ, യേ = ܝܶ | തെ, തേ = ܛܶ | ഹെ, ഹേ = ܚܶ |
| യൊ, യോ = ܝܳ | തൊ, തോ = ܛܳ | ഹൊ, ഹോ = ܚܳ |

**മൂന്നാമത്തെ മുഖ്യ ഉച്ചാരണനിയമം**

**ഒരു പദത്തിലെ അക്ഷരങ്ങൾക്കിടയിൽ സ്വരം ഇല്ലാത്ത അക്ഷരം വന്നാൽ അതിന്റെ തൊട്ടു മുൻപിലെ അക്ഷരത്തിന്റെ സ്വരം ഹ്രസ്വമായി (short) ഉച്ചരിക്കുന്നു.**

ܒܰܓܕܳܕ - ബഗ്ദാദ്. ഇതൊരു പട്ടണത്തിന്റെ പേരാണ്. ഈ പദത്തിലെ ആദ്യ അക്ഷരത്തിന്റെ സ്വരം മൂന്നാമത്തെ മുഖ്യ ഉച്ചാരണ നിയമമനുസരിച്ച് ഹ്രസ്വമായി ഉച്ചരിക്കുന്നു.

ഈ പദത്തിലെ രണ്ടാമത്തെ അക്ഷരമായ ഗോമാലിന് (ܓ) സ്വരമില്ല. അതുകൊണ്ട് അതിന്റെ തൊട്ടു മുൻപിലെ അക്ഷരമായ ബേതിന്റെ (ܒ) ◌ܰ (അ) എന്ന സ്വരം ഹ്രസ്വമായി (short) 'ബ' എന്ന് ഉച്ചരിക്കുന്നു.

ഈ പദത്തിലെ ദോലാദ് (ܕ) എന്ന അക്ഷരത്തിന്റെ മുകളിലെ സ്വരം രണ്ടാമത്തെ മുഖ്യ ഉച്ചാരണ നിയമമനുസരിച്ച് ദീർഘമായി ഉച്ചരിക്കുന്നു.

ഈ പദത്തിലെ ഓലാഫിന് (ܐ) സ്വരം ഇല്ലാത്തതുകൊണ്ടും ഉച്ചാരണമില്ലാത്തതുകൊണ്ടും ഇങ്ങനെ ഒരു അക്ഷരം ഇല്ലാത്തതായി കരുതിയാണ് വായിക്കുന്നത്.

**യൂദ് (ܝ) എന്ന അക്ഷരവുമായി ബന്ധപ്പെട്ട ഉച്ചാരണനിയമങ്ങൾ**

**1. ◌ܺ (ഇ) എന്ന സ്വരത്തിനുശേഷം വരുന്ന യൂദ് (ܝ) എന്ന അക്ഷരം ഉച്ചരിക്കുന്നില്ല.**

ܐܺܝܕܳܐ ഈ വാക്ക് 'ഈദൊ' എന്നാണ് ഉച്ചരിക്കുന്നത്. 'ഇയ്ദൊ' എന്നല്ല. ◌ܺ (ഇ) എന്ന



www.malankaralibrary.com

സ്വരത്തിനുശേഷം വരുന്ന യൂദ് (ܝ) ഉച്ചരിക്കുന്നില്ലാത്തതിനാൽ ഈ അക്ഷരം ഇല്ല എന്ന് കരുതി ഒന്നാമത്തെ ഉച്ചാരണനിയമമനുസരിച്ച് അതായത് അക്ഷരങ്ങൾക്ക് തുടർച്ചയായി സ്വരങ്ങൾ വരുന്ന പദങ്ങളെപ്പോലെ വായിക്കുന്നു.

2. ܹ (എ) എന്ന സ്വരത്തിനുശേഷം വരുന്ന യൂദ് (ܝ) എന്ന അക്ഷരം ഉച്ചരിക്കുന്നില്ല.

ܕܹܝ ദേ, ܓܹܝ ഗേ

**3. ܰ (അ) എന്ന സ്വരത്തിനുശേഷം യൂദ് (ܝ) എന്ന അക്ഷരം വന്നാൽ 'അയ്' എന്ന് ഉച്ചരിക്കുന്നു.**

ܐܰܝܕܳܐ അയ്ദൊ

**4. ܳ (ഒ) എന്ന സ്വരത്തിനുശേഷം യൂദ് (ܝ) എന്ന അക്ഷരം വന്നാൽ 'ഒയ്' എന്ന് ഉച്ചരിക്കുന്നു.**

ܗܳܘܝ ഹൊയ്

**5. ഒരു പദത്തിലെ അവസാനത്തെ അക്ഷരം യൂദ് (ܝ) വരികയും ആ യൂദിനും അതിനു മുൻപുള്ള അക്ഷരത്തിനും സ്വരം ഇല്ലാതിരിക്കുകയും ചെയ്താൽ ആ യൂദ് ഉച്ചരിക്കുന്നില്ല.**

എബാദ് ܐܶܒܰܕܝ

**പദപരിചയം**

(brother) സഹോദരൻ ܐܰܚܳܐ

(was lost) നഷ്ടപ്പെട്ടു ܐܶܒܰܕ

(saw) കണ്ടു ܚܙܳܐ

(sinned) പാപം ചെയ്തു ܚܛܳܐ

(good) നല്ല ܛܳܒܳܐ

**ശ്രദ്ധിക്കുക**

ഇംഗ്ലീഷിലും മലയാളത്തിലും നാമങ്ങളോട് വിശേഷണങ്ങൾ ചേർക്കുന്നത് നാമങ്ങൾക്ക് മുൻപാണ്. എന്നാൽ സുറിയാനിയിൽ നാമങ്ങളോട് വിശേഷണങ്ങൾ ചേർക്കുന്നത് നാമങ്ങൾക്ക് ശേഷമാണ്.

ܚܠܳܐ ܛܳܒܳܐ ⁘ - നല്ല അമ്മാവൻ

ഇവിടെ ܚܠܳܐ എന്ന നാമത്തിനു പിന്നാലെയാണ് ܛܳܒܳܐ എന്ന വിശേഷണം ചേർത്തിരിക്കുന്നത്.

**പരിശീലനം 3.1 സുറിയാനിയിൽ എഴുതുക**

1. ഹ ഹാ ഹി ഹീ ഹു ഹൂ ഹെ ഹേ ഹൊ ഹോ (ഹേത്ത് ഉപയോഗിക്കുക)
2. ത താ തി തീ തു തൂ തെ തേ തൊ തോ
3. യ യാ യി യീ യു യൂ യെ യേ യൊ യോ



**പരിശീലനം 3.2 സ്വരങ്ങൾ നല്കി അർത്ഥം എഴുതുക**

1. ܐܚܐ ⁘ 2. ܚܙܐ ⁘ 3. ܚܛܐ ⁘ 4. ܛܒܐ ⁘ 5. ܐܒܕ ⁘

**പരിശീലനം 3.3 വിവർത്തനം ചെയ്യുക**

1. ܐܰܚܳܐ ܚܙܳܐ ܛܳܒܳܐ ܒܓܰܘ ܓܽܘܒܳܐ ⁘
2. ܗܰܘ ܓܰܒܪܳܐ ܛܳܒܳܐ ⁘
3. ܐܰܚܳܐ ܐܶܒܰܕ ܒܓܰܘ ܓܒܪܐ ⁘

**പരിശീലനം 3.4 സുറിയാനിയിൽ എഴുതുക**

1. നല്ല അമ്മാവൻ പാപം ചെയ്തു
2. നല്ല സഹോദരൻ നല്ല കായ് കണ്ടു
3. കായും കരടിയും കിണറിനകത്ത് നഷ്ടപ്പെട്ടു

**ഒന്നാമത്തെ പരീക്ഷ ഒന്നു മുതൽ മൂന്നു വരെ പാഠങ്ങൾ**

**ഉത്തരങ്ങൾ എഴുതുക. ആകെ മാർക്ക് 50**

1. അക്ഷരമാലയിലെ ആദ്യ 10 അക്ഷരങ്ങൾ, അവയുടെ പേര്, ഉച്ചാരണം, അക്കം - 10 മാർക്ക്
2. അഞ്ച് സ്വരങ്ങൾ, അവയുടെ പേര്, ഉച്ചാരണം - 5 മാർക്ക്
3. മൂന്ന് മുഖ്യ ഉച്ചാരണ നിയമങ്ങൾ ഉദാഹരണസഹിതം - 6 മാർക്ക്
4. രണ്ട് ചെറിയ ഉച്ചാരണ നിയമങ്ങൾ ഉദാഹരണസഹിതം - 4 മാർക്ക്
5. വാവ് എന്ന അക്ഷരവുമായി ബന്ധപ്പെട്ട 5 ഉച്ചാരണനിയമങ്ങൾ ഉദാഹരണസഹിതം- 5 മാർക്ക്
6. യൂദ് എന്ന അക്ഷരവുമായി ബന്ധപ്പെട്ട 5 ഉച്ചാരണനിയമങ്ങൾ ഉദാഹരണസഹിതം - 5 മാർക്ക്
7. താഴെ തന്നിരിക്കുന്ന മലയാള പദങ്ങളുടെ സുറിയാനി പദങ്ങൾ - 15 മാർക്ക്

   1. പിതാവ്
   2. ശിശു
   3. കരടി
   4. അമ്മാവൻ
   5. തിരഞ്ഞെടുത്തു
   6. കിണറ്
   7. കായ്
   8. തരൂ
   9. അകത്ത്
   10. അല്ലയോ
   11. സഹോദരൻ
   12. നഷ്ടപ്പെട്ടു
   13. കണ്ടു
   14. പാപം ചെയ്തു
   15. നല്ല



www.malankaralibrary.com

# സുവർണ്ണ ജൂബിലി നിറവിൽ ബോധന സോഷ്യൽ സർവ്വീസ് സൊസൈറ്റി




തിരുവല്ല അതിഭദ്രാസന സോഷ്യൽ സർവ്വീസ് സൊസൈറ്റി (ബോധന) യുടെ സുവർണ്ണ ജൂബിലി ആഘോഷങ്ങൾക്ക് തുടക്കം കുറിച്ചുകൊണ്ട് സെന്റ് ജോൺസ് കത്തീഡ്രൽ ഹാളിൽ നടന്ന സമ്മേളനം ശ്രീ. ആന്റോ ആന്റണി എം.പി ഉദ്ഘാടനം ചെയ്യുന്നു. അഭി. തോമസ് മാർ കൂറിലോസ് മെത്രാപ്പോലീത്ത, അഡ്വ. മാത്യൂ.ടി.തോമസ് എം.എൽ.എ, ഡയറക്ടർ ഫാ. സാമൂവേൽ വിളയിൽ, പ്രസിഡന്റ് സജി മാത്യൂ, നഗരസഭാദ്ധ്യക്ഷ ശ്രീമതി ബിന്ദു ജയകുമാർ, സ്വാമി നിർവിണ്ണാനന്ദ, ഫാ. ജേക്കബ് മാവുങ്കൽ എന്നിവർ സമീപം




സുവർണ്ണ ജൂബിലിയോടനുബന്ധിച്ച് നിരണം പ്രദേശത്ത് ബോധന പണിതു നൽകിയ അഞ്ച് ഭവനങ്ങളുടെ താക്കോൽദാനം അഡ്വ. മാത്യൂ.ടി.തോമസ് എം.എൽ.എ നിർവ്വഹിക്കുന്നു.





www.malankaralibrary.com

# അഭിനന്ദനങ്ങൾ....ആശംസകൾ....



ഇന്ത്യയുടെ പുതിയ അപ്പസ്തോലിക് ന്യൂൺഷ്യോ
ആയി മാർപാപ്പാ നിയമിച്ച
ആർച്ചുബിഷപ്പ് ലെയോപോൾഡോ ഗിറേല്ലി



ചങ്ങനാശ്ശേരി
അസംപ്ഷൻ കോളേജ്
പ്രിൻസിപ്പലായി
ചുമതലയേറ്റ തിരുവല്ല
അതിഭദ്രാസനത്തിലെ
മല്ലപ്പള്ളി
ഇടവകാംഗമായ
ഡോ. അനിത ജോജി
വാളക്കുഴിക്ക്
അഭിനന്ദനങ്ങൾ



എം.ജി. യൂണിവേഴ്സിറ്റി
എം.എ.
സുറിയാനിക്ക് ഒന്നാം
റാങ്ക് കരസ്ഥമാക്കിയ
പാത്താമുട്ടം
ഇടവകാംഗം
ജ്യോതി ബെന്നിക്ക്
അഭിനന്ദനങ്ങൾ.



യു.കെ. യുടെ
പാസ്റ്ററൽ
കോർഡിനേറ്ററായി
നിയമിതനായ
ഫാ. ഡോ. കുര്യാ
ക്കോസ് തടത്തിലിന്
അഭിനന്ദനങ്ങൾ,
ആശംസകൾ



മെഡിക്കൽ ബയോകെമി
സ്ട്രിയിൽ പിഎച്ച്ഡി
(ചെന്നൈ മീനാക്ഷി യൂണി
വേഴ്സിറ്റി) നേടിയ മല്ലപ്പള്ളി
ഇടവകാംഗമായ സുമിനാ
ചെറിയാൻ വാളക്കുഴി. തിരു
വല്ല പുഷ്പഗിരി മെഡിക്കൽ
കോളജിൽ ബയോകെ
മിസ്ട്രി ഡിപ്പാർട്ട്മെന്റിൽ
അസിസ്റ്റന്റ് പ്രഫസറാണ്.
അഭിനന്ദനങ്ങൾ.

## മെയ് 30 – നാമഹേതുക തിരുനാൾ



മോസ്റ്റ് റവ. ഡോ. തോമസ് മാർ
യൗസേബിയൂസ് മെത്രാപ്പോലിത്താ



ഇന്റർനാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എയ്റോസ്പേസ് എഞ്ചിനിയറിംഗ് ആന്റ് മാനേജ്മെന്റിൽനിന്നും പി.എച്ച്.ഡി. കരസ്ഥമാക്കിയ ഗ്രൂപ്പ് ക്യാപ്റ്റൻ പീറ്റർ രാമനാട്ട്. കോതമംഗലം ഇടവകാംഗമായ ബഹു. പീറ്റർ രാമനാട്ടച്ചന്റെ കൊച്ചുമകനായ ശ്രീ. പീറ്റർ രാമനാട്ടിന് തിരുവല്ല അതിഭദ്രാസനത്തിന്റെ അഭിനന്ദനങ്ങൾ.



www.malankaralibrary.com



അയിരൂർ സെന്റ് പാട്രിക് ദൈവാലയത്തിൽ നടന്ന ഓശാന പ്രദക്ഷിണത്തിന്
അതിഭദ്രാസനാദ്ധ്യക്ഷൻ തോമസ് മാർ കൂറിലോസ് മെത്രാപ്പോലിത്ത നേതൃത്വം നൽകുന്നു.



കേരള കാത്തലിക് ടീച്ചേഴ്സ് ഗിൽഡ് തിരുവല്ല അതിഭദ്രാസനത്തിന്റെ ആഭിമുഖ്യത്തിൽ സെന്റ് ജോൺസ് കത്തീഡ്രൽഹാളിൽ നടന്ന യാത്രയയപ്പ്–അനുമോദന സമ്മേളനത്തിന്റെ ഉദ്ഘാടനം മാവേലിക്കര ഭദ്രാസനാദ്ധ്യക്ഷൻ ഡോ. ജോഷ്വാ മാർ ഇഗ്നാത്തിയോസ് മെത്രാപ്പോലീത്താ നിർവ്വഹിക്കുന്നു. കോർപ്പറേറ്റ് മാനേജർ ഫാ. മാത്യു പുനക്കുളം, ജോസഫ് സി. ജോർജ്, റോബിൻ മാത്യു, പ്രമോദ് പി.എം, ജെസി മൈക്കിൾ, മെൻസി വർഗീസ്, കെ. കെ. കുര്യൻ, ഷാജി മാത്യു കുളിയാത്ത്, ഫാ. ജോൺ തോമസ് കണ്ടത്തിങ്കൽ എന്നിവർ സമീപം.



സെന്റ് ജോൺസ് മെത്രാപ്പോലിത്തൻ കത്തീഡ്രലിൽ മലങ്കര കാത്തലിക് മദേഴ്സ് ഫോറത്തിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച അതിഭദ്രാസന മാതൃസംഗമത്തിന്റെ ഉദ്ഘാടനം തോമസ് മാർ കൂറിലോസ് മെത്രാപ്പോലിത്താ നിർവ്വഹിക്കുന്നു. അതിഭദ്രാസന ഡയറക്ടർ ഫാ. തോമസ് തൈക്കാട്ട്, മേഖലാ വികാരി ഫാ. ഡോ. ഐസക് പറപ്പള്ളിൽ, സി. സെറീനാ എസ്.ഐ.സി., പ്രസിഡന്റ് ലീലാമ്മ ബാബു, സെക്രട്ടറി ജെസി ജെയിംസ്, ശ്രീമതി ജോളി യോഹന്നാൻ, സി. ഷീബ ഒ.എസ്.എസ്. എന്നിവർ സമീപം.



www.malankaralibrary.com

# ഏപ്രിൽ 11, 12 തീയതികളിലായി മൂറോൻകൂദാശ ചെയ്യപ്പെട്ട തെള്ളിയൂർ സെന്റ് ഫ്രാൻസിസ് സേവ്യർ മലങ്കര കത്തോലിക്കാ ദൈവാലയം






തെള്ളിയൂർ സെന്റ് ഫ്രാൻസിസ് സേവ്യർ മലങ്കര സുറിയാനി കത്തോലിക്കാപള്ളിയുടെ മൂറോൻകൂദാശയോടനുബന്ധിച്ച് നടന്ന പൊതുസമ്മേളനം ഡോ. തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലിത്താ ഉദ്ഘാടനം ചെയ്യുന്നു.
മേജർ ആർച്ചുബിഷപ്പ് കർദ്ദിനാൾ ബസേലിയോസ് ക്ലീമീസ് കാതോലിക്കാബാവാ, അതിഭദ്രാസനാദ്ധ്യക്ഷൻ തോമസ് മാർ കൂറിലോസ് മെത്രാപ്പോലിത്താ, അമ്മാളുകുട്ടി മാത്യൂസ്, വികാരി ഫാ. ജോർജ് തേക്കടയിൽ, ഫാ. ജോൺ തോമസ് കണ്ടത്തിങ്കൽ, എബി ഏബ്രഹാം, കെ.എ.തോമസ്, എ.വി. ജോസഫ്, റോഷൻ മാത്യൂസ് എന്നിവർ സമീപം.




www.malankaralibrary.com



സെന്റ് ജോൺസ് മെത്രാപ്പോലിത്തൻ കത്തീഡ്രൽ ഇടവകാംഗം കന്യാകോണിൽ അരുൺ വർഗീസിന്റെയും സോണിയുടെയും മകൻ ആഞ്ജലോ വർഗീസിന്റെ മാമോദീസായ്ക്ക് അഭിവന്ദ്യ തോമസ് മാർ കൂറിലോസ് മെത്രാപ്പോലിത്താ മുഖ്യ കാർമ്മികത്വം വഹിച്ചു.



ഫിലാഡൽഫിയ സെന്റ് ജൂഡ് മലങ്കര സുറിയാനി കത്തോലിക്ക ഇടവക മണ്ണാച്ചേരിൽ ജോസഫ് മത്തായി–ബീന ജോസഫ് മകൻ ജിഥുൻ ജോസഫും, തോപ്പുംപടി സെന്റ് സെബാസ്റ്റ്യൻസ് ഇടവക കളരിയ്ക്കൽ കെ.എ.ജോർജ്–മറിയാമ്മ ജോർജ് മകൾ ദിനീഷയും തമ്മിലുള്ള വിവാഹം സെന്റ് ജോൺസ് കത്തീഡ്രലിൽ അഭി.തോമസ് മാർ കൂറിലോസ് മെത്രാപ്പോലീത്ത ആശീർവദിച്ചു.


www.malankaralibrary.com

Date of Publication : 01.05.2021
Price : ₹10/-

AIKYADEEPAM MONTHLY
Marygiri, Tiruvalla, Kerala
Ph : 0469-2600626, Fax : 0469-2600822

R.N.I. 35982/80
May 2021




Printed and Published by Fr. Thomas Kodinattukunnel, Published from Marygiri, Archbishop's House, Tiruvalla, Kerala
and Printed at Mangalam Web Media, Kottayam, Kerala, Chief Editor : Rev. Dr. Isaac Parappallil

www.malankaralibrary.com